www.malankaralibrary.com

SINCE 1976


# ഐക്യദീപം
# AIKYADEEPAM

മാർച്ച് 2024



ധന്യൻ ആർച്ചുബിഷപ്പ്
ഗീവർഗീസ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്താ

www.malankaralibrary.com




PUSHPAGIRI
MEDICAL COLLEGE HOSPITAL

www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 55 ലക്കം 3 2024 മാർച്ച് ₹ 10



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462


മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ,
റവ. സി. അലീന എസ്.ഐ.സി., ലൈജു കോശി മാത്യു,
ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents



ഫാ. ഡോ. എബ്രഹാം ഇരിമ്പിനിക്കൽ



ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്



ഫാ. ചെറിയാൻ താഴമൺ



ബേബിച്ചൻ തെക്കേടത്ത്


4 എഡിറ്റോറിയൽ
5 ഇടയശബ്ദം

27. കുരിശിന്റെ വഴി, ഒരു പഠനം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ


### സ്ഥിരം പംക്തികൾ


31. ആരോഗ്യം
ഡോ. എസ്. വിജയലക്ഷ്മി
36. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്
38. ഹോമിയോപ്പതി
സി. ഡോ. ഐറിൻ SIC
41. ജാലകം
മെർലിൻ റ്റി. മാത്യു
42. ബാലദീപം
ഡോ. ബാബു ഫിലിപ്പ്
48. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

# എഡിറ്റോറിയൽ

Editorial

# അവൻ ആണികൾ തിരഞ്ഞെടുത്തു

സ്നേഹത്തിന്റെ ചില തിരുമുറിവുകൾ നീ കാണണം... ആ മുറിവുകളുടെ ആഴം സ്നേഹത്തിന്റെ ആഴമാണ് ..അവൻ നിനക്കായ് ആണികൾ തിരഞ്ഞെടുത്തു...അതിനായി നിന്റെ കരങ്ങളിൽ ഇനി മുറിവേൽക്കുകയില്ല... അവൻ മുൾമുടി അണിഞ്ഞു...അതിനാൽ നിന്റെ ശിരസ്സ് ഉയർന്നു തന്നെ നിൽക്കും. അവൻ നിനക്കായി മരിച്ചു അതിനാൽ നീ ജീവിക്കും. മരണത്തിൽ നിന്നും ഉത്ഥാനം ചെയ്യാതിരിക്കാൻ ആവില്ല എന്നതാണ് യേശുസ്നേഹം... അതിന്റ പേരാണ് ഉയിർപ്പ്.

തിരഞ്ഞിറങ്ങുന്നതാണ് സ്നേഹം... തിരഞ്ഞു നടക്കുന്നതാണ് സ്നേഹം...തിരികെ എത്തുവോളം തേടി പോകുന്നതാണ് സ്നേഹം. തിരിച്ചെത്തുവോളം കാത്തിരിക്കുന്നതാണ് സ്നേഹം.

തന്റെ മരണം മൂലം ചുറ്റുമുണ്ടായിരുന്നവർ തളർന്നു പോയെങ്കിൽ, തന്റെ ഉയർപ്പിനാൽ അവരെ അവിടുന്ന് ശക്തിപ്പെടുത്തി. തിരിച്ചു പോയവരെ തിരികെ കൊണ്ടുവന്നു... അവിശ്വസിച്ചവരെ വിശ്വാസത്തിൽ ഉറപ്പിച്ചു. ഇനിയും നിങ്ങൾ അനാഥരല്ല എന്ന ബോധ്യമവർക്ക് നൽകി. മറ്റൊരു സഹായകൻ വരുമെന്ന് പറഞ്ഞ് കാത്തിരിക്കുവാൻ അവരെ പഠിപ്പിച്ചു. കാരണം അനാഥമാക്കി പോകാൻ സാധിക്കാത്ത അവസ്ഥയല്ലേ സ്നേഹം.

നീ ഇന്ന് അകലെയാണോ ... എങ്കിൽ അരികിൽ വരൂ. നീ ഇന്ന് അവിശ്വാസത്തിലാണോ എങ്കിൽ വിശ്വാസം നിന്നിൽ നിറയട്ടെ... നിന്നിൽ സ്നേഹം തണുത്തുറഞ്ഞുപോയോ എങ്കിൽ നീ അതിനെ ആളിക്കത്തിക്കൂ... ഈ ഉത്ഥാന തിരുനാളിൽ മനസ്സിൽ മന്ത്രം പോലെ മുഴങ്ങട്ടെ. 'അവൻ സത്യമായും ഉത്ഥാനം ചെയ്തു'.

www.malankaralibrary.com

## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)



# ഉത്ഥാനമെന്ന ഏറ്റവും വലിയ സത്യം

സ്വാർത്ഥതകൊണ്ടും താൻപോരിമകൊണ്ടും പൊതുസമൂഹം ഏറെ ദുർബലമാക്കപ്പെട്ടിരിക്കുന്നു. എഴുത്തുകാരനും പരിശീലകനുമായ മിത്രാ ഷാഹിദി എന്ന വ്യക്തിയുടെ ഒരു സന്ദേശം കേൾക്കുവാനിടയായി. വളരെ അസൂയാവഹമായ രീതിയിൽ ബിസിനസ്സിൽ വിജയിച്ച ഒരു സ്ത്രീയോട് അവരുടെ വിജയത്തെപ്പറ്റി അദ്ദേഹം ചോദിച്ചപ്പോൾ പറഞ്ഞ കാര്യമായിരുന്നു അത്. അവർ പറഞ്ഞു ഞാൻ ജീവിതത്തിൽ വിജയിച്ചു തുടങ്ങിയത് നിസ്സാര പോരാളികൾക്കായി ചെറിയ വഴക്കുകളും എതിർപ്പുകളും വിട്ടുകൊടുത്തതുമുതലാണ്. എന്നെക്കുറിച്ച് അപവാദം പറയുന്നവരോട് യുദ്ധം ചെയ്യുന്നത് ഞാൻ നിർത്തിയതുമുതലാണ്. എന്റെ ബന്ധുക്കളുമായുള്ള വഴക്കുകളും പിണക്കങ്ങളും ഞാൻ നിർത്തി. ശ്രദ്ധിക്കപ്പെടുന്നതിനുള്ള എന്റെ അമിതമായ പോരാട്ടം ഞാൻ നിർത്തി. ആളുകൾക്ക് എന്നെക്കുറിച്ചുള്ള പ്രതീക്ഷകൾ പൂവണിയിക്കുവാനുള്ള എന്റെ അമിതാവേശം ഞാൻ നിർത്തി. ഞാൻ ശരിയാണെന്ന് സ്ഥാപിച്ചെടുക്കുവാനുള്ള എന്റെ പോരാട്ടം അവസാനിപ്പിച്ചു. പൊരുതുവാൻ മറ്റൊന്നുമില്ലാത്തവർക്കായി ഞാൻ ഇവയെല്ലാം ഉപേക്ഷിച്ചു. എന്നാൽ എന്റെ മൂല്യങ്ങൾ, കാഴ്ച്ചപ്പാടുകൾ, സ്വപ്നങ്ങൾ, ആശയങ്ങൾ, എന്റെ ഭാഗധേയം ഇവയ്ക്കുവേണ്ടി ഞാൻ പോരാടാൻ തുടങ്ങി. ഞാൻ കൂടുതൽ ഗൗരവമുള്ള വ്യക്തിയായി എനിക്കുതന്നെ അനുഭവപ്പെട്ടു. ചില പോരാട്ടങ്ങളും വഴക്കുകളും നമ്മുടെ ജീവിതത്തിനൊന്നും തരില്ല എന്നുമാത്രമല്ല അവ നമുക്ക് നഷ്ടമേ വരുത്തുകയുള്ളു. നാം എന്തിനായി പൊരുതുന്നു എന്ന് ചിന്തിക്കുക.

ഏറെ ചിന്തോദീപകമായ ഒരു സന്ദേശമാണ് ഇതെന്ന് നമുക്കറിയാം. ഈ കാലഘട്ടത്തിനാവശ്യമായ ഒരു തിരുത്തൽ സൂചനയുമാണ്. യേശുക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുന്ന ഈ വേളയിൽ കർത്താവിന്റെ ജീവിതം ഇതുപോലെയായിരുന്നു എന്ന് നമുക്ക് മനസ്സിലാവും. തന്നെ എതിർത്തവരെ എതിർക്കുകയല്ല, തന്നെ പീഡിപ്പിച്ചവരെ പീഡിപ്പിക്കുകയല്ല, ഒറ്റിക്കൊടുക്കുവാൻ വന്നവനെ സ്നേഹിതാ എന്ന് സംബോധന ചെയ്ത് ശത്രുതയുടെ മതിലുകൾ ഇടിച്ചുതകർത്തവനാണ് യേശുതമ്പുരാൻ. എതിർത്തവരെ പാഠം പഠിപ്പിച്ചേ ഉള്ളു എന്ന ചിന്തയൊന്നും യേശുനാഥനില്ല. സാധാരണഗതിയിൽ അന്യായമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തവരോട് പ്രതികാരം ചെയ്താണല്ലോ, മനുഷ്യർ വിജയം ആഘോഷിക്കുന്നത്. യേശുക്രിസ്തു ആവട്ടെ, എല്ലാവർക്കും തന്റെ ആണിപ്പഴുതിന്റെ പാടുകൾ കാണിച്ച് സമാധാനം നൽകുന്നു. ഈ

**യേശുക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുന്ന ഈ വേളയിൽ കർത്താവിന്റെ ജീവിതം ഇതുപോലെയായിരുന്നു എന്ന് നമുക്ക് മനസ്സിലാവും. തന്നെ എതിർത്തവരെ എതിർക്കുകയല്ല, തന്നെ പീഡിപ്പിച്ചവരെ പീഡിപ്പിക്കുകയല്ല, ഒറ്റിക്കൊടുക്കുവാൻ വന്നവനെ സ്നേഹിതാ എന്ന് സംബോധന ചെയ്ത് ശത്രുതയുടെ മതിലുകൾ ഇടിച്ചുതകർത്തവനാണ് യേശുതമ്പുരാൻ.**

www.malankaralibrary.com



കർത്താവിനെ നാം ഉയിർപ്പിൽ കണ്ടുമുട്ടുന്നു. പിറന്ന വീടിന്റെ വലിപ്പത്തിലൊ, ധരിക്കുന്ന വസ്ത്രത്തിന്റെ മോടിയിലൊ, സഞ്ചരിക്കുന്ന വാഹനത്തിന്റെ നൂതനത്വത്തിലൊ, ബാങ്കിലെ മിച്ചത്തിന്റെ കണക്കിലൊ അല്ല ജീവിതവിജയം. കല്ലറയിൽ അടച്ചാൽ എല്ലാം തീരും എന്നുവിചാരിക്കുന്നവർ പരിഭ്രാന്തരാകുന്നത് നാം കാണുന്നുണ്ട്. ഉയിർത്തെഴുന്നേറ്റു എന്ന സത്യം ഉൾക്കൊള്ളുവാനുള്ള മടിയും ജാള്യതയും കൊണ്ട് പുതിയ കെട്ടുകഥകൾ മെനയുന്നതിനു ശ്രമിക്കുന്ന യഹൂദ നേതാക്കൾ. സത്യം ഒന്നേയുള്ളു അത് കെട്ടുകഥയല്ല, മറിച്ച് ജീവിതഗന്ധിയായ സത്യമാണ്. സത്യം ആരേയും കൂട്ടുപിടിച്ചല്ല ജയിക്കുന്നത്, അതിന്റെ ഉള്ളിലെ ശക്തിയാണ് അതിനെ വിജയിപ്പിക്കുന്നത്.

ഉത്ഥാനമാണ് ഏറ്റവും വലിയ സത്യം. ആ സത്യം എന്നും നിലനിൽക്കുന്നു, പരിവർത്തനത്തിന് തേരു തെളിക്കുന്നു. ഏതൊരു ജീവിതത്തിനും ഊർജവും ലക്ഷ്യബോധവും നൽകുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിലെ വളരെ നിർണ്ണായകശക്തിയാണ് ഈ പ്രത്യാശ. നാം ചെയ്യുന്നതൊക്കെ ഈ നന്മയുടെ ബലത്തിലാണ്. നാം കൃഷി ഇറക്കുന്നത്, മക്കളെ പഠിപ്പിക്കുവാൻ സ്കൂളിൽ വിടുന്നത്, അങ്ങനെയെല്ലാം. നാം ചെയ്യുന്നവയുടെ ഫലം യഥാസമയത്തുണ്ടാവും എന്ന പ്രതീക്ഷയാണ് നമ്മെ നയിക്കുന്നത്. അങ്ങനെ ഉത്ഥാനരഹസ്യം മനുഷ്യജീവിതത്തെ ആകമാനം ചൂഴ്ന്നുനിൽക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു. ഭൗതികതലത്തിലും ആത്മീകതലത്തിലും ഇതാണ് പ്രധാനപ്പെട്ടത്.

നമ്മെ വരാനിരിക്കുന്ന ലോകത്തിന്റെ അവകാശികളാക്കുന്ന സംഭവമാണ് ഉയിർപ്പ്. നമ്മുടെ പാപങ്ങളും കുറവുകളും കർത്താവ് സ്വയം ഏറ്റെടുക്കുകയും ഉത്ഥാനത്തിലൂടെ പിതാവായ ദൈവം അതിനെല്ലാം നീക്കുപോക്കുണ്ടാക്കുകയും ചെയ്തു. നമ്മെ നമ്മിൽ നിന്നും സഹോദരങ്ങളിൽ നിന്നും ദൈവത്തിൽ നിന്നും അകറ്റുന്നത് പാപമാണല്ലൊ. കുരിശുമരണത്തിലൂടെ യേശുനാഥൻ അത് പരിഹരിക്കുകയും ഉത്ഥാനത്താൽ മനുഷ്യനെ പിതാവുമായി സംയോജിപ്പിക്കുകയും ചെയ്തു.

ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽ ശാന്തിപകരുന്ന സത്യമാണ് യേശുനാഥന്റെ ഉത്ഥാനം. അതുപോലെ മനുഷ്യനെ അസ്വസ്ഥപ്പെടുത്തുന്ന മേഖലകളിൽ ഉത്ഥാനമാണ് ശക്തീകരിക്കുന്ന ഘടകം. നമുക്ക് ശക്തിതരുന്നു, അതിജീവിതത്തിനുള്ള കരുത്തുപകരുന്നു, പ്രതിസന്ധികളെ അഭിമുഖികരിച്ച് വിജയം നേടാൻ നമുക്ക് പ്രാപ്തി തരുന്നു. പരാജിതരായിട്ടല്ല വിജയികളായി ആയി



നാം ജീവിക്കണം. കർത്താവ് നമ്മോടുകൂടെയെങ്കിൽ ആര് നമുക്ക് എതിരുനിൽക്കും. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ വായിക്കുന്നതുപോലെ 'എത്ര മുഴം ആഴി ഉയർന്നു പൊങ്ങിയാലും' നമ്മുടെ ദൈവത്തിന്റെ കരങ്ങൾ രക്ഷിക്കുന്നതിന് കുറിയതാകില്ല. ആഴിയിൽ നൃത്തമാടുന്ന ചെറുപ്പക്കാരെ കണ്ട് തീ കൂട്ടിയ നബുക്കദ്നേസർ ഭയവിഹ്വലനായി. അതെ, ദൈവം നമ്മുടെ നാഥനാണ് അവിടുന്ന് നമ്മെ രക്ഷിക്കും. ചിലപ്പൊഴൊക്കെ ശത്രു ജയിക്കുന്നതുപോലെ തോന്നാം. എന്നാൽ അത് അണയുന്നതിനു മുമ്പുള്ള അഗ്നിയുടെ ആളിക്കത്തലാണെന്ന് നാം അറിയണം.

www.malankaralibrary.com



ക്രൈസ്തവ സഹോദരങ്ങൾ ഏറെ വേദനയിലും അസ്വസ്ഥതയിലും കൂടി കടന്നുപോകുകയാണ്. പീഡനങ്ങളുടെ കദനകഥകൾ ധാരാളം ഉണ്ടാകുന്നു. പീഡനത്തിലൂടെ ഭയത്തിന്റെ ഭൂതത്തെതുറന്നുവിടുന്നു. നന്മ ചെയ്യുന്നതിലും മറ്റുള്ളവരുടെ മാനുഷികമായ ആവശ്യങ്ങളിൽ സഹായിച്ചും ക്രൈസ്തവ സഹോദരങ്ങൾ സ്നേഹാരൂപി എല്ലായിടത്തും തെളിക്കുവാൻ ശ്രമിക്കുന്നു. ഇവിടെയെല്ലാം ശക്തിയും



> “
>
> **നിന്നെ ഞാൻ ഇത്രമാത്രം സ്നേഹിക്കുന്നു എന്ന് പറഞ്ഞ് യേശുനാഥൻ കരങ്ങൾ വിരിച്ച് കുരിശിൽ മരിച്ചു . അതെ, അവിടുത്തെ സ്നേഹം അവാച്യമാണ്. സങ്കല്പിക്കാവുന്നതിലും അപ്പുറമാണ്. ക്രൈസ്തവജീവിതത്തിന്റെ പൊരുൾ നാം ദൈവത്തെ എന്നതല്ല മറിച്ച് ദൈവം നമ്മെ എത്രയധികമായി സ്നേഹിക്കുന്നു എന്നതിലാണ്.**
>
> ”

ബലവും നൽകുന്നത് മരണത്തെ അതിജീവിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തുനാഥനാണ്. മനുഷ്യത്വത്തിലേക്കും യഥാർത്ഥ ദൈവീകതയിലേക്കും മനുഷ്യനെ ആനയിക്കേണ്ടതുണ്ട്. അത് അംഗബലം കൂട്ടുന്നതിനല്ല, മറിച്ച് പുളിമാവുപോലെ സമൂഹത്തെ ആകമാനം പുളിപ്പിക്കുവാനാണ്, സ്നേഹവും കരുണയും കൊണ്ട് സമൂഹത്തെ പുനർസൃഷ്ടിക്കുന്നതിനാണ്. ഇതാണ് നാം ചെയ്യേണ്ടത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥൻ അതിനു നമ്മെ സഹായിക്കട്ടെ.

യേശുനാഥന്റെ പീഡാസഹനം നമുക്ക് രക്ഷയ്ക്ക് കാരണമായി എന്ന് അറിയാമല്ലോ. അതെ, അവിടുന്ന് ദൈവമായിരുന്നു എങ്കിലും നമ്മുടെ രക്ഷയെ പ്രതി സ്വന്തശരീരത്തിൽ പീഡയേറ്റുമരിച്ചു. സഹനത്തിന്റെ ശക്തിയിലാണ് സ്നേഹത്തിന്റെ പാരമ്യം മനസ്സിലാക്കപ്പെടുക. “സ്നേഹിതനുവേണ്ടി ജീവൻ നൽകുന്നതിലും വലിയ സ്നേഹമില്ല” എന്നു പഠിപ്പിച്ചവൻ തന്നെയാണ് പാപികളായ നമുക്കുവേണ്ടി പീഡകൾ സഹിക്കുകയും കുരിശിൽ മരിക്കുകയും ചെയ്തത്. നിന്നെ ഞാൻ ഇത്രമാത്രം സ്നേഹിക്കുന്നു എന്ന് പറഞ്ഞ് “യേശുനാഥൻ കരങ്ങൾ വിരിച്ച് കുരിശിൽ മരിച്ചു”. അതെ, അവിടുത്തെ സ്നേഹം അവാച്യമാണ്. സങ്കല്പിക്കാവുന്നതിലും അപ്പുറമാണ്. ക്രൈസ്തവജീവിതത്തിന്റെ പൊരുൾ നാം ദൈവത്തെ എന്നതല്ല മറിച്ച് ദൈവം നമ്മെ എത്രയധികമായി സ്നേഹിക്കുന്നു എന്നതിലാണ്. ആ സ്നേഹത്തെ തിരിച്ചറിയുമ്പോൾ മനുഷ്യൻ ഒരു പുതുസൃഷ്ടിയായി മാറും. യേശുനാഥനേയും അവന്റെ സഭയേയും പീഡിപ്പിച്ചുനടന്ന സാവൂൾ പൗലോസായപ്പോൾ പറയുന്നു “കർത്താവിന്റെ സ്നേഹത്തിൽ നിന്നും ആർക്കെന്നെ വേർപിരിക്കാനാവും. ആപത്തിനോ, വാളിനോ, ഈ ലോകത്തിനോ, വരാനിരിക്കുന്നതിനോ, അധികാരങ്ങൾക്കോ, പ്രഭുത്വങ്ങൾക്കോ, ഒന്നിനും കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും എന്നെ അകറ്റാൻ കഴിയില്ല” (റോമ. 8:30). നമ്മുടെ ദൈനംദിന ജീവിതത്തിൽ സഹനം വളരെയധികം ഉണ്ട്. അവയെ നാം എങ്ങനെ കാണുന്നു എന്നും ഉൾക്കൊള്ളുന്നു എന്നതും പ്രധാനപ്പെട്ട കാര്യമാണ്. കർത്താവ് തന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നവരോട് പറഞ്ഞത് “തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് അവിടുത്തെ അനുഗമിക്കുവാനാണ്.” നമ്മുടെ ജീവിതത്തിൽ കുരിശിനോടുള്ള സമീപനം വിശ്വാസജീവിതത്തിന്റെ അളവുകോൽ തന്നെയാണ്. ദൈവകരങ്ങളിൽ നിന്നും നന്മ സ്വീകരിക്കുവാൻ ഇടയായി എങ്കിൽ, നമ്മുടെ ആത്യന്തിക നന്മയ്ക്കുവേണ്ടി അവിടുന്ന് അനുവദിക്കുന്ന കുരിശുകളും നാം ഉൾക്കൊള്ളേണ്ടതല്ലെ. മറ്റുള്ളവരുടെ വേദനകളും ഭാരങ്ങളും നാം വിലയിരുത്തുകയാണെങ്കിൽ നമ്മുടേത് എത്ര നിസ്സാരം എന്ന് തോന്നും. അത് സത്യമാണ്. നമ്മുടെ സഹനങ്ങളിൽ നാം നിരാശരാകരുത്. ജീവിതം ഇല്ലാതാക്കിയേക്കാം എന്നു ചിന്തിക്കരുത്. നമ്മുടെ കഴിവിന് അപ്പുറമായി ഒന്നും അവിടുന്ന് അനുവദിക്കുകയില്ല. ആവതുള്ളതുകൊണ്ടും, നാം സ്വീകരിക്കും എന്ന് വിശ്വാസമുള്ളതുകൊണ്ടുമാണ് അവിടുന്ന് ഇപ്രകാരം തിരഞ്ഞെടുക്കുന്നത്. ശരിക്കും “സഹനം ഒരു വിളിയാണ്” (ഫിലി. 1:29). ആയതിനാൽ നമ്മുടെ കരുണയുള്ള ദൈവം നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കായി അനുവദിക്കുന്ന സഹനം വിശ്വാസത്തോടെ ഏറ്റെടുക്കാം. ഈ നോമ്പിന്റെ ഏറ്റം ശ്രേഷ്ഠമായ ഒരു തലമാക്കി നമുക്കതിനെ ക്രമീകരിക്കാം.

●

www.malankaralibrary.com



**ഫാ. ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
സെക്രട്ടറി, കെ.സി.ബി.സി. മീഡിയ കമ്മീഷൻ

# സത്യമായും അവൻ ഉയിർത്തെഴുന്നേറ്റു

അപ്പോൾ അവർ അവരോട് പറഞ്ഞു, ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല ഉയിർപ്പിക്കപ്പെട്ടു (ലൂക്കാ 24:5). യോഹന്നാന്റെ സുവിശേഷം 20–ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള വാക്യങ്ങളിലും ശൂന്യമായ കല്ലറയുടെ പരിസരമാണ് ഉയിർപ്പുവാർത്തയുടെ തുടക്കം. സത്യമായും ക്രിസ്തു ഉയിർത്തുവെന്നത് കെട്ടുകഥയായി ശിഷ്യന്മാർക്കും ആദ്യം തോന്നി (ലൂക്കാ 24:11). Christos Anesti ("Christ is Risen!") ക്രിസ്തു ഉയിർത്തു; (Alithos Anesti) അവൻ സത്യമായും ഉയിർത്തു. സത്യമായും എന്നെടുത്ത് പറയുന്നതിന് കാരണമുണ്ട്. നമ്മുടെ പ്രത്യാശ വെറുമൊരു തോന്നലല്ല, ഒരു മായക്കാഴ്ചയല്ല. അത് സത്യമാണ്. സത്യം തിരിച്ചറിഞ്ഞവർ അത് പറയാൻ ഓടുന്നു (മത്തായി 28:8, യോഹന്നാൻ 20:2, ലൂക്കാ 24:33, യോഹന്നാൻ 21:7) നമ്മുടെ ഉയിർപ്പിന്റെ ആരാധനയിൽ 'അവൻ സത്യമായും ഉയിർത്തു' എന്ന് പ്രഘോഷിക്കുന്നതിന്റെ സാംഗത്യം മനുഷ്യജീവിതത്തെ മുന്നിൽകണ്ടാണ്. സത്യമായും ഉയിർത്തെഴുന്നേറ്റ ദൈവപുത്രൻ ആരാധനയിൽ പങ്കെടുക്കുന്നവരുടെ ശക്തിയും അഭയകേന്ദ്രവുമാണ്. പള്ളിക്കകത്തും പുറത്തും വിശ്വാസിയെ ശക്തനാക്കാൻ ഈ പ്രാർത്ഥനയ്ക്ക് കഴിയും.

"The greatest sin is not to believe in the power of resurrection" (St. Isaac of Nineveh) ഏഴാം നൂറ്റാണ്ടിൽ ജീവിച്ച ഇദ്ദേഹം Isaac the Syrian എന്നും Isaac of Nineveh എന്നും അറിയപ്പെട്ടിരുന്നു. സുറിയാനി ക്രൈസ്തവ സാഹിത്യത്തിന്റെ സുവർണ്ണകാലത്ത് ജീവിച്ചയാളാണ് St. Isaac. 2023 ലെ ഈസ്റ്റർ സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പാ ഈ വിശുദ്ധന്റെ വചനങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

ഒരു ദിവസം ഏകദേശം 150000 പേർ മരിക്കുന്നു. 2023 ൽ 61 മില്യൺ ആളുകൾ മരിച്ചു, 134 മില്യൺ കുഞ്ഞുങ്ങൾ ജനിച്ചു. മരണത്തെ അതിജീവിക്കാൻ ജീൻ തെറാപ്പി വഴി ശതകോടീശ്വരന്മാർ പരിശ്രമങ്ങൾ നടത്തുകയാണ്. ' The God pill: Silicon Valley's quest for eternal life ' എന്ന ലേഖനം 2017 ൽ ദി ന്യൂയോർക്കറിൽ Tad Friend എഴുതിയിരുന്നു. അമരത്വം നേടാനുള്ള അന്വേഷണങ്ങളുടെ കഥയുണ്ടതിൽ. Altos labs, Calico ( California life company) ഇവ ആരോഗ്യം നിലനിർത്തിയുള്ള യവ്വനം കണ്ടെത്താൻ ശ്രമിക്കുന്ന ബയോ ടെക്നോളജി കമ്പനികളാണ്. മനുഷ്യകോശങ്ങളെ പുനർജീവിപ്പിച്ചു അസുഖത്തെയും വർദ്ധക്യത്തെയും മറികടക്കുകയാണ് ലക്ഷ്യം. ഗൂഗിൾ സ്ഥാപകരിൽ ഒരാളായ സെർജി ബ്രിൻ ആണ് Calico യുടെ പിന്നിൽ. 600 ദശലക്ഷം പൗണ്ടാണ് ഇതിന്റെ മുതൽ മുടക്ക്. അൾട്ടോസ് ലാബ്സ്ന് ആ പേര് വന്നത് അ



www.malankaralibrary.com

ത് കാലിഫോണിയയിലെ ലോസ് അൾട്ടോസിൽ സ്ഥിതി ചെയ്യുന്നതിനാലാണ്. നിത്യമായ ജീവിതം മോഹിക്കുന്ന ശതകോടിശ്വരന്മാരുടെ വഴികളിൽ ഇതൊക്കെയാണ് ഇപ്പോൾ മുൻപിൽ നിൽക്കുന്നത്.

**നമ്മുടെ ഉയിർപ്പിന്റെ ആരാധനയിൽ 'അവൻ സത്യമായും ഉയിർത്തു' എന്ന് പ്രഘോഷിക്കുന്നതിന്റെ സാംഗത്യം മനുഷ്യജീവിതത്തെ മുന്നിൽക്കണ്ടാണ്.**

മനുഷ്യജീവിതം നേരിടുന്ന പരമമായ വെല്ലുവിളി മരണമാണ്. ജീവിതത്തിന് ഒരന്ത്യമുണ്ടെന്നതിനെ തലമുറകളെ സൃഷ്ടിച്ച് അതിജീവിക്കാൻ ശ്രമിക്കുകയാണ് മനുഷ്യൻ. നല്ല ഓർമ്മകൾ ഇവിടെ നിലനിൽക്കുന്നു. നിത്യതയിലേക്ക് നീളുന്നതാവണം സ്നേഹമെന്നാണ് കാഴ്ചപ്പാട്. പക്ഷെ അവനവനിൽ നിത്യത കണ്ടെത്താൻ മനുഷ്യനാകില്ല. ഉയിർപ്പിനെ ഇത്തരമൊരു പരിസരത്തുനിന്നു വായിക്കണം. ഈ വിഷയം ബനഡിക്ട് പതിനാറാമൻ പാപ്പ 'Introduction to Christianity' യിൽ അവതരിപ്പിക്കുന്നു. മറ്റൊരാളിലൂടെയും ജീവിതകാലത്ത് നേടിയ ഖ്യാതിയിലൂടെയും തുടരാമെന്ന മനുഷ്യസങ്കല്പം പൂർണ്ണ അർത്ഥത്തിൽ മരണത്തെ അതിജീവിക്കാൻ പര്യാപ്തമല്ല. സ്നേഹമാണ് നിലനിൽക്കുന്നത്, മരണത്തെ അതിജീവിക്കാൻ കഴിവുള്ളതും. ക്രിസ്തു മരണത്തെ സത്യമായും അതിജീവിച്ച ദൈവപുത്രനാണ്. ഇത് ചരിത്രപരമായ സത്യമാണ്, അതിനപ്പുറം മനുഷ്യനു പ്രത്യാശ നല്കുന്നതും വിമോചിപ്പിക്കുന്നതുമാണ്. മരിച്ചവരിൽ നിന്നുള്ള ക്രിസ്തുവിന്റെ ഉയിർപ്പ് സത്യമായും മനുഷ്യന്റെ വിമോചന ഗീതമാകുന്നത് ഇത്തരം പശ്ചാത്തലത്തിലാണ്. മനുഷ്യരാശിയുടെ സമഗ്ര മേഖലയിലും ഈ സത്യം ദാർശനികമായ തിരുത്തൽ ആവശ്യപ്പെടുന്നു. സത്യമായും ഉയിർത്തെഴുന്നേറ്റ മനുഷ്യപുത്രനിലൂടെയാണ് മനുഷ്യരുടെ നിത്യജീവിതം.



സത്യമായും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സുവിശേഷം ലോകത്തിന്റെ അതിർത്തികൾ വരെ പ്രഘോഷിക്കാൻ ശിഷ്യന്മാർ തയ്യാറായി. അതായിരുന്നു അവർക്ക് ലഭിച്ച സുവിശേഷ ദൗത്യം (Mission Mandate). സംസ്കാരങ്ങളിൽ നിന്നും സ്വതന്ത്രമാണ് സുവിശേഷം. എല്ലാത്തരം സാംസ്കാരിക പാരമ്പര്യങ്ങളിലും ഇടപെടുന്നതിനും ഇഴചേരുന്നതിനും ക്രിസ്തുദർശനത്തിനു കഴിയും. വ്യത്യസ്ത സാംസ്കാരികധാരകളിൽ ഇടപെടാനും അവയെ പോഷിപ്പിക്കാനും തിരുത്താനും സുവിശേഷത്തിന് കഴിയണം. അന്ധകാരത്തിന്റെ ശക്തികളിൽ നിന്നും മനുഷ്യനെ വിമോചിപ്പിക്കാൻ സത്യത്തിന് സാധിക്കും. സത്യം മുറിവേറ്റ് പീലാത്തോസിന്റെ മുമ്പിൽ നിന്ന മനുഷ്യപുത്രനാണ്. വിമോചനത്തിന്റെ കരുത്തായ സത്യം മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാണ്. സംവാദത്തിലൂടെ ഇത് സംഭവിക്കണം. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിലേക്ക് ആരുടെയൊക്കെ ഹൃദയം തുറന്നാലും അത് സ്വാഗതാർഹമാണ് (Ad Gentes, 13).

വ്യക്തിയുടെ സ്വതന്ത്രമായ മതവിശ്വാസം അയാളുടെ അഭിമാനവുമായി ബന്ധപ്പെട്ടതാണ്. മതസ്വാതന്ത്ര്യത്തെക്കുറിച്ച് ആശങ്കവർദ്ധിക്കുന്ന സമകാല ഭാരതത്തിന്റെ പശ്ചാത്തലത്തിൽ 'Dignitatis Humanae' 1965 ൽ ഉയർത്തിയ കാഴ്ചപ്പാടിന് പ്രസക്തി വർദ്ധിക്കുന്നതേയുള്ളൂ. ആദിമക്രൈസ്തവരെ പീഡനത്തിനിരയാക്കിയ കാരണം ക്രിസ്തുവിൽ വിശ്വസിച്ചു എന്നത് മാത്രമല്ല. പരമ്പരാഗത ദൈവങ്ങളെ അവർ ആരാധിച്ചില്ല എന്നതുകൂടിയാണ്. എന്നുപറഞ്ഞാൽ ദേശത്തിന്റെ സുരക്ഷിതമായ സഞ്ചാരത്തിന് അത് ഭീഷണി ആയി ഭവിച്ചു എന്നതായിരുന്നു ആരോപണം. ഇവിടെ മനുഷ്യനെ പല തട്ടുകളിലായി കരുതുന്ന ജാതിബോധത്തെ ചുമക്കുന്ന സനാതനതത്ത്വങ്ങളുമായും കാലഹരണപ്പെട്ട മതാധികാരസങ്കല്പത്തിൽ പുരുഷനെയും സ്ത്രീയെയും അടിമയും

www.malankaralibrary.com



ഉടമയുമായി മാറ്റി നിർത്തുന്ന ഗോത്രശീലങ്ങളിൽ ഉത്ഭവിച്ച മതശാസനങ്ങളുമായും ക്രിസ്തുദർശനം സംവാദത്തിൽ ഏർപ്പെടണം, തിരുത്തലുകൾ വരുത്തണം. ഇത് ഉയിർത്തെഴുന്നേറ്റ ക്രിസ്തു നല്കുന്ന സാംസ്കാരിക ദൗത്യം (Cultural Mandate) ആണ്.

മതം മനുഷ്യനെ പരിവർത്തനവിധേയനാക്കണം. മനുഷ്യനെ മാത്രമല്ല മനുഷ്യർ നിർമ്മിക്കുന്ന സാമൂഹ്യവും സാംസ്കാരികവുമായ ധാരണകളിലും ഇടപാടുകളിലും ഇടപെടാനും മെച്ചപ്പെടുത്താനും മതത്തിനു കഴിയണം. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാത്തതും അപമാനവീകരിക്കുന്നതുമായ (dehumanizing) വസ്തുതകളെയും വിശ്വാസധാരകളെയും തിരുത്തണം. ക്രിസ്തുവാണ് സത്യസന്ധമായും ഇതിന്റെ മാനദണ്ഡം. സത്യമായും ഉയിർത്തെഴുന്നേറ്റ പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായ ക്രിസ്തുവാണ് മനുഷ്യവിമോചനത്തിന്റെ തിരുത്തൽ ശക്തി.



## മനുഷ്യപരിവർത്തനത്തിന്റെ കഥ

ശ്രീനാരായണഗുരുവിന്റെ ആദ്യ ശിഷ്യന്മാരിൽ ഒരാളായ സ്വാമി ജോൺ ധർമ്മതീർത്ഥരുടെ ജീവിതം മതം സ്വീകരിക്കുന്നതിന്റെ ഉദാഹരണമാണ്. സ്വതന്ത്രനായ ഒരു സത്യാന്വേഷിയുടെ തീർത്ഥാടന ചരിത്രം എന്നാണ് സി. ആർ. കേശവൻ വൈദ്യർ (ചന്ദ്രിക) സ്വാമി ജോൺ ധർമ്മതീർത്ഥരുടെ ആത്മകഥയ്ക്ക് ആമുഖം എഴുതിത്തുടങ്ങുന്നത്. ക്രിസ്ത്യൻ പണ്ഡിതരുമായി സ്വാമികൾ നടത്താറുള്ള ചർച്ചയാണ് ബൈബിൾ പഠിക്കാൻ തന്നെ പ്രേരിപ്പിച്ചത് എന്നും ഗുരുവിന്റെ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന സന്ദേശമാണ് ജ്ഞാനസ്നാനം ചെയ്യുവാൻ തനിക്കു ധൈര്യം നല്കിയത് എന്നും സ്വാമികൾ പറയുന്നു. കേശവൻ വൈദ്യർ തുടരുന്നു, "യേശുക്രിസ്തുവിന്റെ മഹത്തായ ത്യാഗവും ക്രിസ്ത്യൻ സഭകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ് സ്വാമികളെ ആകർഷിച്ചത്. ഗുരുവായൂരിനടുത്ത് ചാത്തനാട് എന്ന നായർ തറവാട്ടിൽ 1892 ൽ ജനിച്ച സ്വാമി മരിച്ചത് 1976 ലാണ്. ശ്രീനാരായണഗുരുവിന്റെ ജീവചരിത്രങ്ങളിലും ഗുരുവുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ചരിത്രങ്ങളിലും ഗുരു സ്ഥാപിച്ച സന്യാസി സംഘമായ ശ്രീ നാരായണ ധർമ്മ സംഘം രൂപീകരിക്കുന്നതിലും സ്വാമി ധർമ്മ തീർത്ഥർ പ്രധാന പങ്കു വഹിച്ചുവെന്ന് പി. ആർ. ശ്രീകുമാർ പുസ്തകത്തിന്റെ പുനഃപ്രസാധനം നടത്തിക്കൊണ്ട് എഡിറ്ററുടെ കുറിപ്പിലെഴുതുന്നു. താൻ ഉയർത്തിപ്പിടിക്കുന്ന ധർമ്മം പ്രചരിപ്പിക്കുവാൻ ഏറ്റവും സൗകര്യം ലഭിക്കുക ക്രിസ്തുമതത്തിലായിരിക്കും എന്നു സ്വാമിക്ക് തോന്നി. അങ്ങനെ അദ്ദേഹം സി.എം.എസ്. സഭയിൽ ചേർന്നു സ്വാമി ജോൺ ധർമ്മതീർത്ഥർ ആയി. കേശവൻ വൈദ്യർ എഴുതുന്നു, "തന്നെ സംബന്ധിച്ചിടത്തോളം ഈ മതപരിവർത്തനം തികച്ചും സ്വാഭാവികമായ ഒരു പരിണാമം മാത്രമായിരുന്നു എന്നദ്ദേഹം പറയുന്നു". ഭാരതപര്യടനത്തിനൊടുവിൽ അനുഭവങ്ങൾ ചേർത്ത് ഏഴുമാസത്തോളമെടുത്ത് എഴുതിയ Menace of Hindu Imperialism എന്ന പുസ്തകം ജാതി, വർഗ്ഗ, വർണ്ണ അടിസ്ഥാനത്തിൽ മനുഷ്യരെ പലതട്ടിലാക്കുന്ന മതദർശനത്തെ നിരാകരിക്കുന്നു.

## ക്രിസ്തുവിനെ അറിയുന്നതും സ്നേഹിക്കുന്നതും: ക്രിസ്തുമതം

ഡോ. അംബേദ്ക്കറുമായുള്ള സ്വാമി ധർമ്മതീർത്ഥരുടെ കൂടിക്കാഴ്ച ചരിത്രപരമാണ്. അയിത്തജാതിക്കാരുടെ അടിമത്തമവസാനിക്കാൻ ഏതു മതമാണ് എന്ന് അംബേദ്ക്കറും അനുയായികളും ആലോചിക്കുന്ന കാലത്താണത്. "നിങ്ങളെല്ലാവരും ക്രിസ്തുമതം സ്വീകരിക്കുന്നതായിരിക്കും ഏറ്റവും നല്ലത്" എന്നതായിരുന്നു സ്വാമി ധർമ്മതീർത്ഥരുടെ

www.malankaralibrary.com

ഉപദേശം. പത്രപ്രവർത്തകനായ പോത്തൻ ജോസഫിനോട് ഇക്കാര്യം സ്വാമി പറഞ്ഞിട്ടുണ്ട് എന്നും ആത്മകഥയിൽ പറയുന്നു. 1941 ഏപ്രിൽ മാസം തിരുവനന്തപുരത്തു ക്രൈസ്റ്റ് ചർച്ചിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. നിരവധി ഗ്രന്ഥങ്ങൾ ക്രൈസ്തവവിശ്വാസം സംബന്ധിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. 'ക്രിസ്തുയോഗം' എന്ന പുസ്തകം ആദ്യം ഇംഗ്ലീഷിൽ സ്വന്തമായി പ്രസിദ്ധപ്പെടുത്തി. പിന്നീട് അതിന്റെ മലയാളം തിരുവല്ലയിലെ ക്രൈസ്തവസാഹിത്യസംഘം പ്രസിദ്ധീകരിച്ചു. 'ഹിന്ദുമതവും ക്രിസ്തുമതവും', 'ക്രൈസ്തവസർവ്വോദയം', 'സർവ്വോദയ ജനാധിപത്യം', 'സ്വതന്ത്ര ഇന്ത്യ എങ്ങോട്ട്?' – തുടങ്ങി ധാരാളം ഗ്രന്ഥങ്ങൾ തുടർന്നു പുറത്തിറങ്ങി. ധർമ്മതീർത്ഥർ മതം മാറിയതുകൊണ്ട് ഹിന്ദുക്കളിൽനിന്ന് ഒരിക്കലും പ്രയാസം നേരിടുവാൻ ഇടയായിട്ടില്ല. പലപ്പോഴും അവരോടുകൂടി പരസ്യമായി പൊതുയോഗങ്ങളിൽ പങ്കെടുക്കുവാനും സാധിച്ചിട്ടുണ്ട് എന്ന് ആത്മകഥ സാക്ഷ്യപ്പെടുത്തുന്നു. 'ക്രിസ്തുവിനെ അറിയുന്നതും സ്നേഹിക്കുന്നതും തന്നെ ക്രിസ്തുമതം' എന്നാണ് ഹിന്ദുമതവും ക്രിസ്തുമതവും എന്ന ഗ്രന്ഥത്തിന്റെ മുഖചിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഭാരതത്തിലെ വിവിധ തരത്തിൽ അടിമത്തമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ മോചനത്തിന് ക്രിസ്തുവാണ് രക്ഷകനെന്ന് മനസ്സിലാക്കിയതാണ് സ്വാമി ജോൺ ധർമ്മതീർത്ഥരുടെ സത്യാന്വേഷണത്തിന്റെ ഫലം (ഒരു വിമത സന്യാസിയുടെ ആത്മകഥ, സ്വാമി ജോൺ ധർമ്മതീർത്ഥർ, എഡിറ്റർ പി. ആർ. ശ്രീകുമാർ).


മതം മാറിയശേഷം സ്വാമി ധർമ്മതീർത്ഥർ 1949 മെയ് 27 ന് മലയാള മനോരമയിൽ നല്കിയ പത്രപ്രസ്താവന അദ്ദേഹത്തിന്റെ ചിന്തകളെ വ്യക്തമാക്കുന്നുണ്ട്. "ദൈവം പിതാവും ജനങ്ങൾ സഹോദരങ്ങളും എന്ന ആദർശത്തിന്റെ ചിഹ്നമായിട്ടാണ് ക്രിസ്തുദേവനെ ഞാൻ ആരാധിക്കുന്നത്".

ദൈവത്തിലേക്ക് ഒരാൾ മനസ്സിനെ തിരിക്കുന്ന പ്രക്രിയ ദൈവശാസ്ത്രത്തിന്റെ വിഷയമാണ് (Avery Dulles). മതപരിവർത്തനം സംഭവിക്കുന്നതിന് ദൈവശാസ്ത്രത്തോടൊപ്പം സാമൂഹ്യമായ കാരണവും സാഹചര്യവും എപ്പോഴുമുണ്ടാകും. പൂർണ്ണമായ മനുഷ്യജീവിതം നയിക്കാൻ അഭിമാനവും അവകാശവും സകലമനുഷ്യർക്കും സാധ്യമാകണമെന്നത് സാമൂഹ്യമായ തലമാണ്. ഈ ബോധ്യത്തെ പണയപ്പെടുത്തുന്ന രാഷ്ട്രീയ-സാമൂഹ്യമായ കാഴ്ചപ്പാടുകൾ അംഗീകരിക്കാൻ കഴിയില്ല. അത് ക്രിസ്തീയമല്ല. അവിടെയാണ് സത്യമായും ക്രിസ്തുവിന്റെ ഉയിർപ്പിന് ഇന്ന് പ്രസക്തി വർദ്ധിക്കുന്നത്. സ്വാമി ജോൺ ധർമ്മതീർത്ഥരുടെ കഥ വിവരിച്ചത് ചരിത്രപരമായും സാമൂഹ്യമായും നമ്മുടെ നാട്ടിൽ ക്രിസ്തുദർശനത്തിന്റെ പ്രസക്തി വ്യക്തമാക്കാനാണ്. ക്രിസ്തുമതം ഇവിടെ ഒരു തിരുത്തൽ ശക്തികൂടിയാണ്. കാരണം ജാതി അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രീയം പിറകോട്ട് നടക്കുന്നതാണ് പുത്തൻ കാഴ്ച. സാമ്പത്തിക ശക്തികൾക്കും അധികാരകേന്ദ്രങ്ങൾക്കും മനുഷ്യവിമോചനം വിഷയമല്ലാതായി. പക്ഷെ ക്രിസ്തുദർശനം മനുഷ്യവിമോചനത്തിന്റെ ശക്തിയായി തുടർന്നേ പറ്റു. പരമ്പരാഗതമായി നാടുകളിലും സംസ്കാരത്തിലും പിൻതുടർന്നു വരുന്ന ദൈവസങ്കല്പത്തിലേക്കും അതിന്റെ താത്ത്വിക ദൈവശാസ്ത്ര സങ്കല്പങ്ങളിലേക്കും ക്രിസ്തു ദർശനത്തെയും പരുവപ്പെടുത്തി പറയുന്നത് ക്രിസ്തുവിലെ മനുഷ്യവിമോചന ശക്തിയെ മയപ്പെടുത്താനാണ്. വളരെ കണിശമായും കൃത്യമായും സുവിശേഷം ജനതകളുടെ വിമോചനത്തിനുള്ള രാസത്വരകമാകണം. സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് പറയുന്നതും പ്രാർത്ഥിക്കുന്നതും മനുഷ്യവിമോചനത്തിന്റെ ക്രിസ്തുഗാഥയാണ്. മനുഷ്യനെ മനുഷ്യനല്ലാതാക്കി പരിമിതപ്പെടുത്തുന്ന സകല ശക്തികളെയും പ്രതിരോധിക്കാൻ ഉയിർത്തെഴുന്നേല്പിന്റെ സദ്വാർത്ത പര്യാപ്തമാണ്. ●



## നാമഹേതുകത്തിരുന്നാൾ

**മാർച്ച് 18**



**തിരുവല്ലാ അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**

www.malankaralibrary.com




ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

# ഉയിർപ്പിന്റെ വെളിച്ചം

ക്രിസ്തീയ വിശ്വാസ പ്രബോധനങ്ങളിൽ യേശുവിന്റെ ഉയിർപ്പിനുള്ള സ്ഥാനം അഗ്രഗണ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമാണിത്. *യേശു സത്യമായും ഉയിർത്തെഴുന്നേറ്റു* എന്നതാണ് സുവിശേഷങ്ങളിൽ മുഴങ്ങുന്ന ഉയിർപ്പിന്റെ അതിശക്തമായ ആഹ്വാനം. ഉയിർപ്പിന്റെ വെളിച്ചമാണ്, ഒഴിഞ്ഞ കല്ലറയും യേശുവിന്റെ പ്രത്യക്ഷതയും. ഉയിർപ്പിന്റെ പ്രത്യക്ഷ വിവരണങ്ങളിൽ വെളിച്ചത്തിന്റെ സാന്നിദ്ധ്യം സജീവമാണ്. ഇത് ജീവന്റെയും പ്രത്യാശയുടെയും അടയാളവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമാണ്.

പുതിയ ജീവന്റെയും മഹത്ത്വീകരണത്തിന്റെയും അടിസ്ഥാനവും യേശുവിന്റെ ഉയിർപ്പാണ്. ആദിമസഭയുടെ പ്രബോധനങ്ങളിലും പുതിയ നിയമ ലേഖനങ്ങളിലും പ്രതിഫലിക്കുന്നത് യേശു ഉയിർത്തതിന്റെ കാഴ്ചപ്പാടാണ്. യേശുവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ പരസ്പരം ബന്ധിതമാണ്. ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു എന്നും (റോമ 4:25, 8:11, 10:9, 1 കൊരി. 6:14, 2 കൊരി. 4:14, ഗലാ. 1:1, 1 തെസ്സ. 1:10) തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നുമുള്ളത് (1 കൊരി. 15:4, 1 തെസ്സ 4:14, 1 പത്രോ. 3:18) വിശ്വാസ പ്രബോധനത്തിന്റെ മാർഗ്ഗരേഖയാണ്.

യേശു മരിക്കുകയും മൂന്നാം നാൾ ഉയിർക്കുകയും ചെയ്യുമെന്ന് മുൻകൂട്ടി പ്രവചിച്ചിരുന്നു (മർക്കോ 8:31, 9:31, 10:34). യോനായുടെ അടയാളവും (മത്താ 12:40) യറുശലേമിന്റെ പുനരുത്ഥാനവും (യോഹ. 2:19) വിത്തിൽ നിന്നുള്ള പുതുജീവനും (1 കൊരി 15:35-44) ഉയിർപ്പിന്റെ പ്രതീകങ്ങളാണ്. യേശുവിന്റെ ഉയിർപ്പിന്റെ ദീർഘ വിവരണങ്ങളും തെളിവുകളും



www.malankaralibrary.com




സുവിശേഷങ്ങളിലുണ്ട്. ശൂന്യമായ കല്ലറയും (മത്താ 28:1-18, യോഹ. 20:1-10) ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷതയും (മത്താ 28:16-20, ലൂക്കോ 24:13-53, മർക്കോ 16:9-18) അഞ്ഞൂറിൽ അധികം സഹോദരന്മാർക്ക് ഒരുമിച്ച് പ്രത്യക്ഷനായി എന്ന പൗലോസിന്റെ വ്യാഖ്യാനവും (1 കൊരി 15:5-6) ഉയിർപ്പിന്റെ നേർക്കാഴ്ചകളാണ്.

ക്രൂശിക്കപ്പെട്ട യേശുവിനെ സംസ്കരിക്കുന്നത് സ്ത്രീകൾ നേരിട്ട് കണ്ടതാണ് (മത്താ. 27:59-61, മർക്കോ15:47, ലൂക്കോ 23:55). യേശു ഉയിർക്കും എന്ന് യഹൂദർ ഭയന്നതിനാൽ കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി (മത്താ. 27:62-66). സുഗന്ധദ്രവ്യങ്ങളുമായി യേശുവിന്റെ കല്ലറയ്ക്കൽ സ്ത്രീകൾ എത്തുമ്പോൾ (മർക്കോ 16:1, ലൂക്കോ 24:1), കല്ലറയുടെ വാതുക്കൽ വച്ച കല്ല് 'മാറ്റപ്പെട്ടതായി' കാണുന്നു. അവർ നോക്കിയപ്പോൾ കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു (മർക്കോ. 16:4) എന്നും കല്ലറയിൽ നിന്ന് കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു എന്നും (ലൂക്കോ 24:2) എഴുതിയിരിക്കുന്നു. എന്നാൽ മത്തായിയുടെ വിവരണപ്രകാരം സ്ത്രീകളുടെ സാന്നിദ്ധ്യത്തിലാണ് ദൈവദൂതൻ കല്ല് ഉരുട്ടിനീക്കുന്നത് (മത്ത 28:2). ഉയിർപ്പിന്റെ സമയത്ത് ഭൂകമ്പവും ഉണ്ടായി (മത്താ. 28:2-4). വ്യത്യസ്ത സാഹചര്യങ്ങളിലും വീക്ഷണങ്ങളിലും സുവിശേഷ രചന നടന്നതിനാൽ ഇത്തരം വ്യത്യാസങ്ങൾ സ്വാഭാവികമെങ്കിലും ഉയിർപ്പിന്റെ അടിസ്ഥാന ദർശനങ്ങൾക്ക് ഐക്യമുണ്ട്. യേശു ക്രൂശിതനായി, മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നും അതിന്റെ അടയാളമാണ് *ശൂന്യമായ കല്ലറ* എന്നും സുവിശേഷങ്ങൾ സാക്ഷിക്കുന്നു.



**ക്രിസ്തീയ വിശ്വാസ പ്രബോധനങ്ങളിൽ യേശുവിന്റെ ഉയിർപ്പിനുള്ള സ്ഥാനം അഗ്രഗണ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമാണിത്. പുതിയ ജീവന്റെയും മഹത്ത്വീകരണത്തിന്റെയും അടിസ്ഥാനവും യേശുവിന്റെ ഉയിർപ്പാണ്. ആദിമസഭയുടെ പ്രബോധനങ്ങളിലും പുതിയ നിയമ ലേഖനങ്ങളിലും പ്രതിഫലിക്കുന്നത് യേശു ഉയിർത്തതിന്റെ കാഴ്ചപ്പാടാണ്.**

ഒഴിഞ്ഞ കല്ലറ ആദ്യമായി കണ്ടെത്തുന്നത് യേശുവിനെ പിൻതുടർന്ന സ്ത്രീകളാണ് (മത്താ 28:1-2, മർക്കോ. 16:4, ലൂക്കോ 24:2). യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള ദൃക്സാക്ഷി വിവരണങ്ങളിൽ മർക്കോസ്, *ബാല്യക്കാരൻ* എന്നും (16:5), ലൂക്കോസ്, *രണ്ട് പുരുഷന്മാർ* എന്നും (24:4) വിവരിക്കുമ്പോൾ യോഹന്നാൻ, *രണ്ട് ദൂതന്മാർ* (20:12) എന്നാണ് രേഖപ്പെടുത്തിയത്. പത്രോസും യോഹന്നാനും ഒഴിഞ്ഞ കല്ലറക്കുള്ളിൽ കടന്ന് കല്ലറ ശൂന്യമാണെന്ന് തിരിച്ചറിയുന്നു (യോഹ. 20:3-8). ശൂന്യമായ കല്ലറയ്ക്ക് എതിരെ വ്യാഖ്യാനങ്ങൾ അക്കാലത്ത് പ്രചരിച്ചിരുന്നു. കാവൽക്കാർക്ക് പണം നൽകി പറയിച്ചതായിരുന്നു (മത്താ. 28:11-25) എന്നും കല്ലറയിൽ നിന്നും യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോയി (യോഹ. 20:13, 15) എന്നും സന്ദേഹിക്കുന്നുണ്ട്. എന്നാൽ ശൂന്യമായ കല്ലറയുടെ പ്രാധാന്യം പെന്തിക്കോസ്തിയിൽ പത്രോസ് സങ്കീർത്തനം (16:10-11) ഉദ്ധരിച്ച് സവിസ്തരം വ്യാഖ്യാനിക്കുന്നു (അപ്പോ. പ്രവൃ. 2:26-28).

പുതിയ നിയമ വിവരണങ്ങൾ പ്രകാരം യേശുവിന്റെ പന്ത്രണ്ടു പ്രത്യക്ഷത രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ പ്രധാനം യേശു ആദ്യം സ്ത്രീ

www.malankaralibrary.com



കൾക്കും (മത്ത 28:9-10) മഗ്ദല മറിയത്തിനും പ്രത്യക്ഷപ്പെട്ട താണ് (യോഹ. 20:11-18). പത്രോസിനും (ലൂക്കോ 24:34, 1 കൊരി 15:5), യാക്കോബിനും (1കൊരി 15:7) പൗലോസിനും (1 കൊരി. 15:8, അപ്പോ. 2:1-9, 22:6-16, 26:12-18) എമ്മാവൂസിലേക്കു പോയ രണ്ട് ശിഷ്യന്മാർക്കും (ലൂക്കോ 24:13-31) യേശു പ്രത്യക്ഷനായി. തോമാശ്ലീഹായുടെ അസാന്നിധ്യത്തിലും (യോഹ. 20:19-23), തോമാശ്ലീഹായുടെ സാന്നിധ്യത്തിലും യോഹ. 20:24-29), തിബേരിയോസിന്റെ തീരത്തുവച്ചും (യോഹ. 21:1-14) ഗലീലയിൽ വച്ചും (മത്താ. 28:16-21) യേശു ശിഷ്യർക്ക് പ്രത്യക്ഷനായി. എല്ലാ ശിഷ്യന്മാർക്കും (1 കൊരി. 15:7) അഞ്ഞൂറോളം സഹോദരന്മാർക്കും (1 കൊരി 15:6) യേശു പ്രത്യക്ഷപ്പെട്ടു എന്നാണ് പൗലോസിന്റെ സാക്ഷ്യം.

**ഉയിർത്തെഴുന്നേറ്റ യേശുവിനെയും ശിഷ്യർ ആദ്യം നേരിൽ കണ്ടതും *മൂന്നാം നാൾ* ആണ്. ക്രിസ്തു സാന്നിദ്ധ്യത്തിന്റെ വഴിത്തിരിവാണിത്.**

യേശുവിന്റെ പ്രത്യക്ഷതയുടെ സാംഖിയത അപ്രസക്തമാണ്. ഉയിർത്തെഴുന്നേറ്റ യേശു ഗലീലയിലും യറുശലേമിലും സമീപ പ്രദേശങ്ങളിലും നിരവധി പ്രാവശ്യം പലർക്കും പ്രത്യക്ഷമായി എന്നും സുവിശേഷ വിവരണങ്ങളിൽ നിന്നും (ലൂക്കോ. 24:34,36) വ്യക്തമാണ്. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ മൊഴികളും പ്രവർത്തനങ്ങളും സുവിശേഷങ്ങളിൽ ഉണ്ട്. ആദിമ സഭയിലെ ഉയിർപ്പിന്റെ ഏറ്റവും പ്രാചീന രേഖയാണ് പൗലോസിന്റെ സാക്ഷ്യം (1 കൊരി. 15:3-8, 14-15). മരിച്ചവരിൽ നിന്ന് ഉയിർക്കുക എന്നതിന്റെ അർത്ഥം അന്വേഷിച്ച ശിഷ്യർക്ക് (മർക്കോ 9:9-10) ലഭിക്കുന്ന അർത്ഥപൂർണ്ണമായ കാഴ്ചയാണ് യേശുവിന്റെ ഉയിർപ്പ്.

യേശുവിനെ 'കർത്താവ്' എന്ന് വിശേഷിപ്പിക്കുന്നത് ഉയിർപ്പിന്റെ അടിസ്ഥാനത്തിലാണ് (റോമ. 10:9, 14:9, എഫേ. 1:17, ഫിലി. 2:11). ദൈവം അഥവാ യഹോവ എന്നർത്ഥമുള്ള *അദോനായ്* എന്ന എബ്രായ പദത്തിന്റെ ഗ്രീക്ക് പരിഭാഷയാണ് കർത്താവ് എന്നർത്ഥമുള്ള *കുറിയോസ്*. യേശു, കർത്താവും ദൈവവും എന്നത് ആദിമ സഭയുടെ വിശ്വാസ പ്രഖ്യാപനമാണ് (അപ്പോ. 7:59-60, 1 കൊരി. 16:22). പൗലോസിന്റെ ലേഖനങ്ങളുടെ കേന്ദ്രസ്ഥാനവും 'കർത്താവായ യേശുവാണ്'. സുവിശേഷങ്ങളിൽ യേശുവിന് 'കർത്താവ്' എന്ന സാക്ഷ്യം നൽകുന്നത് തോമാശ്ലീഹായാണ്. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നാണ് (യോഹ 20:28) വിശ്വാസ പ്രഖ്യാപനം. ഉയിർത്തെഴുന്നേറ്റ ദൈവമായ കർത്താവിൽ ഞാൻ വിശ്വസിക്കുന്നു എന്നർത്ഥം. ഇത് ക്രിസ്തു വിശ്വാസത്തിന്റെ അടിത്തറയാണ്.

ആദിമ സഭ ആരാധന നടത്തിയത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ചയാണ് (1 കൊരി. 16:2, അപ്പോ. 20:7, വെളി. 1:10). യേശുവിന്റെ മരണശേഷമുള്ള മൂന്നാം നാളാണിത് (1 കൊരി. 15:4). ഉയിർപ്പിന്റെയും ജീവന്റെയും ദിവസം *മൂന്നാംനാൾ* എന്ന് ഹോശായ പ്രവചിച്ചിട്ടുണ്ട് (6:2). ശൂന്യമായ കല്ലറയെയും (മത്താ. 28:1-8, മർക്കോ. 16:1-8, ലൂക്കോ. 24:1-12, യോഹ. 20:1-10) ഉയിർത്തെഴുന്നേറ്റ യേശുവിനെയും ശിഷ്യർ ആദ്യം നേരിൽ കണ്ടതും *മൂന്നാംനാൾ* ആണ്. ക്രിസ്തു സാന്നിദ്ധ്യത്തിന്റെ വഴിത്തിരിവാണിത്. യേശുവിന്റെ പ്രത്യക്ഷതയെക്കുറിച്ച് സുവിശേഷങ്ങളിലും അപ്പോസ്തോല പ്രവൃത്തികളിൽ ലൂക്കോസും (9:3-9, 22:3-21, 26:1-23) പൗലോസ് ശ്ലീഹായും ദീർഘമായി സാക്ഷിക്കുന്നു (1 കൊരി. 15:4-9, 9:1, 2 കൊരി. 4:4-6, ഗല. 1:12-16, ഫിലി. 3:8-12). ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശരീരത്തിൽ ഭൗതിക പരിമിതികൾ ഇല്ലായെന്നും പൗലോസ് പ്രഖ്യാപിക്കുന്നു (1 കൊരി. 15:20,44-49). ഉയിർപ്പ് നന്മയിലേക്കുള്ള പുറപ്പാടാണ്. കുരിശു വഹിച്ച് സകല തിന്മകളിൽ നിന്നും ഇരുളിൽ നിന്നും വിമോചനം നേടുന്നതാണ് ഉയിർപ്പിന്റെ വെളിച്ചം. കുരിശും സഹനവും ഉയിർപ്പും ക്രിസ്തീയ ജീവിതത്തിൽ പ്രകാശം പകരുന്ന അനുഭവമാണ്. അസഹിഷ്ണുത സൃഷ്ടിക്കുന്നിടത്ത് ശാന്തിയും സ്നേഹവും നീതിയും പങ്കിടുന്ന ഉയിർപ്പിന്റെ മഹത്വം ജീവിതത്തിൽ വെളിച്ചം പകരണം.



സഹോദരന്മാരേ! ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു. (ഉയിർപ്പിന്റെ പ്രഖ്യാപനം)

●

www.malankaralibrary.com



ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്
വടവാതൂർ സെമിനാരി

# ഉയിർപ്പ് : മിശിഹാ രഹസ്യങ്ങളുടെ പൂർത്തീകരണം

വലിയ നോമ്പിന്റെ വ്രതനിഷ്ഠയും, ആത്മനിയന്ത്രണവും ആഴമായ പ്രാർത്ഥനയും, ഉപവാസവും ദാനധർമ്മാദികളും നടത്തി നാം ക്രിസ്തുവിനോടു കൂടുതൽ അടുക്കുകയാണ്. ക്രിസ്തുവിന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശുദ്ധ വാരത്തിൽ നോമ്പുകാല യാത്ര അവസാനിക്കുന്നു. മരണത്തിനുമേൽ ജീവിതത്തിന്റെ വിജയവും നിരാശയ്ക്കെതിരെ പ്രത്യാശയും പാപത്തിനെതിരായ സ്നേഹവും പ്രഘോഷിച്ചുകൊണ്ട് ഈസ്റ്ററിന്റെ സന്തോഷം പൂർണ്ണമായി ഉൾക്കൊള്ളാൻ നോമ്പുകാല ശിക്ഷണങ്ങളിലൂടെ വിശ്വാസികൾ തയ്യാറാവുകയാണ്. ക്രിസ്തുവിലൂടെ മാനവരാശി നേടിയ പുനരുത്ഥാന ജീവിതത്തിലും, വീണ്ടെടുപ്പിന്റെയും നവീകരണത്തിന്റെയും വഴിയിലൂടെ അവിടുന്ന് ഒരുക്കുന്ന വിരുന്നിൽ പങ്കാളികളാവുകയാണ് ഇവയുടെ ലക്ഷ്യം. അതായത്, ഉയിർപ്പ് തിരുന്നാളിൽ നോമ്പുകാലം അതിന്റെ ലക്ഷ്യം കണ്ടെത്തുകയാണ്. തന്റെ ഉയിർപ്പിലൂടെ മിശിഹാ തന്റെ നിത്യമായ രാജ്യത്തിന് - പഴയ നിയമത്തിൽ വേരൂന്നിയതും പുതിയ നിയമത്തിൽ സ്ഥിരീകരിക്കപ്പെട്ടതുമായ രാജ്യത്തിന്-ഭൗതിക ഭാവം വരുത്തുന്നു. മിശിഹാരാജ്യം വിജയിക്കുന്നു. നിത്യമായ, ശാശ്വതമായ, ആത്യന്തികമായ വിജയം - സാത്താനുമേൽ, മരണത്തിനുമേൽ, ഈ ലോകത്തിനുമേൽ.

മലങ്കര സുറിയാനി കത്തോലിക്കാസഭ പിൻതുടരുന്ന അന്ത്യോക്യൻ ആരാധനക്രമം വലിയ സവിശേഷമായാണ് വലിയ നോമ്പിനെയും അതിന്റെ പരിസമാപ്തിയായ ഉയിർപ്പ് തിരുന്നാളിനെയും കാണുന്നത്. നോമ്പുകാലത്തെ (പ്രത്യേകിച്ച് ഞായറാഴ്ചകളിലെ) വായനകളും ധ്യാനങ്ങളും ഇപ്രകാരമാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ബൈബിൾ ചരിത്രത്തിന്റെ പാരമ്യവും മിശിഹാ പ്രവചനത്തിന്റെ നിവൃത്തിയും ഉൾക്കൊള്ളുന്ന ഈസ്റ്റർ സംഭവങ്ങൾ - ക്രിസ്തുവിന്റെ പീഡാനുഭവവും കുരിശുമരണവും ഉയിർപ്പും - ഒരുക്കുന്നത് വലിയ വിരുന്നാണ് എന്നും ആ വിരുന്നിൽ പങ്കാളികളാകാൻ നമ്മെത്തന്നെ ഒരുക്കണമെന്നും ഈ ധ്യാനങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഈ കാര്യങ്ങൾ നോക്കുമ്പോൾ ഉയിർപ്പ് എന്നത് മിശിഹാ രാജ്യത്തെ സംബന്ധിച്ച പ്രവചനങ്ങളുടെ പൂർത്തീകരണമാണ്.

**മലങ്കര സുറിയാനി കത്തോലിക്കാസഭ പിൻതുടരുന്ന അന്ത്യോഖ്യൻ ആരാധനക്രമം വലിയ സവിശേഷമായാണ് വലിയ നോമ്പിനെയും അതിന്റെ പരിസമാപ്തിയായ ഉയിർപ്പ് തിരുന്നാളിനെയും കാണുന്നത്.**

www.malankaralibrary.com



ഉയിർപ്പു തിരുനാളിൽ, മനുഷ്യരാശിക്ക് ലഭിച്ച പ്രത്യാശയുടെയും വീണ്ടെടുപ്പിന്റെയും ആഘോഷമാണ്. മരണത്തിനുമേൽ ജീവിതത്തിന്റെ വിജയത്തെ ആഘോഷിക്കുമ്പോൾ, നാം ഭൂമിയിലെ ദൈവരാജ്യത്തിന്റെ തുടർച്ചയായ സാക്ഷാത്കാരത്തിൽ പങ്കുചേരുകയാണ്.


ഈ പങ്കുചേരലിനെ, മിശിഹായുടെ വിരുന്നിലുള്ള പങ്കാളിത്തത്തോടാണ് ചേർത്തിരിക്കുന്നത്. വലിയ നോമ്പിലെ ഞായറാഴ്ചകളിൽ ചൊല്ലുന്ന ഏഴാമത്തെ പ്രുമിയോൻ-സെദറാ പ്രാർത്ഥനകളിൽ ഇത് വ്യക്തമാണ്. "നിന്റെ വലതുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ ഞങ്ങളെയും ക്രമപ്പെടുത്തണമേ". 'നിന്റെ വിരുന്നിൽ മണവറ തോഴന്മാർക്കൊപ്പം ഞങ്ങളെയും വിരുന്നിന് ക്ഷണിക്കണമേ'. വലിയ നോമ്പിന്റെ തിങ്കളാഴ്ച പ്രാർത്ഥനയിലും ഇതുതന്നെ നാം ചൊല്ലുന്നു. "ഈ നോമ്പിന്റെ അവസാനം നിന്റെ വിരുന്നിൽ പങ്കാളികളാകുവാൻ ഞങ്ങൾക്കും കൃപ തരണമേ".

ഇപ്രകാരം ഉയിർപ്പിൽ പൂർത്തീകരിക്കപ്പെടുന്ന മിശിഹായുടെ രാജ്യത്തിലെ വിരുന്നിൽ പങ്കാളികളാകാൻ നാം തയ്യാറാകുന്നു. വലിയ ആയുധവും ഒപ്പം വിജയത്തിന്റെ അടയാളവുമായ നോമ്പ് ഉയിർപ്പുതിരുന്നാളിലേക്ക് നമ്മെ നയിക്കുകയാണ്. അതിനു നമ്മെ പ്രാപ്തമാക്കുന്ന വചനഭാഗങ്ങളാണ് നാം ധ്യാനിക്കുന്നത്. വലിയ നോമ്പിലെ ഞായറാഴ്ചകളിലെ വചനഭാഗങ്ങളിലെ മിശിഹായെക്കുറിച്ചുള്ള സൂചനകളും അവ ഉയിർപ്പിൽ എങ്ങനെ പൂർത്തീകരിക്കപ്പെടുന്നു എന്നതുമാണ് നമ്മുടെ പഠനം.

നോമ്പുകാലത്തെ ഞായറാഴ്ചകളിലെ വായനകളിൽ മിശിഹാ രഹസ്യങ്ങൾ ധ്യാനവിഷയമാണ്. ഉയിർപ്പിൽ പൂർത്തീകരിക്കപ്പെടുന്ന ഈ മിശിഹാ രഹസ്യങ്ങൾ - ക്രിസ്തുമണവാളൻ (യോഹ. 2:1-11, കാനായിലെ വെള്ളം വീഞ്ഞാക്കിയത്), കർത്താവ് (ലൂക്കാ. 5:12-16, ഗർബോ ഞായർ), മനുഷ്യപുത്രൻ (മർക്കോ. 2:1-12, തളർവാത രോഗിയെ സുഖപ്പെടുത്തിയത്), ദാവീദിന്റെ പുത്രൻ (മത്താ. 15:21-28, കാനാൻകാരിയുടെ മകൾക്ക് സൗഖ്യം), ക്രിസ്തു (യോഹ.9:1-49, അന്ധനെ സുഖമാക്കിയത്), രാജാധിരാജൻ (യോഹ. 12:12-19, ഓശാന ഞായർ) - ഉയിർപ്പിൽ അതിന്റെ പൂർത്തീകരണം കണ്ടെത്തുന്നു. ഈ വായനകളിലെ അത്ഭുതങ്ങളെ ആഴത്തിൽ ധ്യാനിക്കാതെ, അടയാളങ്ങളായി കാണേണ്ടവയ്ക്കു മുമ്പിൽ ഉപരിപ്ലവമായി കാണുകയും ചെയ്യുമ്പോൾ, അവയിലൂടെ സുവിശേഷകരും ക്രിസ്തുവിന്റെ മണവാട്ടിയായ സഭയും പങ്കുവയ്ക്കാനുദ്ദേശിക്കുന്ന മിശിഹാ രഹസ്യങ്ങൾ നമുക്ക് അന്യമായി നിലനില്ക്കുന്നു.

ഉദാഹരണമായി, നോമ്പിന്റെ ആദ്യഞായറാഴ്ചയിലെ കാനായിലെ വിവാഹവിരുന്ന് തന്നെ

"നോമ്പിന്റെ അവസാനം ക്രിസ്തുവാകുന്ന മണവാളനോടൊപ്പം നാമും വിരുന്നിൽ പങ്കാളികളാവണം. വീഞ്ഞിന്റെ കുറവ് തീർക്കപ്പെട്ട അത്ഭുതവും, കാനായിലെ വിവാഹത്തിന്റെ പ്രത്യേകതകളും നമ്മെ വാചാലരാക്കുമ്പോൾ ഉയിർപ്പിൽ പൂർത്തീകരിക്കപ്പെടുന്ന അവന്റെ മണവാളത്വം, ആ സ്വർഗീയ വിരുന്ന് എന്ന ലക്ഷ്യവും മറന്നു പോകുന്നു."




നോക്കാം. വലിയ നോമ്പിന്റെ ആദ്യഞായറാഴ്ച തന്നെ വിരുന്നിനെപ്പറ്റി ധ്യാനിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നത്, നോമ്പിന്റെ ലക്ഷ്യം നമ്മെ ഓർമ്മിപ്പിക്കാനും പഠിപ്പിക്കാനുമാണ്. നോമ്പിന്റെ അവസാനം ക്രിസ്തുവാകുന്ന മണവാളനോടൊപ്പം നാമും വിരുന്നിൽ പങ്കാളികളാവണം. വീഞ്ഞിന്റെ കുറവ് തീർക്കപ്പെട്ട അത്ഭുതവും, കാനായിലെ വിവാഹത്തിന്റെ പ്രത്യേകതകളും നമ്മെ വാചാലരാക്കുമ്പോൾ ഉയിർപ്പിൽ പൂർത്തീകരിക്കപ്പെടുന്ന അവന്റെ മണവാളത്വം, ആ സ്വർഗീയ വിരുന്ന് എന്ന ലക്ഷ്യവും മറന്നു പോകുന്നു. ഇതുപോലെ ഓരോ ഞായറാഴ്ചയിലും വലിയ മിശിഹാ രഹസ്യങ്ങളുണ്ട്. ആ മിശിഹാ രഹസ്യങ്ങളുടെ സാക്ഷാത്ക്കാരവും

www.malankaralibrary.com



**“ 'ദാവീദിന്റെ പുത്രൻ' എന്നത് ബൈബിളിലെ പ്രധാനപ്പെട്ട ഒരു ശീർഷകവും പ്രവചനവുമാണ്. ശാശ്വതമായ ഒരു രാജ്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇസ്രായേലിന്റെ രാജാവായ ദാവീദിന് ദൈവം നൽകിയ വാഗ്ദാനമാണ് ഇതിന്റെ അടിസ്ഥാനം. പുതിയ നിയമത്തിൽ ഉടനീളം യേശുവിന് ഈ പദവി നൽകപ്പെടുന്നു. ”**



പൂർത്തീകരണവുമാണ് ഉയിർപ്പ് ദിനത്തിൽ സംഭവിക്കുന്നത്.

### ദാവീദിന്റെ പുത്രൻ

'ദാവീദിന്റെ പുത്രൻ' എന്നത് ബൈബിളിലെ പ്രധാനപ്പെട്ട ഒരു ശീർഷകവും പ്രവചനവുമാണ്. ശാശ്വതമായ ഒരു രാജ്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇസ്രായേലിന്റെ രാജാവായ ദാവീദിന് ദൈവം നൽകിയ വാഗ്ദാനമാണ് ഇതിന്റെ അടിസ്ഥാനം. പുതിയ നിയമത്തിൽ ഉടനീളം യേശുവിന് ഈ പദവി നൽകപ്പെടുന്നു. വംശപരമ്പരയും വാഗ്ദത്ത മ്ശിഹാ എന്ന സ്ഥാനവും സ്ഥിരീകരിക്കപ്പെടുകയാണ് ദാവീദിന്റെ പുത്രൻ എന്ന് യേശുവിനെ വിളിക്കുന്നതിലൂടെ. 2 സാമുവൽ 7:12–13 ൽ "ദിനങ്ങൾ തികഞ്ഞു നീ പൂർവ്വികരോടു ചേരുമ്പോൾ നിന്റെ ഔരസ്യപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും" എന്ന് നാം വായിക്കുന്നു. ഇത് മിശിഹായിലൂടെ നിവർത്തിയാക്കപ്പെടുന്ന പ്രവചനമാണ് എന്ന് ബൈബിൾ പണ്ഡിതന്മാർ സാക്ഷിക്കുന്നു.

ഈ പ്രവചനത്തിന്റെ പൂർത്തീകരണമായാണ് പുതിയനിയമം യേശുവിനെ അവതരിപ്പിക്കുന്നത്. "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം" (മത്താ. 1:1) യേശുവിന്റെ രാജകീയ വംശത്തെ സൂചിപ്പിക്കുന്നു. സുവിശേഷത്തിൽ യേശുവിനെ ദാവീദിന്റെ പുത്രൻ എന്ന് വിളിക്കുന്നുണ്ട്. (മത്താ. 9:27, 15:22, 20:30–31).

അപ്പസ്തോലപ്രവർത്തനങ്ങളിൽ യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തിൽ ദാവീദിന്റെ പുത്രന്റെ സിംഹാസനം നിലനിർത്തുന്നതിനാണ് യേശുവിനെ ഉയിർപ്പിച്ചത് എന്ന് കൃത്യമായി പ്രസ്താവിക്കുന്നു (അപ്പ.പ്ര. 2:29–32).

പാപത്തെ ജയിച്ചുകൊണ്ട് മരണത്തിന്മേലുള്ള തന്റെ അധികാരം വ്യക്തമാക്കി യേശു ഭൂമിയിലുള്ള തന്റെ രാജ്യത്തിന്റെ സ്ഥാപനമാണ് ഉയിർപ്പിലൂടെ സാധിക്കുന്നത്. പിതാവായ ദൈവത്തിന്റെ വലത്ത് ഭാഗത്തിരിക്കുന്ന (ഹെബ്രാ. 1:2–3) ഉന്നത രാജാവായി യേശു വാഴുന്നു.

### മനുഷ്യപുത്രൻ

ദാനിയേൽ പ്രവാചകന് ലഭിക്കുന്ന ദർശനത്തെ അടിസ്ഥാനപ്പെടുത്തി (ദാനി. 7:13–14) യാണ് മനുഷ്യപുത്രൻ എന്ന സ്ഥാനപ്പേരിൽ യേശു വിളിക്കപ്പെടുന്നത്. എല്ലാ ജനതകളുടെയും രാഷ്ട്രങ്ങളുടെയും ഭാഷകളുടെയും മേൽ അധികാരവും മഹത്വവും പരമാധികാരവും ഉള്ള 'മനുഷ്യപുത്രൻ' ആകാശത്തിൽ വരുന്നതായി കാണുന്നു. യേശു തന്നെത്തന്നെ വിശേഷിപ്പിക്കുകയും (മർക്കോ. 2:1–12; 10:45; മത്താ. 26:64) മറ്റുള്ളവരാൽ വിളിക്കപ്പെടുകയും (യോഹ. 12:34; അപ്പ.പ്ര. 7:56) ചെയ്ത നാമമാണ് മനുഷ്യപുത്രൻ. മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ച് പ്രസ്താവിക്കുമ്പോൾ എപ്പോഴും ക്രിസ്തു മനുഷ്യപുത്രൻ എന്ന പദം ഉപയോഗിക്കുന്നു.

യേശുവിന്റെ പുനരുത്ഥാനം, മനുഷ്യപുത്രനെക്കുറിച്ചുള്ള പ്രവചനത്തിന്റെ പൂർത്തീകരണമാണ്.

### കർത്താവ്

ദൈവിക അധികാരം, പരമാധികാരം, രാജത്വം എന്നിവയെ സൂചിപ്പിക്കുന്ന നാമമാണ് കർത്താവ്. പഴയനിയമത്തിൽ ദൈവത്തെത്തന്നെ പരാമർശിക്കാൻ ഉപയോഗിക്കുന്ന ഈ പദം അവന്റെ ദിവ്യഗു

www.malankaralibrary.com





ണങ്ങളേയും എല്ലാ സൃഷ്ടികളുടെയും മേലുള്ള പരമോന്നത അധികാരത്തെയും സൂചിപ്പിക്കുന്നു (പുറ. 3:14; സങ്കീ. 95:3). ഇസ്രായേലിന്റെ ചരിത്രത്തിലുട നീളം തന്റെ ജനത്തെ വിടുവിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന, ഭരിക്കുന്ന, ഉടമ്പടി പാലിക്കുന്ന ദൈവമായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

പുതിയനിയമത്തിൽ യേശുവിനെ കർത്താവ് എന്ന് സംബോധന ചെയ്യുമ്പോൾ അവന്റെ ദൈവിക വ്യക്തിത്വത്തെയും മിശിഹാ അധികാരത്തെയും സൂചിപ്പിക്കുന്നു. ലൂക്കാ 2:11 ൽ യേശുവിന്റെ ജനനത്തെക്കുറിച്ച് പ്രഖ്യാപിക്കുമ്പോൾ, ഈ പ്രവചനം നിറവേറ്റപ്പെടുന്നു. അപ്പ. പ്ര. 2:36 ൽ പത്രോസിന്റെ പ്രഖ്യാപനം പുനരുത്ഥാനത്തിൽ ഇത് പൂർത്തീകരിക്കപ്പെട്ടതായി പ്രസ്താവിക്കുന്നു (അപ്പ.പ്ര. 5:31; എഫേ. 1:20–22; റോമ. 10:9; ഫിലി. 2:9–11).

## ക്രിസ്തു

ഗ്രീക്കു ഭാഷയിൽ ക്രിസ്തോസ് എന്ന പദത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് ക്രിസ്തു. ഹെബ്രായ ഭാഷയിൽ 'അഭിഷിക്തൻ' അഥവാ മിശിഹാ എന്നു വിവർത്തനം ചെയ്യാവുന്നതാണ് ഈ പദം. യഹൂദ പാരമ്പര്യത്തിൽ, ദൈവരാജ്യം ഉദ്ഘാടനം ചെയ്യുകയും ഇസ്രായേലിനെ പുനസ്ഥാപിക്കുകയും മനുഷ്യരാശിക്ക് രക്ഷ നല്കുകയും ചെയ്യുന്ന വാഗ്ദത്ത വിമോചകനായി മിശിഹായെ പ്രതീക്ഷിച്ചിരുന്നു.

മത്താ. 16:16 ൽ യേശുവിന്റെ അധികാരത്തെയും ദൈവിക സ്വഭാവത്തെയും അംഗീകരിച്ചുകൊണ്ടുള്ള "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന പ്രഖ്യാപനം യേശുവിന്റെ ജീവിതലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും രക്ഷയും പാപമോചനവും നിത്യജീവനും വാഗ്ദാനം ചെയ്തുകൊണ്ട് ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു (റോമ. 10:9; അപ്പ.പ്ര. 4:12).

## രാജാക്കന്മാരുടെ രാജാവ്

രാജകീയ അധികാരത്തിന്റെയും പരമാധികാരത്തിന്റെയും പരകോടിയാണ് ഈ നാമം. ഭൗമികവും സ്വർഗീയവുമായ എല്ലാ ശക്തികളുടെയും മേൽ വാഴുന്ന ഒരു ഭരണാധികാരിയുടെ സ്ഥാനത്തെ പ്രതിഫലിപ്പിക്കുന്നു. പുരാതന കിഴക്കൻ സംസ്കാരത്തിൽ സമാനതകളില്ലാത്ത അധികാരവും, പദവിയും പ്രയോഗിച്ച രാജാക്കന്മാർക്ക് ഈ പദവി നൽകപ്പെട്ടിരുന്നു. നീതിയുടെയും സമാധാനത്തിന്റെയും ശാശ്വത രാജ്യം സ്ഥാപിക്കുന്ന ഒരു ദിവ്യരാജാവിന്റെ പ്രതീക്ഷ ഉൾക്കൊള്ളുന്നതാണ് മിശിഹാ രാജാവാണ് എന്നതിലെ ധ്വനി.

വെളി. 19:16 ൽ, ഗ്രന്ഥകാരൻ യേശുവിനെ ഉന്നതനായ ഭരണാധികാരിയായി വിഭാവനം ചെയ്യുന്നു. "അവന്റെ മേലങ്കിയിലും തുടയിലും രാജാക്കന്മാരുടെ രാജാവും പ്രഭുക്കന്മാരുടെ നാഥനും എന്നൊരു നാമം എഴുതിയിരിക്കുന്നു." യേശുവിന്റെ പുനരുത്ഥാനം ഈ പദവിക്ക് സാധുത നൽകുന്നു. പാപം, മരണം, അന്ധകാര ശക്തികൾ എന്നിവയുടെ മേലുള്ള യേശുവിന്റെ ആത്യന്തിക വിജയമാണ് അവന്റെ ഉയിർപ്പ്.

## മണവാളൻ

പഴയനിയമത്തിലുടനീളം ദൈവത്തെ മണവാളനായും ഇസ്രായേലിനെ അവന്റെ പ്രിയപ്പെട്ട മണവാട്ടിയായും ചിത്രീകരിച്ചിരിക്കുന്നു (ഏശയ്യാ 62:5; ഹോസിയ 2:19). ദൈവത്തിന്റെ സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും ജനത്തോടുള്ള സ്നേഹത്തിന്റെയും അടയാളമാണ് മണവാളൻ എന്ന വിശേഷണം. മത്താ. 9:15 യേശു തന്നെത്തന്നെ മണവാളൻ എന്ന് വിശേഷിപ്പിക്കുന്നു. എഫേ. 5:25–27 ൽ വി. പൗലോസ് – യേശുവാകുന്ന മണവാളൻ തന്റെ പുനരുത്ഥാനത്തിലൂടെ തന്റെ മണവാട്ടിയായ സഭയെ വിശുദ്ധീകരിച്ചു എന്ന് പഠിപ്പിക്കുന്നു. ഇത് ക്രിസ്തുവിന്റെ ഉത്ഥാനം അവനും സഭയും തമ്മിലുള്ള വിവാഹവിരുന്നിന്റെ ഉദ്ഘാടനമാണ്.

അങ്ങനെ, യേശുവിന്റെ ഉത്ഥാനം അവനെക്കുറിച്ചുള്ള മിശിഹാ പ്രവചനങ്ങളുടെയെല്ലാം നിവർത്തിയാകലാണ്, പൂർത്തീകരണമാണ്. ഒരു ആചാരത്തിനപ്പുറം മിശിഹായുടെ രാജ്യത്തെ സംബന്ധിച്ച് പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഉയിർപ്പുതിരുന്നാൾ. ഏശയ്യാ 9:6–7 ൽ കാണുന്ന പ്രവചനം – "ആധിപത്യം ചുമലിലായിരിക്കും, വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ്" എന്ന് വിളിക്കപ്പെടുന്ന മിശിഹാ തന്റെ മേലുള്ള വാഗ്ദാനങ്ങളുടെ എല്ലാം പൂർത്തീകരണമായി ഉയിർത്തെഴുന്നേറ്റു. ദൈവരാജ്യത്തിന്റെ പൂർണ്ണമായ സാക്ഷാത്കാരം അവന്റെ രണ്ടാമത്തെ വരവിലാണ്. ഉയിർപ്പിന്റെ ലോകത്ത്, പരിശുദ്ധാത്മ സഹായത്താൽ ജീവിതത്തിലും സമൂഹത്തിലും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ-സ്നേഹം, നീതി, ദയ, സമാധാനം, ക്ഷമ എന്നിവ ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം.

www.malankaralibrary.com





**ഫാ. ചെറിയാൻ താഴമൺ**
(കോർഡിനേറ്റർ, മലങ്കര സുറിയാനി
കത്തോലിക്കാസഭ, അയർലണ്ട്)

# “സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവുമാകുന്നു...”

ആകമാന സുറിയാനി സഭയുടെ തലവനും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയാർക്കീസുമായ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവായുടെ മലങ്കരയിലെ അജപാലന സന്ദർശനമദ്ധ്യേ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ ക്ഷണം സ്വീകരിച്ച് 2024 ഫെബ്രുവരി മാസം 11-ാം തീയതി ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആസ്ഥാന ദൈവാലയത്തിൽ എത്തിച്ചേരുകയുണ്ടായി. പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കത്തീഡ്രലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായും സഹമെത്രാപ്പോലീത്താമാരും വൈദികരും സമർപ്പിതസന്ന്യസ്തരും അല്മായരും ചേർന്ന് അന്ത്യോക്യൻ ആരാധനപൈതൃകത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായെയും സംഘാംഗങ്ങളെയും വരവേറ്റു. കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന പ്രാർത്ഥനകൾക്കും ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെയും മോറാൻ മോർ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായുടെയും കബറിങ്കൽ നടന്ന ധൂപപ്രാർത്ഥനയ്ക്കും പാത്രിയർക്കീസ് ബാവ കാർമികത്വം വഹിക്കുകയും ദൈവജനത്തെ ആശീർവദിക്കുകയും ചെയ്തു. സ്വീകരണസമ്മേളനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സ്വാഗതവചസ്സുകൾ ആശംസിക്കുകയുണ്ടായി. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ പാത്രിയർക്കീസിന് മലങ്കരയുടെ ആശംസകൾ നേർന്നു. യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ മലങ്കര മെത്രാപ്പോലീത്തയായി നിയമിതനായ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും പ്രസംഗിക്കുകയുണ്ടായി. പാത്രിയർക്കീസ് ബാവ അനുഗ്രഹവ



www.malankaralibrary.com



**സാർവ്വത്രികസഭാ കൂട്ടായ്മയിൽ ഉൾച്ചേർന്നിരിക്കുന്ന സഭയുടെ ലക്ഷ്യമാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പുനരൈക്യവും പുനരേകീകരണവും ഐക്യവും കൂട്ടായ്മയും.**

ചസ്സുകൾ മൊഴിഞ്ഞ് വിശ്വാസസമൂഹത്തെ ആശീർവദിക്കുകയുണ്ടായി. സ്വീകരണത്തിന്റെ പ്രൗഢിയോ ഗാംഭീര്യമോ ജനപങ്കാളിത്തമോ ഒന്നുമല്ല ഇവിടെ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നത്. സാർവ്വത്രികസഭയുടെ തലവൻ റീശ് പാത്രിയർക്കീസ് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1986 ഫെബ്രുവരി മാസം 8-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാസഭാമക്കളെ അഭിസംബോധന ചെയ്ത് അനുഗ്രഹിച്ച അതേസ്ഥലത്ത് ആഗതനായി മലങ്കര മക്കളെ അനുഗ്രഹിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് എഴുന്നെള്ളിയെങ്കിൽ അത് ചരിത്രത്തിലെ ഒരു ആകസ്മികതയല്ല, ചരിത്രത്തെ നയിക്കുന്ന ദൈവികപദ്ധതിയുടെ ഒരു സ്ഥിരീകരണ അടയാളമാണ്.

മലങ്കരയിലെ പുത്തൻകൂർ സമുദായത്തിന്റെ ഐക്യവും സമുദ്ധാരണവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പുനരേകീകരണവും സാർവ്വത്രിക സഭാസംസർഗ്ഗവും വീണ്ടെടുക്കുവാൻ 1653 ലെ കൂനൻകുരിശു സംഭവം മുതൽ ആരംഭിച്ച അനേകരുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലപ്രാപ്തിയാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20-ാം തീയതി സഫലമായ മലങ്കര പുനരൈക്യത്തിലൂടെ കരഗതമായത്. കൂനൻകുരിശു സംഭവത്തോടുകൂടി സാർവ്വത്രികസഭയുടെ തലവനായ റീശ് പാത്രിയർക്കീസ് റോമാ മാർപ്പാപ്പയുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുകയും കാലഗതിയിൽ പല സഭകളായി വിഭജിക്കപ്പെടുകയും ചെയ്ത പുത്തൻകൂർ വിഭാഗം എന്നറിയപ്പെട്ടിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ സാർവ്വത്രിക സഭയുമായുള്ള കൂട്ടായ്മ വീണ്ടെടുത്ത് പുനരേകീകരിക്കപ്പെടണമെന്നതായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദർശനം. ചരിത്രപ്രസിദ്ധമായ പുനരൈക്യത്തിലൂടെ സാർവ്വത്രിക സഭാസംസർഗ്ഗം വീണ്ടെടുത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ എന്ന കാനോനിക സംജ്ഞയാൽ സാർവ്വത്രികസഭാകൂട്ടായ്മയിൽ ഉൾച്ചേർന്നിരിക്കുന്ന സഭയുടെ ലക്ഷ്യമാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പുനരൈക്യവും പുനരേകീകരണവും ഐക്യവും കൂട്ടായ്മയും. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ജീവരക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നതാണ് ഈ ഐക്യദർശനം. അതിന്റെ ഫലമാണ് എല്ലാ സഭകളോടും മതങ്ങളോടും സമുദായങ്ങളോടും സമഭാവനയോടും സൗഹാർദ്ദത്തോടും ഇടപെടുവാനും പ്രതികരിക്കുവാനും മലങ്കര സുറിയാനി കത്തോലിക്കാസഭാ നേതൃത്വത്തിനും സഭാമക്കൾക്കും സാധിക്കുന്നത്. 1930 സെപ്റ്റംബർ 20 ലെ

www.malankaralibrary.com





ആരെയും അകറ്റി നിർത്താതെ എല്ലാവരെയും ഉൾക്കൊള്ളുന്ന ശൈലി. വ്യത്യാസങ്ങൾക്കപ്പുറത്ത് പങ്കുവയ്ക്കാൻ കഴിയുന്ന നന്മകളിൽ ശ്രദ്ധിക്കുന്നതാണ് പിതാവിന്റെ രീതി.

പുനരൈക്യത്തെ തുടർന്ന് സാർവ്വത്രിക സഭാസംസർഗ്ഗം വീണ്ടെടുത്തതുമുതൽ മലങ്കര സുറിയാനി കത്തോലിക്കാസഭ വിമർശനങ്ങൾക്കോ കുറ്റപ്പെടുത്തലുകൾക്കോ ഇകഴ്ത്തലുകൾക്കോ മറുപടി നല്കാൻ ഊർജ്ജം നഷ്ടപ്പെടുത്താതെ ഐക്യത്തിന്റെ പാതയിൽ മുന്നേറാനാണ് ശ്രമിക്കുന്നത്. ഐക്യത്തിന് വിഘാതമാകാവുന്ന വാക്കുകളോ നടപടികളോ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഭാഗത്തുനിന്ന് ഉണ്ടാവരുത് എന്ന് സഭാനേതൃത്വത്തിന് നിർബന്ധം ഉണ്ട് എന്നു മാത്രമല്ല, ഐക്യവും സൗഹാർദ്ദവും വളർത്താൻ ഉതകുന്ന പരിശ്രമങ്ങൾ സാധ്യമായ വിധങ്ങളിലെല്ലാം പോഷിപ്പിക്കണമെന്നും നിർബന്ധമുണ്ട്. സഭയുടെ അദ്ധ്യക്ഷന്മാരായിരുന്ന ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായും ഈ കാര്യങ്ങളിൽ പുലർത്തിയിരുന്ന ജാഗ്രതയും സമീപനവും ചരിത്രത്തിന്റെ ഭാഗമാണ്. അവയ്ക്കെല്ലാം മകുടമാകുന്ന സമീപനങ്ങളും ശ്രമങ്ങളുമാണ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ ഭാഗത്തുനിന്നും എപ്പോഴും ഉണ്ടാകുന്നത്. സഹോദരീസഭകളോട് മാത്രമല്ല ഇതര മതങ്ങളോടും സമുദായങ്ങളോടുമെല്ലാം സൗഹാർദ്ദപരമായ സഹവർത്തിത്വമാണ് പിതാവിന്റെ ശൈലി. ഇത് സഭ മുഴുവൻ എല്ലാവരും പിൻതുടരണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. ആരെയും അകറ്റി നിർത്താതെ എല്ലാവരെയും ഉൾക്കൊള്ളുന്ന ശൈലി. വ്യത്യാസങ്ങൾക്കപ്പുറത്ത് പങ്കുവയ്ക്കാൻ കഴിയുന്ന നന്മകളിൽ ശ്രദ്ധിക്കുന്നതാണ് പിതാവിന്റെ രീതി. സഹോദരസഭകളുമായി ഈ നന്മ പങ്കുവയ്ക്കുവാനും അതിൽ വളരുവാനും മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നും ശ്രദ്ധാലുവാണ്. നമുക്ക് ആരും അന്യരല്ല. ദൈവരാജ്യവ്യാപനത്തിൽ എല്ലാവരുമായി ഒത്തുചേർന്ന് പ്രവർത്തിക്കണമെന്നാണ് പിതാവ് സഭാമക്കൾക്ക് നല്കിയിരിക്കുന്ന നിർദ്ദേശം. മനുഷ്യന് നന്മ ചെയ്യാൻ സാധിക്കുന്ന സന്ദർഭങ്ങൾ നഷ്ടപ്പെടുത്താൻ പാടില്ല. മതമോ ജാതിയോ വർഗ്ഗമോ വർണ്ണമോ രാഷ്ട്രീയമോ യാതൊന്നും ഇതിന് വിഘാതമാകാനും പാടില്ല. അതുകൊണ്ടുതന്നെയാണ് ആരോടും അയിത്തം കല്പി

www.malankaralibrary.com


ക്കാതെ എല്ലാവരോടും ഒന്നിച്ച് സഹകരിക്കാനും പ്രവർത്തിക്കാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സാധിക്കുന്നതും. കാതോലിക്കാബാവാ മാത്രമല്ല സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ഇതേ ശൈലിയും ദർശനവുമാണ് സഭയിൽ ആക മാനം പുലർത്തുന്നതും പങ്കുവയ്ക്കുന്നതും.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഐക്യവും പുനരൈക്യവും പുനരേകീകരണവും ലക്ഷ്യമായി കാത്തുസൂക്ഷിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ എല്ലാ സഹോദരി സഭാ നേതൃത്വത്തെയും അർഹിക്കുന്ന ആദരവോടും പരിഗണനയോടും അംഗീകരിച്ച് ആദരിക്കുന്നതിൽ എന്നും മുൻപന്തിയിലാണ്. സഹോദരിസഭകളുടെ പ്രധാന ആഘോഷസന്ദർഭങ്ങളിൽ സന്ദർശനങ്ങൾ വഴിയും ആശംസകൾ വഴിയും സൗഹൃദവും കൂട്ടായ്മയും പരിപോഷിപ്പിക്കാൻ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായും സഹമെത്രാപ്പോ



ലീത്താമാരും എപ്പോഴും ജാഗ്രത പുലർത്തുന്നവരാണ്. സഹോദരിസഭകളുടെ തലവന്മാരുടെ സ്ഥാനാരോഹണ വേളകളിൽ കടന്നുചെന്ന് ആശംസകൾ അർപ്പിക്കുന്നതിൽ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പുലർത്തുന്ന സൗഹൃദഭാവം ഉദാത്തം തന്നെ. 2007 ഒക്ടോബർ 2-ാം തീയതി തിരുവല്ലയിൽ നടന്ന അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും 2020 നവംബർ 11-ാം തീയതി തിരുവല്ലയിൽ നടന്ന അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും 2021 ഒക്ടോബർ 14-ാം തീയതി പരുമലയിൽ നടന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവായുടെയും 2024 ജനുവരി 11-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ശ്രേഷ്ഠ മെത്രാപ്പോലീത്തായുടെയും സ്ഥാനാരോഹണ സന്ദർഭങ്ങളിൽ പ്രധാന ആശംസാ സന്ദേശകനായി എത്തിയത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായായിരുന്നു. സഹോദരിസഭകളുടെ തലവന്മാരായി സ്ഥാനാരോഹണം ചെയ്യുന്നവർക്കും ഉന്നത സ്ഥാനീയർക്കും ഏറ്റവും അടുത്ത ഉചിത സന്ദർഭത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ ഔദ്യോഗിക സ്വീകരണം നല്കാനും ആദരിക്കാനും ബാവാതിരുമേനി എന്നും ശ്രദ്ധാലുവാണ്. സീറോ മലബർ സഭയുടെ പിതാവും തലവനുമായി സ്ഥാനാരോഹണം ചെയ്ത അത്യഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി ശ്രേഷ്ഠ മെത്രാപ്പോലീത്തായ്ക്ക് 2011 ജൂൺ 11-ാം തീയതി പട്ടം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ, ദക്ഷിണേന്ത്യൻ സഭയുടെ മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ റസലം തിരുമേനിക്ക് 2011 സെപ്റ്റംബർ 3-ാം തീയതി പട്ടം മേജർ ആർച്ചുബിഷപ്പ്സ് ഹൗസിലും മാർത്തോമ്മാസഭയുടെ ഇരുപത്തിരണ്ടാമത് തലവനായി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് 2020 ഡിസംബർ 2-ാം തീയതി തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്സ് ഹൗസിലും മലങ്കര മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ട അഭിവന്ദ്യ ജോസഫ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്ത എന്നിവർക്ക് 2021 നവംബർ 22-ാം തീയതി പട്ടം തിരുസന്നിധിയിലും മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ ഇരുപത്തിരണ്ടാമത് മലങ്കര മെത്രാപ്പോലീത്തായും ഒമ്പതാമത് കാതോലിക്കാബാവായായി സ്ഥാനാരോഹണം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവായ്ക്ക് 2021 നവംബർ 26-ാം തീയതി പട്ടം മേജർ ആർച്ചുബിഷപ്പ്സ് ഹൗസിലും മതസാമുദായിക രാഷ്ട്രീയ നേതാക്കന്മാരുടെ സാന്നിധ്യത്തിൽ നല്കപ്പെട്ട സ്വീകരണങ്ങൾക്ക് ചരിത്രം സാക്ഷിയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഈ ദർശന പൈതൃകത്തിന്റെ ഏറ്റം ഒടുവിലത്തെ സാക്ഷ്യപ്പെടുത്തലാണ് അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവായ്ക്ക് 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കത്തീഡ്രലിൽ നല്കപ്പെട്ട വരവേല്പ്പും തുടർന്ന് നാലാഞ്ചിറ റിന്യൂവൽ സെന്ററിൽ നല്കപ്പെട്ട വിരുന്നും.

മലങ്കര യാക്കോബായ സുറിയാനി ഓർത്ത

www.malankaralibrary.com





ഡോക്സ് സഭയുടെ വിശുദ്ധ കുർബാന തിരുവനന്തപുരം പട്ടണത്തിൽ ആരംഭിക്കുവാൻ 1982 ൽ സഭ ആഗ്രഹിച്ചപ്പോൾ സ്വന്തമായി സ്ഥലമോ ദൈവാലയമോ ഇല്ലാതിരുന്ന സന്ദർഭത്തിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രമുഖ ദൈവാലയമായ പാളയം സമാധാനത്തിന്റെ രാജ്ഞി ബസിലിക്ക അനുവദിച്ചു നല്കുകയും പുണ്യശ്ലോകനായ പെരുമ്പള്ളിൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അർപ്പിച്ച വിശുദ്ധ ബലിയിൽ ആദ്യാവസാനം സംബന്ധിക്കുകയും ചെയ്തത് യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയോടുള്ള സ്നേഹ ബഹുമാനമല്ലാതെ മറ്റെന്താണ്? ഇന്ന് സെന്റ് പീറ്റേഴ്സ് യാക്കോബായ ഓർത്തഡോക്സ് കത്തീഡ്രലായി ഉയർത്തപ്പെട്ടിരിക്കുന്ന പ്രസ്തുത കൂട്ടായ്മയ്ക്ക് മൃതസംസ്കാരത്തിന് സ്ഥലമില്ല എന്നറിഞ്ഞപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാസഭയാണ് സെമിത്തേരിക്ക് വേണ്ട സ്ഥലം നല്കിയത്. പിന്നീട് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കും മലങ്കര മാർത്തോമ്മാ സഭയ്ക്കും സെമിത്തേരിക്ക് സ്ഥലം നല്കിയതും ഇതേ സ്നേഹവും കൂട്ടായ്മയുമാണ് പ്രകടമാക്കിയത്. നാലാഞ്ചിറയിലുള്ള മലങ്കര ഓർത്തഡോക്സ് പള്ളി പുനരുദ്ധരിച്ച് വലിപ്പപ്പെടുത്തിയപ്പോൾ അതിനായി സ്ഥലം വിട്ടുനല്കുവാനും മലങ്കര സുറിയാനി കത്തോലിക്കാസഭ സൗമനസ്യം കാട്ടിയിരുന്നു. 1982 ൽ മലങ്കരയിൽ അജപാലന സന്ദർശനത്തിന് എത്തിയ അന്ത്യോക്യാ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായ്ക്ക് സെനറ്റ് ഹാളിൽ അനന്തപുരി ഒരുക്കിയ സ്വീകരണത്തിന്റെ സ്വാഗതസംഘം കൺവീനറായി നേതൃത്വം നല്കിയത് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ആയിരുന്നു.

സാർവ്വത്രിക ക്രൈസ്തവ പൈതൃകങ്ങളായ ലാറ്റിൻ, ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളിൽ ദൈവശാസ്ത്രപരമായും ആരാധനാപരമായും സമ്പന്നമായ സുറിയാനി പൈതൃകം ചരിത്രപരമായ പല കാരണങ്ങൾ കൊണ്ടും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്ന പശ്ചാത്തലത്തിൽ സുറിയാനി പാരമ്പര്യങ്ങളും പൈതൃകങ്ങളും ഉള്ള എല്ലാ സഭകളും ഒന്നുചേർന്ന് സാർവ്വത്രിക സഭയുടെയും ലോകത്തിന്റെയും സമ്പത്തായ ഈ പൈതൃകത്തെ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. അതിനായി ഇതരപരിഗണനകളെല്ലാം മാറ്റിവച്ച് എല്ലാവരും ഐക്യത്തോടെ ഒത്തൊരുമിച്ച് വരണമെന്ന ദർശനമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ പുലർത്തുന്നത്. അതുപോലെ തന്നെ പുരാതന അപ്പസ്തോലിക സഭയായ മലങ്കര സഭയുടെ ശബ്ദം ലോകം പ്രതീക്ഷയോടെ കാത്തിരിക്കുന്നതാണ്. മാർത്തോമ്മായുടെ അപ്പസ്തോലിക പാരമ്പര്യം സാർവ്വത്രികസഭയിൽ സാക്ഷ്യപ്പെടുത്താൻ നമുക്ക് കടമയുണ്ട്. എന്നാൽ വിവിധ സഭകളായി വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ നാം ഈ സാക്ഷ്യജീവിതത്തിൽ പരാജിതരാകുന്നു. ഐക്യപ്പെട്ട്, ശക്തിനേടി സാക്ഷ്യം നല്കേണ്ടിയിരിക്കുന്നു. നാം ഒരു വലിയ കുടുംബമാണ്. കുടുംബബന്ധങ്ങൾ സൂക്ഷിക്കാനും വളർത്താനും ഉള്ള നിയോഗം എല്ലാ മലങ്കര മക്കളെയും സദാ ഓർമ്മപ്പെടുത്തുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. ഈ ദർശനത്തിലൂന്നിയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ സഹോദരിസഭകളുമായി ബന്ധപ്പെടുന്നതും ഇടപെടുന്നതും ഇടപെടാൻ ആഗ്രഹിക്കുന്നതും. സുറിയാനി പൈതൃകമുള്ള മലങ്കര മാർത്തോമ്മാ മക്കൾ ഒന്നുചേർന്ന് കർത്താവിന്റെ മേശയിൽ അവന്റെ തിരുശരീരരക്തങ്ങൾ ഉയർത്തി ആരാധിക്കുകയും പങ്കുചേരുകയും ചെയ്യുന്ന ദിവസത്തിനുവേണ്ടിയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നതും പ്രവർത്തിക്കുന്നതും. ആ നല്ല നാളേയ്ക്കുള്ള പ്രയാണത്തിലെ ചില ഏടുകൾ മാത്രമാണ് ഇത്തരം സ്വീകരണങ്ങളും അനുമോദന സമ്മേളനങ്ങളും ആശംസകളും സന്ദർശനങ്ങളും എല്ലാം. ●


## അഭിനന്ദനങ്ങൾ



**ബി.എസ്.സി. നഴ്സിംഗ് പരീക്ഷയിൽ കർണാടക സ്റ്റേറ്റിൽ നിന്ന് ആറാം റാങ്ക് കരസ്ഥമാക്കി ഉന്നത വിജയം നേടിയ ലീന രാജൻ തടത്തിൽ. തിരുവല്ല അതിഭദ്രാസനത്തിലെ പുവത്തൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി ഇടവകാംഗമാണ്.**

www.malankaralibrary.com



ബേബിച്ചൻ തെക്കേടത്ത്

# സ്വർഗ്ഗവഴികളിലെ കനൽപ്പാടുകൾ

കുട്ടികളെ ചെറുപ്രായത്തിൽ തന്നെ ദൈവവുമായുള്ള ബന്ധത്തിൽ കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രമിക്കണം. മതപഠനത്തിന്റെ പ്രാഥമിക കളരി ഓരോ ഭവനങ്ങളുമായിരിക്കണം. മാതാപിതാക്കൾക്ക് എക്കാലത്തും കുട്ടികളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയില്ല. മാത്രമല്ല തങ്ങളുടെ ചിന്തകൾ, ഭാരങ്ങൾ ഒക്കെയും സുഹൃത്തുക്കളിലോ, രക്ഷകർത്താക്കളിലോ സമർപ്പിച്ചാൽ പരിഹാരവും കിട്ടില്ല. ഇക്കാര്യം അറിയുന്ന അവർക്ക് അദൃശ്യമായ ഒരു ശക്തി തങ്ങളെ സംരക്ഷിക്കുന്നുണ്ടെന്നും ആ ശക്തി തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുമെന്നും വിശ്വസിക്കാൻ കഴിയണം. അതാണ് ദൈവവുമായുള്ള ആശ്രയത്തിലൂടെ അവർക്ക് ലഭിക്കേണ്ടത്.

മതാദ്ധ്യാപക ശുശ്രൂഷയിൽ 30 വർഷങ്ങൾ പിന്നിടുമ്പോൾ, മാതാപിതാക്കൾക്ക് നൽകുന്ന സാരോപദേശത്തിലൂടെ സംസാരിക്കുകയാണ് തിരുവല്ല അതിരൂപതയിലെ മല്ലപ്പള്ളി വൈദിക ജില്ലയിൽ ചെറിയ ഇടവകസമൂഹമായ കല്ലൂപ്പാറ സെന്റ് ആന്റണീസ് ദൈവാലയത്തിലെ സൺഡേസ്കൂൾ പ്രധാനാദ്ധ്യാപികയായ ശ്രീമതി അന്നമ്മ തോമസ് ശ്രാമ്പിക്കൽ എന്ന ലിസി ടീച്ചർ.

അക്രൈസ്തവരും, വിവിധ ക്രൈസ്തവ വിഭാഗങ്ങളും ഒരുമയോടെ സോദരത്വേന സഹവർത്തിത്വത്തിൽ കഴിയുന്ന കല്ലൂപ്പാറ എന്ന പുണ്യ ഭൂമി, ദൈവവിളിക്കും പ്രേഷിത പ്രവർത്തനങ്ങൾക്കും പുകൾപെറ്റ ഗ്രാമമാണ്. മലങ്കര കത്തോലിക്കാ സഭാതലവൻ സൂര്യതേജസ്സായിരുന്ന അഭി. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴ രൂപതയുടെ ബിഷപ്പ് എമിരിറ്റസ് അഭി. ഏബ്രഹാം മാർ യൂലിയോസ്, കൂരിയ ബിഷപ്പും ഓഷ്യാന സ്ഥാനപതിയുമായ അഭി. ആന്റണി മാർ സിൽവാനോസ് ഉൾപ്പെടെയുള്ള വൈദിക മേലദ്ധ്യക്ഷന്മാർക്കും, നിരവധി നിലംതികഞ്ഞ വൈദിക പ്രമുഖർക്കും, സന്ന്യസ്തശ്രേഷ്ഠർക്കും ജന്മംനൽകിയ മണ്ണാണ് കല്ലൂപ്പാറ.

1924 ൽ ചങ്ങനാശ്ശേരി അതിരൂപതയിലെ ഫാ. ഡൊമനിക്ക് തോട്ടാശേരിൽ അച്ചൻ അദ്ദേഹത്തോടൊപ്പം തറയിൽ ഏബ്രഹാം സാർ, കൊണ്ടൂർ ഈപ്പൻ സാർ, പള്ളിപീടികയിൽ കുരുവിള, പാലായിൽ വെച്ച് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട അദ്ധ്യാപകരായ വെള്ളാപ്പള്ളി വർഗീസും സഹോദരൻ മാമ്മനും പേരാലുംമൂട്ടിൽ തോമസും ചേർന്ന് കല്ലൂപ്പാറയിലെ ഭവനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ ത്യാഗോജ്ജ്വലമായ മിഷൻ പ്രവർത്തനത്തിലൂടെ കല്ലൂപ്പാറ ചന്തയിലുള്ള 45 സെന്റ് കൊച്ചുപാറയ്ക്കൽ പുരയിടം വാങ്ങി അതിൽ ചാപ്പൽ കെട്ടി ശുശ്രൂഷ ആരംഭിച്ചു. ചാപ്പലിന് മുൻപിലായി അന്തോണിയോസിന്റെ രൂപം പ്രതിഷ്ഠിച്ചുള്ള കുരിശടിയും സ്ഥാപിച്ചു. കുരിശടിയിൽ എല്ലാ ചൊവ്വാഴ്ചയും പ്രാർത്ഥനയും നേർച്ചവിളമ്പും നടത്തിയിരുന്നു.

ഈ ദൈവാലയം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാപ്പള്ളി എന്ന പേരിലാണ് ആരംഭിച്ചത്. 1967 ൽ ജർമ്മനിയിൽ നിന്നുള്ള സാമ്പത്തികസഹായത്തോടെ ഇപ്പോഴത്തെ പള്ളി പണിത് അതിന്റെ

നിർമ്മാതാക്കളുടെ ആഗ്രഹപ്രകാരം സെന്റ് ഗിൽബെർട്ട് മലങ്കര കാത്തലിക് ചർച്ച് എന്ന് പേര് നൽകി. ഇടവകാംഗങ്ങളുടെ ഏകകണ്ഠമായ അഭ്യർത്ഥന മാനിച്ച് തിരുവല്ല അതിരൂപതാദ്ധ്യക്ഷ നായിരുന്ന അഭി. ഐസക് മാർ ക്ലീമീസ് പിതാവ് 2005 ഏപ്രിൽ 3-ാം തീയതി ഈ ദൈവാലയത്തെ സെന്റ് ആന്റണീസ് മലങ്കര കാത്തലിക് ചർച്ച് എന്ന് പുനർനാമകരണം ചെയ്ത് കല്പനപുറപ്പെടുവിച്ചു.

അഭി. കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ റോമിൽ നിന്നും ഏറ്റുവാങ്ങിയ വി. അന്തോണീയോസിന്റെ അഴുകാത്ത നാവിന്റെ തിരുശേഷിപ്പ് 2013 ഏപ്രിൽ മാസം 13-ാം തീയതി കല്ലൂപ്പാറ ദൈവാലയത്തിൽ സ്ഥാപിച്ചു. മാർപ്പാപ്പ തിരുമേനിയുടെ അംഗീകാരത്തോടും ആശീർവാദത്തോടും കൂടി ഈ ദൈവാലയത്തെ മലങ്കര കത്തോലിക്കാ സഭയിലെ വി. അന്തോണീസിന്റെ ഏക തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 5 മണിക്ക് നടക്കുന്ന കുർബാനയിലും തുടർന്നുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനയിലും, നേർച്ച വിളമ്പിലും നാനാ ജാതി മതസ്ഥർ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. 25 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഈ ദൈവാലയത്തിൽ ഇതിനോടകം 27 വൈദികർ സാരഥികളായിരുന്നിട്ടുണ്ട്. ഇപ്പോഴത്തെ അമരക്കാരൻ ബഹു. വർഗീസ് കണ്ടത്തിലച്ചനാണ്.

കല്ലൂപ്പാറ അടുക്കുവേലിൽ മലയിൽ കെ.എസ്.ആർ.ടി.സി., ഡി.റ്റി.ഒ. ആയിരുന്ന എം.എം. അലക്സാണ്ടറിന്റെയും സാറാമ്മ അലക്സാണ്ടറിന്റെയും 5 മക്കളിൽ സീമന്ത പുത്രിയായി 1956 നവംബർ 5 നാണ് അന്നമ്മ തോമസിന്റെ ജനനം. ടീച്ചറിന്റെ കുടുംബം കല്ലൂപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകയാണ്. ബി.എസ്.എഫ്. ജവാനും കല്ലൂപ്പാറ ഗവ. യു.പി. സ്കൂൾ പ്രധാനാദ്ധ്യാപകനുമായിരുന്ന ടീച്ചറിന്റെ വല്ല്യപ്പച്ചൻ ഒരു ഉപദേശി കൂടിയായിരുന്നു. അതിനാൽ ഒരു ആത്മീയ അന്തരീക്ഷം കുടുംബത്തിൽ എപ്പോഴും നിലനിന്നിരുന്നു. എസ്.എസ്.എൽ.സി. പഠനത്തിനു ശേഷം അന്നമ്മ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായി 1977 മുതൽ 30 വർഷക്കാലം ഇരവിപേരൂർ സെന്റ് മേരീസ് ഹോസ്പിറ്റലിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്തിരുന്നു. അവിടെ നിന്ന് വിരമിച്ച ശേഷം 10 വർഷക്കാലം കല്ലൂപ്പാറ കവലയിൽ സ്വന്തമായി ലാബ് ക്ലിനിക്ക് നടത്തിയിരുന്നു. അതിനുശേഷം 1999 മുതൽ പോസ്റ്റ് ഓഫീസ് ദേശീയ സമ്പാദ്യപദ്ധതിയുടെ ആർ.ഡി. ഏജന്റായി ഇപ്പോഴും പ്രവർത്തിക്കുന്നു.

1980 ൽ കല്ലൂപ്പാറ ശ്രാമ്പിക്കൽ പോസ്റ്റ് മാസ്റ്ററായിരുന്ന എസ്. വി. തോമസ് (രാജു) നെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ.



മതാദ്ധ്യാപികയാകാനുള്ള സാഹചര്യം ഉണ്ടായത്, പള്ളിയിൽ ഞാനെന്റെ മക്കളുടെ സൺഡേ സ്കൂൾ കഴിയുന്നതുവരെ അവർക്ക് കൂട്ടിരിക്കും. അവിടെ സിസ്റ്റർമാരും ടീച്ചേഴ്സും എടുക്കുന്ന ക്ലാസുകൾ ഞാൻ ശ്രദ്ധിച്ചിരിക്കും. ക്രമേണ പഠിപ്പിക്കാനുള്ള ഒരു പ്രചോദനം അറിയാതെ എന്നിൽ അങ്കുരിച്ചു. സത്യത്തിൽ പരിശുദ്ധാത്മാവ് എന്നെ ഒരുക്കി എന്ന് പറയുന്നതാവും ശരി. ഫിലിപ്പി 4:13 ൽ പറയുന്നുണ്ട്, "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും".

www.malankaralibrary.com



ദൈവം ഭരമേൽപിച്ച ഈ ഇടവകയിലെ 16 കുട്ടികൾക്കും വിശ്വാസപരിശീലനം പകർന്ന് നൽകുക എന്നുള്ളത് പരിപാവനമായ ദൗത്യമായി ടീച്ചർ കാണുന്നു. അതിനു വേണ്ടി എന്തു ത്യാഗത്തിനും വിട്ടുവീഴ്ചയ്ക്കും ഈ ടീച്ചറമ്മ തയ്യാറാണ്. ഏത് ജോലി ഏറ്റെടുക്കുമ്പോഴും അത് സന്തോഷത്തോടും സമർപ്പണ മനോഭാവത്തോടും കൂടി ചെയ്യുമ്പോൾ അവിടെ ദൈവിക സാന്നിദ്ധ്യം നിറഞ്ഞു നിൽക്കും അത് വിജയകരമായിത്തീരുകയും ചെയ്യും.

ടീച്ചർ പറയുന്നു, നല്ല അനുഗ്രഹം ലഭിപ്പാൻ മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം. അമ്മയെ സ്നേഹിക്കുകയും അപ്പനെ ബഹുമാനിക്കുകയും ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കുമെന്ന് മതഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. മാതാപിതാക്കൾ ഒരിക്കലും മക്കളിൽ കോപമോ അപമാനമോ ഉണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്യരുത്. അവർ നിങ്ങളെ വെറുക്കും. അവർ അവരുടെ ലോകത്ത് ഒറ്റപ്പെട്ടു പോകും. അതു പോലെ തന്നെ കുഞ്ഞുങ്ങളെ തളർത്തുന്ന വാക്കുകൾ പറയരുത്. പരീക്ഷയ്ക്ക് പഠിച്ച് മടുത്ത കുട്ടിയെ കാണിച്ച് കൊണ്ട് അമ്മ അപ്പനോട് പറഞ്ഞു, "നോക്ക് പഠിച്ച് പഠിച്ച് നമ്മുടെ മോന്റെ കണ്ണുകൾ കുഴിഞ്ഞു പോയി" ഉടനെ അപ്പന്റെ മറുപടി, "സാരമില്ലെടി, റിസൾട്ട് വരുമ്പോൾ അത് തള്ളി പുറത്ത് വന്നു കൊള്ളും". ഇത് കേൾക്കുന്ന മകന്റെ മനസ്സിലെ വികാരങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

ഈ കുടുംബം ഒന്നാകെ ദൈവശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ വിട്ടുകൊടുത്തിരിക്കുകയാണ്. രാജുച്ചായൻ ഇടദിവസങ്ങളിൽ ദൈവാലയത്തിലെ പ്രധാന ശുശ്രൂഷകനായി മാറുന്നു. ചെറുമക്കൾ മൂവരും അൾത്താര ശുശ്രൂഷകരാണ്. മകൻ മാർവിൻ ഇടവക സെക്രട്ടറിയാണ്. മരുമകൾ ഷിബി മതാദ്ധ്യാപികയാണ്.

എല്ലാ ദിവസവും കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്ന ടീച്ചർ പ്രാർത്ഥന ആവശ്യപ്പെടുന്ന എല്ലാവരെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുമ്പോൾ ആകാസായിലും പീലാസായിലും അവരുടെ ആവശ്യങ്ങളും അപേക്ഷകളും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

ഇടവക വികാരി ബഹു. വർഗീസ് കണ്ടത്തിലച്ചനും ടീച്ചറിനെക്കുറിച്ച് നല്ലത് മാത്രമെ പറയുവാനുള്ളൂ. "കുട്ടികൾക്കും മുതിർന്നവർക്കു പോലും ടീച്ചറിനോട് ആദരവും ബഹുമാനവുമാണ്. സൺഡേ സ്കൂൾ കുട്ടികളുടെ കാര്യങ്ങളിൽ ടീച്ചർ എന്ത് കഷ്ടപ്പാട് സഹിക്കാനും തയ്യാറാണ്. പ്രായാധിക്യത്തിന്റെ അവശതകൾ പോലും അവഗണിച്ച് അവർക്ക് ചെയ്യേണ്ടതെല്ലാം ചെയ്തുകൊടുക്കും. കുട്ടികളെയും കൊണ്ട് സൺഡേസ്കൂളിന്റെ പരിപാടികൾക്കും മത്സരങ്ങൾക്കും എല്ലാം കൊണ്ടുപോകുന്നതും ടീച്ചർ തന്നെയാണ്.

തന്നെക്കൊണ്ട് കഴിയുന്ന ഏത് സഹായവും ചെയ്യുന്നതിന് അന്നമ്മ ടീച്ചർ എപ്പോഴും തയ്യാറാണ്. വികാരിയച്ചനുള്ള രാവിലത്തെ പ്രാതൽ മുടക്കം കൂടാതെ ടീച്ചറിന്റെ ഭവനത്തിൽ നിന്നും കൊണ്ട് കൊടുക്കുന്നുണ്ട്. അത് ദൈവാനുഗ്രഹ പ്രവൃത്തിയായി ടീച്ചർ കാണുന്നു. ഗോസ്പൽ റൈറ്റിംഗ് ചലഞ്ചിന്റെ ഭാഗമായി ബൈബിളിലെ സുവിശേഷ ഭാഗങ്ങൾ സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കി അതിന് ബൈബിളിന്റെ മനോഹരമായ പുറംചട്ടയിട്ട് സൂക്ഷിച്ചിരിക്കുന്നു. ബൈബിൾ ഒരു പ്രാവശ്യം പൂർണ്ണമായി വായിച്ചു കഴിഞ്ഞു. മാർ സിൽവാനോസ് പിതാവ് ഓൺലൈൻ ആയി നടത്തുന്ന മതാദ്ധ്യാപക പഠന ക്ലാസിൽ പങ്കെടുക്കുന്ന ടീച്ചർ അടുത്തു നടക്കുന്ന എക്സാമിന്റെ ഒരുക്കത്തിലാണ്.

കണ്ണിന് നേരിയ തോതിൽ ഗ്ലൂക്കോമാ ബാധിച്ചിട്ടുണ്ടെങ്കിലും ടീച്ചറിന് മറ്റ് കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ല. എം.സി.വൈ.എം. ആനിമേറ്റർ, മാതൃസമാജം പ്രവർത്തക, കുടുംബകൂട്ടായ്മ സെക്രട്ടറി ഇടവക ഭരണ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നിശബ്ദസേവനത്തിന്റെ ഉദാത്ത മാതൃകയാണ് അന്നമ്മ ടീച്ചർ. "സ്ഥാനമാനത്തിനോ പ്രശസ്തിക്കോ വേണ്ടി ഞാൻ ഒന്നും ചെയ്യാറില്ല". ബൈബിളിൽ പറയുന്നുണ്ടല്ലോ ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. നമ്മുടെ ഹൃദയത്തിൽ വിശുദ്ധി ഉണ്ടെങ്കിൽ മാത്രമെ നമുക്ക് നമ്മുടെ സഹജീവികളെ സ്നേഹിക്കാനും, സേവിക്കാനും അവരുടെ കണ്ണീരൊപ്പാനും പറ്റൂ. ഞാൻ പറഞ്ഞത് ശരിയല്ലേ?".

എന്റെ പ്രയത്നങ്ങൾ ഈശ്വര കരങ്ങളിൽ സമർപ്പിക്കുമ്പോൾ പ്രയത്നഫലങ്ങളെക്കുറിച്ച് ഓർത്ത് എനിക്ക് വേവലാതിയില്ല. ബാക്കി കാര്യങ്ങൾ ദൈവം നോക്കികൊള്ളും. ●

**Super Talented Kid**



**എട്ടാം മാസത്തിൽ ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ് "Super Talented Kid' അവർഡ് നേടിയ കെയ്റ മറിയം റ്റിജോ. 250 ൽ പരം ഫ്ളാഷ് കാർഡ് കവറിംഗ് 20 വ്യത്യസ്ത വിഭാഗങ്ങളിൽ തിരിച്ചറിഞ്ഞതു കൊണ്ടാണ് ഈ അവാർഡിന് അർഹയായത്. വാളക്കുഴി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമായ പറങ്കാമ്മൂട്ടിൽ റ്റിജോ പി തോമസിന്റെയും ബിറ്റിയുടെയും മകളാണ്.**


www.malankaralibrary.com

# കുരിശിന്റെ വഴി; ഒരു പഠനം

ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

ഒരു വിശ്വാസി കുരിശിന്റെ വഴി നടത്തുന്നത്, ഒന്നാമതായി, അവന്റെ വിശ്വാസം ദൃഢമാക്കുവാനും പൂർണ്ണതയുടെ വഴിയിൽ മുന്നേറുന്നതിനുമാണ്. നമ്മെത്തന്നെ ത്യജിക്കുവാനും നല്ലവനായ ദൈവം നമുക്ക് നൽകുന്ന ഏതൊരു കുരിശും സന്തോഷത്തോടെ ഏറ്റെടുക്കുവാനും കഷ്ടതകൾക്കിടയിൽ ക്ഷമയും സൗമ്യതയും കാണിക്കുവാനും രക്ഷകൻ നമ്മോട് കരുണ കാണിച്ചതുപോലെ മറ്റുള്ളവരോട് കരുണ കാണിക്കുവാനും ഈ ഭക്താഭ്യാസം നമ്മെ പ്രാപ്തരാക്കുന്നു. കുരിശിന്റെ വഴി നമ്മുടെ കഷ്ടപ്പാടുകളിൽ നമുക്ക് ആശ്വാസവും പ്രലോഭനങ്ങളുടെ ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണവുമാണ്. കുരിശിന്റെ വഴിയിൽ നാം ക്രിസ്തുവിനെക്കുറിച്ച് ധ്യാനിക്കുമ്പോൾ, നമ്മുടെ കഷ്ടപ്പാടുകൾ നല്ല മനസ്സോടെ സ്വീകരിക്കുവാൻ നമുക്ക് സാധിക്കുന്നു. നാം അവന്റെ പീഡാനുഭവത്തെക്കുറിച്ച് അനുകമ്പയോടെ ധ്യാനിക്കുമ്പോൾ, അവൻ ആർദ്രമായ സ്നേഹത്തോടെ നമ്മെ നോക്കുന്നു, നമ്മെ ആശ്വസിപ്പിക്കുന്നു, അവസാനംവരെ ധൈര്യത്തോടെ നമ്മുടെ കുരിശ് വഹിക്കുവാൻ നമ്മെ ശക്തിപ്പെടുത്തുന്നു.

**രക്ഷകൻ നമ്മോട് കരുണ കാണിച്ചതുപോലെ മറ്റുള്ളവരോട് കരുണ കാണിക്കുവാനും ഈ ഭക്താഭ്യാസം നമ്മെ പ്രാപ്തരാക്കുന്നു.**

## കുരിശിന്റെ വഴിയുടെ ഉത്ഭവം

ഒരുപക്ഷേ കുരിശിന്റെ വഴി പരിചയമുള്ള ആരും ഒരിക്കലും ചോദിക്കില്ല: "ആരാണ് ആദ്യം കുരിശിന്റെ വഴി നടത്തിയത്?" നമ്മുടെ കർത്താവ് ഭാരമേറിയ തന്റെ കുരിശ് ചുമന്നുകൊണ്ട് പീലാത്തോസിന്റെ അരമനയിൽ നിന്ന് കാൽവരിയിലേക്ക് പോയതാണ് ആദ്യത്തെ കുരിശിന്റെ വഴി. അതുകൊണ്ടാണ് യേശുവിൽ വിശ്വസിക്കുന്നവർ കുരിശിന്റെ വഴി നടത്തുന്നതിൽ ആഴത്തിലുള്ള ആത്മീയ ഉള്ളടക്കം കണ്ടെത്തുന്നത്.

www.malankaralibrary.com



എന്നാൽ യേശുവിന് ശേഷം ആരാണ് ആദ്യമായി കുരിശിന്റെ വഴി നടത്തിയത്? പരിശുദ്ധ അമ്മ ചെയ്തുവെന്ന് പാരമ്പര്യം നമ്മോട് പറയുന്നു. ദുഃഖശനിയാഴ്ചയിൽ, സംഭവിച്ചതിനെക്കുറിച്ചെല്ലാം സങ്കടത്തോടെ ചിന്തിച്ചുകൊണ്ട് തലേദിവസം തന്റെ മകൻ നടന്ന വഴിയിൽ പരിശുദ്ധ അമ്മ നടന്നു. പിന്നീട്, അവളും ശിഷ്യന്മാരും വിശുദ്ധ സ്ത്രീകളും പലപ്പോഴും യേശുവിന്റെ അന്ത്യയാത്രയുടെ അനുസ്മരണയിൽ പ്രാർത്ഥനയോടുകൂടി ആ വഴി നടന്നു. ഇപ്രകാരം പരിശുദ്ധ അമ്മയും ശിഷ്യന്മാരും രക്ഷകന്റെ കഷ്ടപ്പാടുകളുടെയും മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സ്ഥലങ്ങൾ ദിവസേന സന്ദർശിക്കുന്നതിൽ മാതൃകയായി തീർന്നുവെന്നാണ് പാരമ്പര്യം. ക്രിസ്തുമതത്തിന്റെ ആദിമകാലം മുതൽ, കാൽവരിയിലേക്കുള്ള വഴിയിൽ ക്രിസ്തുവിന്റെ പീഢാനുഭവത്തിന്റെ കാൽച്ചുവടുകളിൽ നടക്കുവാൻ തീർത്ഥാടകർ ജറുസലേമിലേക്ക് യാത്രചെയ്തു.



വിശുദ്ധ ഹെലേന (325) കാൽവരിയിലെ ക്രിസ്തുവിന്റെ യഥാർത്ഥ കുരിശ് കണ്ടെത്തി കാൽവരിയിൽ ഒരു ക്രിസ്ത്യൻ ദൈവാലയം പണിതപ്പോൾ, വിശുദ്ധ സ്ഥലങ്ങളിലേക്ക് ആളുകളുടെ ശക്തമായ ഒരു കടന്നുവരവ് ഉണ്ടായി. അപ്രകാരം ജറുസലേം ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടക സ്ഥലമായി മാറി. വിശുദ്ധ ജെറോം (340–420) തന്റെ നാളിൽ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുവാൻ എല്ലാ രാജ്യങ്ങളിൽ നിന്നും വരുന്ന തീർത്ഥാടകരുടെ തിരക്കിനെക്കുറിച്ച് തന്റെ രചനകളിൽ പറയുന്നു.

ജറുസലേമിലെ സഭ വളരെ നേരത്തെ തന്നെ 'വിശുദ്ധ സ്ഥലങ്ങളോടുള്ള' അവളുടെ സ്നേഹവും വണക്കവും കാണിച്ചു. രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ, ക്രിസ്തുവിന്റെ കല്ലറ സ്ഥിതിചെയ്ത സ്ഥലങ്ങളിൽ ക്രിസ്ത്യൻ ആരാധനയുടെ പ്രകടനങ്ങൾ നിലവിലുണ്ടെന്ന് പുരാവസ്തു ഗവേഷണങ്ങൾ തെളിയിക്കുന്നു. അഞ്ച്, ആറ് നൂറ്റാണ്ടുകളിലെ തീർത്ഥാടകർ എഴുതിയ വിവിധ രേഖകളിൽ സൂചിപ്പിച്ചിരിക്കുന്ന ജറുസലേമിൽ നിലനിന്നിരുന്ന ഒരുതരം ഘോഷയാത്ര ഭാവിയിലെ കുരിശിന്റെ വഴിയുടെ ഭ്രൂണരൂപമായി ചില പണ്ഡിതന്മാർ കണക്കാക്കിയിരുന്നു.

പിന്നീട് വിശുദ്ധഭൂമി തുർക്കികളുടെ കൈകളിലായതുകൊണ്ട് ജറുസലേമിലെ കുരിശിന്റെ യഥാർത്ഥ വഴി വളരെ പ്രയാസത്തോടെയും ഭയത്തോടെയും മാത്രമേ തീർത്ഥാടകർക്ക് നടത്തുവാൻ കഴിഞ്ഞുള്ളൂ.

മധ്യകാലഘട്ടത്തിൽ, "വിശുദ്ധ സ്ഥലങ്ങളുടെ" ആകർഷണം പ്രാദേശികമായി അവയെ പുനർനിർമ്മിക്കാനുള്ള ആഗ്രഹത്തിന് കാരണമായി: ജറുസലേമിൽ നിന്ന് മടങ്ങിയെത്തിയ ചില തീർത്ഥാടകർ അവരുടെ സ്വന്തം നഗരത്തിൽ കുരിശിന്റെ വഴി പുനർനിർമ്മിച്ചു. കുരിശിന്റെ വഴി, ഇന്ന് നാം മനസ്സിലാക്കുന്നതുപോലെ ക്രമേണ രൂപം പ്രാപിച്ചത് മധ്യകാലഘട്ടത്തിന്റെ അവസാനത്തിലാണ്. ക്ലെയർവോയിലെ വിശുദ്ധ ബെർണാഡ് (+ 1153), അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് (+ 1226), വിശുദ്ധ ബൊനവന്തുരാ (+ 1274) എന്നിവർ തങ്ങളുടെ സ്നേഹവും ധ്യാനാത്മകവുമായ സമർപ്പണത്താൽ ഭക്തിനിർഭരമായ കുരിശിന്റെ വഴിയുടെ ആചാരം വികസിപ്പിച്ചെടുക്കാൻ നിലമൊരുക്കി. 1095 മുതൽ 1291 വരെ നീണ്ടുനിന്ന ജറൂസലേം തിരിച്ചുപിടിക്കാനായുള്ളകുരിശുയുദ്ധങ്ങളും കുരിശിന്റെ വഴിയോടുള്ള താത്പര്യം വിശ്വാസികളിൽ വർധിപ്പിച്ചു. ഏകദേശം 1294– ൽ ഡൊമിനിക്കൻ സന്ന്യാസി ആയിരുന്ന റിക്കോൾഡോ (Riccoldo da Monte di Croce), തന്റെ യാത്രാവിവരണത്തിൽ വിശുദ്ധ സ്ഥലത്തേക്ക് നടത്തിയ തീർത്ഥാടനത്തെക്കുറിച്ച് വിവരിക്കുന്നു. ഈ വിവരണത്തിൽ കുരിശിലെ വഴിയുടെ വിവിധ സ്ഥലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

**ദുഃഖശനിയാഴ്ചയിൽ, സംഭവിച്ചതിനെക്കുറിച്ചെല്ലാം സങ്കടത്തോടെ ചിന്തിച്ചു കൊണ്ട് തലേദിവസം തന്റെ മകൻ നടന്ന വഴിയിൽ പരിശുദ്ധ അമ്മ നടന്നു.**

www.malankaralibrary.com





**കുരിശിന്റെ വഴി, അതിന്റെ ഉത്ഭവത്തിൽ വളരെ വിശുദ്ധമാണ്, അതുപോലെ തന്നെ അതിന്റെ ഫലങ്ങളിലും വിശുദ്ധമാണ്.**

1342-ൽ വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണം ഫ്രാൻസിസ്കൻ സന്ന്യാസി സമൂഹത്തെ ഏൽപ്പിച്ചു. ക്രിസ്തുവിന്റെ പീഡാനുഭവത്തോടുള്ള ഭക്തിയുടെ പശ്ചാത്തലത്തിൽ, കാൽവരി മലയിലേക്കുള്ള കയറ്റത്തിൽ യേശു നടന്ന പാതയെ അനുസ്മരിച്ചുകൊണ്ട്, പ്രധാനമായും യൂറോപ്പിൽ പ്രചരിച്ച വിവിധ ഭക്താഭ്യാസങ്ങളുടെ സംയോജനത്തിൽ നിന്നാണ് കുരിശിന്റെ വഴി ഇന്നത്തെ രീതിയിൽ ഉടലെടുത്തത്. ഫ്രാൻസിസ്കൻ സന്ന്യാസി സമൂഹത്തിന്റെ നേതൃത്വത്തിൽ യൂറോപ്പിൽ കുരിശിന്റെ വഴിയുടെ ഭക്തി ക്രമേണ പ്രചരിക്കപ്പെട്ടു, അവിടെ നിന്ന് അത് ലോകമെമ്പാടും വ്യാപിച്ചു. ഇത് ഇപ്പോൾ കത്തോലിക്കാ ആരാധനകളിൽ ഏറ്റവും പ്രചാരമുള്ള ഭക്താഭ്യാസമാണ്.

പതിനാറാം നൂറ്റാണ്ടിൽ, ഈ പാതയ്ക്ക് ഔദ്യോഗികമായി ഡോളോറോസ വഴി എന്ന പേര് ലഭിച്ചു. കുരിശിന്റെ വഴിയിലൂടെ, ക്രിസ്ത്യാനികൾക്ക് യഥാർത്ഥത്തിൽ അവിടെ പോകാതെ തന്നെ ജറുസലേമിലെ ഡോളോറോസ (Via Dolorosa) (ലാറ്റിൻ ഭാഷയിൽ "സങ്കടങ്ങളുടെ വഴി" അല്ലെങ്കിൽ "കഷ്ടപ്പാടുകളുടെ വഴി" എന്ന അർത്ഥം) വഴി ആത്മീയമായി യാത്ര ചെയ്യാൻ കഴിഞ്ഞു.

ഇന്നത്തെ രൂപത്തിലെ കുരിശിന്റെ വഴി, പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സ്പെയിനിലെ ഫ്രാൻസിസ്കൻ സഭാ സമൂഹങ്ങളുടെ ആരാധനാക്രമങ്ങളിൽ അതേ പതിന്നാലു സ്ഥലങ്ങളോടു കൂടി ക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്പെയിനിൽ നിന്ന് അത് ആദ്യം ഇറ്റലിയിലേക്കും തുടർന്ന് യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലേക്കും വ്യാപിച്ചു. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങൾ സ്ഥാപിക്കുന്നതിൽ ആ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ മുൻകൈയെടുത്ത ഫ്രാൻസിസ്കൻ സന്ന്യാസി ആയിരുന്നു പോർട്ട് മൗറിസിലെ (ഇറ്റലി) വിശുദ്ധ ലിയോനാർഡ് (1676 1751). തന്റെ നീണ്ട മിഷനറി ജീവിതത്തിനിടയിൽ, വിശുദ്ധ ലിയോനാർഡ് 570-ലധികം കുരിശിന്റെ വഴികൾ സ്ഥാപിച്ചു. 1750-ലെ വിശുദ്ധ വർഷത്തിൽ ബെനഡിക്ട് പതിനാലാമൻ മാർപ്പാപ്പ അനുഗ്രഹിച്ച കൊളോസിയത്തിൽ വിശുദ്ധ ലിയോനാർഡ് സ്ഥാപിച്ച കുരിശിന്റെ വഴിയാണ് അവയിൽ ഏറ്റവും അറിയപ്പെടുന്നത്.

മിഷനറിമാരുടെ പ്രവർത്തനഫലമായാണ് ഭാരതത്തിൽ കുരിശിന്റെ വഴി പ്രചാരത്തിലാകുന്നത്. കുരിശിന്റെ വഴി കേരളസഭയിൽ പരിചിതമാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച വ്യക്തിയാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.

**ഫലങ്ങൾ**

കുരിശിന്റെ വഴി, അതിന്റെ ഉത്ഭവത്തിൽ വളരെ വിശുദ്ധമാണ്, അതുപോലെ തന്നെ അതിന്റെ ഫലങ്ങളിലും വിശുദ്ധമാണ്. ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനം നമ്മുടെ പരീക്ഷണങ്ങളിലും കഷ്ടതകളിലും നമുക്ക് ഏറ്റവും സഹായകരവും ദൈവത്തിന്റെ ഏറ്റവും മികച്ച കൃപകളെ ആത്മാവിലേക്ക് ഇറക്കുന്നതുമായ ഒരു പരിശീലനമാണ്. കുരിശിന്റെ വഴി നമ്മുടെ ചിന്തകളെ ജറുസലേമിലേക്ക് തിരികെ കൊണ്ടുപോകുന്നു. പീഡാനുഭവത്തിന്റെ ദൃശ്യങ്ങൾ മനസ്സിന്റെ കണ്ണിൽ ദൃശ്യമാകും. ജറുസലേമിലേക്കും അവിടത്തെ പുണ്യസ്ഥലങ്ങളിലേക്കും മറ്റുമായി നടത്താനാവാത്ത തീർത്ഥാടനം ആത്മാവിൽ നടത്തുവാൻ വിശ്വാസിക്ക് സാധിക്കും.

www.malankaralibrary.com



**സ്ഥലങ്ങളുടെ വൈവിധ്യം**

കുരിശിന്റെ വഴിയിലെ ആദ്യകാല സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം, ചരിത്രകാരന്മാർ കുറഞ്ഞത് നാല് സന്ദർഭങ്ങളെങ്കിലും "ഒന്നാമത്തെ സ്ഥലം" ആയി തിരഞ്ഞെടുത്തിട്ടുണ്ട്:

- യേശു തന്റെ അമ്മയിൽ നിന്ന് വിട വാങ്ങുന്നു. ബൈബിൾ അടിസ്ഥാനം ഇല്ലാത്തതിനാൽ ഈ ഒന്നാമത്തെ സ്ഥലത്തിന് വലിയ പ്രചാരം ലഭിച്ചില്ല.

- ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നത്. ഇത് അന്ത്യഅത്താഴത്തിന്റെയും കുർബാനയുടെ സ്ഥാപനത്തിന്റെയും സംഭവത്തിൽ സജ്ജീകരിച്ചിരിക്കുന്നു.പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഉണ്ടായിരുന്ന ചില കുരിശിന്റെ വഴികളിൽ ഇത് വളരെ ജനപ്രിയമായിരുന്നു.

-ഗെത്സെമനിലെ ക്രിസ്തുവിന്റെ വേദന. പിതാവിനോടുള്ള സ്നേഹപൂർവമായ അനുസരണത്തിൽ അവസാന തുള്ളി വരെ യേശു തന്റെ പീഡാനുഭവത്തിന്റെ പാനപാത്രം കുടിക്കുവാൻ തിരഞ്ഞെടുക്കുന്നു. അതിന്റെ ബൈബിൾ അടിസ്ഥാനം കൊണ്ട് ശ്രദ്ധേയമായ ഈ സംഭവം പതിനേഴാം നൂറ്റാണ്ടിലെ ചില കുരിശിന്റെ വഴിയിലെ പ്രാരംഭ സ്ഥലമായിരുന്നു.

- പീലാത്തോസിന്റെ അരമനയിൽ യേശുവിന്റെ വിചാരണ. അത് യേശുവിന്റെ ദുഃഖകരമായ അവസാന വഴിയുടെ ആരംഭസ്ഥലമായി അടയാളപ്പെടുത്തുന്നു.

സ്ഥലങ്ങളുടെ വിഷയവും വ്യത്യസ്തമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ സ്ഥലങ്ങളുടെ തിരഞ്ഞെടുപ്പിലും എണ്ണത്തിലും ക്രമത്തിലും വലിയ വൈവിധ്യം നിലനിന്നിരുന്നു.

ക്ലെമന്റ് പന്ത്രണ്ടാമൻ മാർപ്പാപ്പ (1652-1740) എല്ലാ പള്ളികളിലും കുരിശിന്റെ വഴി സ്ഥാപിക്കുവാൻ അനുവദിക്കുകയും എണ്ണം 14 ആയി നിജപ്പെടുത്തുകയും ചെയ്തു. 1742-ൽ ബെനഡിക്ട് പതിനാലാമൻ മാർപ്പാപ്പ എല്ലാ വൈദികരെയും അവരുടെ പള്ളികളെ കുരിശിന്റെ വഴി കൊണ്ട് സമ്പന്നമാക്കുവാൻ ഉദ്ബോധിപ്പിച്ചു.

14 പരമ്പരാഗത സ്ഥലങ്ങൾ ഇവയാണ്: പീലാത്തോസ് ക്രിസ്തുവിനെ മരണത്തിനു വിധിക്കുന്നു; യേശു കുരിശു ചുമക്കുന്നു; ആദ്യ വീഴ്ച; യേശു തന്റെ അമ്മയെ കണ്ടുമുട്ടുന്നു; കുരിശു ചുമക്കുവാൻ കെവുറീനിലെ ശിമയോൻ സഹായിക്കുന്നു; വെറോനിക്ക യേശുവിന്റെ മുഖം തുടയ്ക്കുന്നു; രണ്ടാമത്തെ വീഴ്ച; ജറുസലേമിലെ സ്ത്രീകളോട് യേശു സംസാരിക്കുന്നു; മൂന്നാമത്തെ വീഴ്ച; യേശുവിന്റെ വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റുന്നു; യേശുവിനെ കുരിശിൽ തറയ്ക്കുന്നു; യേശുവിന്റെ മരണം; യേശുവിനെ കുരിശിൽ നിന്ന് ഇറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നു; യേശുവിനെ കല്ലറയിൽ സംസ്കരിക്കുന്നു. നമ്മുടെ കർത്താവിന്റെ പീഡാനുഭവവും മരണവും അവന്റെ പുനരുത്ഥാനവും തമ്മിലുള്ള അന്തർലീനമായ ബന്ധം കാരണം, നിരവധി ഭക്തി പുസ്തകങ്ങളിൽ ഇപ്പോൾ പുനരുത്ഥാനത്തെ അനുസ്മരിക്കുന്ന "പതിനഞ്ചാമത്തെ" സ്ഥലം ഉൾപ്പെടുത്തിയിരിക്കുന്നു.

മലങ്കര സുറിയാനി പാരമ്പര്യത്തിൽ ദുഃഖ വെള്ളിയാഴ്ചയിലെ മുഴുവൻ ശുശ്രൂഷയും കർത്താവിന്റെ കുരിശിന്റെ വഴിയെ അനുഗമിക്കുന്നതും അനുസ്മരിക്കുന്നതുമാണ്. ലോകമാസകലമുള്ള ക്രിസ്ത്യാനികൾ അനുഷ്ഠിച്ചുവരുന്ന കുരിശിന്റെ വഴി ഒരു സഭാസമൂഹത്തിന്റെയും ആരാധനയുടെ ഭാഗമല്ല. പിന്നെയോ, അത് ഒരു ജനപ്രീതിയുള്ള പരിചിതമായ ഒരു ഭക്താഭ്യാസം മാത്രമാണ്. അതിനാൽ തന്നെ കുരിശിന്റെ വഴിയുടെ അനുഷ്ഠാനം ഒരിക്കലും ഏതെങ്കിലും ആരാധനക്രമത്തെ നിരാകരിക്കുന്നതല്ല. വിശ്വാസത്തെ ശക്തിപ്പെടുത്തുവാനും, ക്രിസ്ത്യാനി സത്പ്രവൃത്തികൾ ചെയ്യുന്നതിൽ മുന്നേറുവാനും, മനുഷ്യന്റെ രക്ഷയ്ക്ക് ശത്രുവുമായുള്ള പോരാട്ടങ്ങളിൽ അവന് ആത്മീയ സാന്ത്വനവും ശക്തമായ സംരക്ഷണവും നൽകുവാനും കുരിശിന്റെ വഴി സഹായിക്കുന്നു.

●


## എം. സി. വൈ. എം. സഭാതല പ്രസിഡന്റ്



**എം. സി. വൈ. എം. യുവജനപ്രസ്ഥാനത്തിന്റെ സഭാതല സമിതി പ്രസിഡന്റായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ തിരുവല്ല അതിഭദ്രാസനത്തിലെ കോട്ടൂർ ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ ശ്രീ. മോനു ജോസഫിന് ആശംസകൾ.**

www.malankaralibrary.com



ആരോഗ്യം



**ഡോ. എസ്. വിജയലക്ഷ്മി**
അസിസ്റ്റന്റ് പ്രൊഫസർ, ന്യൂറോളജി
പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റൽ

# കൊടുക്കേണ്ടത് താക്കോലല്ല, കൃത്യമായ ചികിത്സയാണ്

വളരെയധികം മിഥ്യാധാരണകൾ ഉള്ള ഒരു അസുഖമാണ് അപസ്മാരം. നമ്മുടെ തലച്ചോറിലെ കോശങ്ങൾ (neurons) തമ്മിൽ സംവദിക്കുന്നത് ഇലക്ട്രിക്ക് കറന്റ് വഴിയാണ്. ഇതിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമുണ്ടാകുന്ന അസുഖമാണ് അപസ്മാരം.

അപസ്മാരം പല തരത്തിലുണ്ട്. കൈകാലിട്ടടിച്ച്, ബോധം മറഞ്ഞ്, നുരയും പതയും വരുന്ന തരം അപസ്മാരത്തിനെ ജനറലയിസ്ഡ് ടോണിക്ക് ക്ലോണിക്ക് സീഷർ എന്നു പറയുന്നു. ഇതാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന തരം അപസ്മാരം. ഇതിന് പ്രധാനമായും നാലു ഘട്ടമാണ് ഉള്ളത്.

1. Premonitory stage

കാഴ്ചയിലെ വ്യതിയാനം, ഒരു പേടി പോലെ, വയറിൽ ഒരു കാളിച്ച എന്നിവയുണ്ടാകാം.

2. Tonic stage

ശരീരത്തിലെ പേശികൾ വലിഞ്ഞു മുറുകുന്ന അവസ്ഥ

3. Clonic stage

കൈകാലിട്ട് അടിക്കുന്ന അവസ്ഥ

4. Relaxation stage

രോഗി ശാന്തമാകുന്നു. ചിലർ ഉറങ്ങിപ്പോകുന്നു. ഇതിനു ശേഷം ഛർദ്ദി, തലവേദന, പെരുമാറ്റത്തിൽ വ്യത്യാസം എന്നിവ കണ്ടേക്കാം. ഇതിനെ postictal events എന്ന് പറയുന്നു. ഒന്നിലധികം തവണ fits വരുന്നതിന് അപസ്മാര രോഗമെന്ന് പറയുന്നു.

അപസ്മാരത്തിന്റെ കാരണങ്ങൾ പലതാണ്. പല പ്രായത്തിൽ പല കാരണങ്ങൾ കൊണ്ടാണ് അപസ്മാരം ഉണ്ടാകുന്നത്. നവജാതശിശുക്കളിൽ അപസ്മാരം വരാനുള്ള പ്രധാന കാരണങ്ങൾ ഷുഗർ കുറയുക, കാത്സ്യം കുറയുക, അണുബാധകൾ, പ്രസവസമയത്തെ ബുദ്ധിമുട്ടുകൾ, ജനിതക വൈകല്യങ്ങൾ എന്നിവയാണ്.

കുട്ടികളിൽ പനിയോട് അനുബന്ധപ്പെട്ടാണ് പ്രധാനമായും അപസ്മാരം വരുന്നത്. ഇതിനെ Febrile Seizure എന്നാണ് പറയുന്നത്. ഇതിന് പനിയുടെ ചികിത്സയും, പിന്നീട് പനി വരുമ്പോൾ അപസ്മാരം വരാതിരിക്കാനുള്ള മരുന്നും കുറച്ചു കാലം കൊടുത്താൽ മതിയാകും. ഇത് ഗുരുതരമായ ഒരു രോഗമല്ല. യുവാക്കളിൽ അപസ്മാരത്തിനുള്ള കാരണങ്ങൾ ലഹരി പദാർത്ഥ ഉപയോഗവും പിന്നെ തലയ്ക്ക് ഏൽക്കുന്ന ക്ഷതവുമാണ്. പ്രായമായവരിൽ അപസ്മാരത്തിനുള്ള പ്രധാന കാരണം സ്ട്രോക്കും, ബ്രയിൻ ട്യൂമറുമാണ്.

എല്ലാ അപസ്മാരവും അപകടകാരിയല്ല. 97% കേസുകളും ഒരു മൂന്ന് മിനിറ്റിനുള്ളിൽ തനിയെ മാറും. രോഗിയെ അപകടസ്ഥലത്തു നിന്ന് മാറ്റുക, വസ്ത്രങ്ങൾ അയച്ചിടുക, വശം ചരിച്ചു കിടത്തുക എന്നിവയാണ് ചെയ്യേണ്ടത്. ഒരു കാരണവശാലും താക്കോൽ മറ്റു

**നവജാതശിശുക്കളിൽ അപസ്മാരം വരാനുള്ള പ്രധാന കാരണങ്ങൾ ഷുഗർ കുറയുക, കാത്സ്യം കുറയുക, അണുബാധകൾ, പ്രസവസമയത്തെ ബുദ്ധിമുട്ടുകൾ, ജനിതക വൈകല്യങ്ങൾ എന്നിവയാണ്.**

www.malankaralibrary.com



ഇരുമ്പു വസ്തുക്കൾ എന്നിവ കൊടുക്കരുത്. ഇത് അപകടം കൂട്ടുകയേ ഉള്ളൂ. 3 മിനിറ്റിൽ അപസ്മാരം മാറിയില്ലെങ്കിൽ അടിയന്തിര വൈദ്യസഹായം തേടണം.

രോഗനിർണയത്തിന് രക്തപരിശോധന MRI സ്കാൻ, EEG മുതലായവ വേണം. ചില കേസുകളിൽ genetic test വേണ്ടി വന്നേക്കാം.

അപസ്മാര രോഗിക്ക് കൃത്യമായ ചികിത്സ അത്യാവശ്യമാണ്. ഒരു ഡോക്ടറെ കണ്ട് രോഗനിർണയം നടത്തേണ്ടതുണ്ട്. അതിന്റെ കാരണം കണ്ടുപിടിക്കുകയും കൃത്യമായ മരുന്ന് തുടങ്ങുകയും ഡോക്ടറുടെ നിർദ്ദേശാനുസരണം ചികിത്സ തുടരുകയും ചെയ്യേണ്ടതാണ്. മസ്തിഷ്കത്തിൽ ഘടനാപരമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ മരുന്നിനോടൊപ്പം സർജറിയും വേണ്ടി വന്നേക്കാം. മരുന്നുകളുടെ പാർശ്വഫലത്തിനേക്കാളും അപസ്മാരം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളാണ് കൂടുതൽ ഗുരുതരം. ഒരു മരുന്നിന് പാർശ്വഫലം ഉണ്ടായാൽ മറ്റു മരുന്നുകളിലേക്ക് മാറാവുന്നതേയുള്ളൂ.

കല്യാണം, ഗർഭധാരണം എന്നിവയൊന്നും തടസ്സമല്ല. വളരെ ചെറിയ ഒരു ശതമാനം രോഗികൾക്ക് മാത്രമേ ജനിതകമായ പ്രശ്നം ഉണ്ടാവുകയുള്ളൂ. ഗർഭധാരണം ആസൂത്രണം ചെയ്യുന്നതിനു മുമ്പായി ഒരു ഡോക്ടറെ കണ്ട് യുക്തമായ മരുന്ന് കൃത്യമായ അളവിൽ കഴിക്കണം. ഗർഭകാലത്തിലും അതിനു ശേഷവും കൃത്യമായ ചികിത്സ തുടരുകയും വേണം.


അപസ്മാര രോഗികൾക്ക് ചികിത്സയോടൊപ്പം ചിട്ടയായ ഭക്ഷണവും ഉറക്കവും അത്യാവശ്യമാണ് ഡ്രൈവിംഗ്, നീന്തൽ എന്നിവയ്ക്ക് നിയന്ത്രണം ഉണ്ട്.

മറ്റു അസുഖങ്ങളുടെ ഭാഗമായും fits വരാം. ബ്രയിനിലെ അണുബാധ, സോഡിയം കുറയുക, കാത്സ്യം കുറയുക, ഷുഗർ കൂടുകയോ കുറയുകയോ ചെയ്യുക, ബ്ലഡ് പ്രഷർ കൂടുക, തലയിലെ രക്തക്കുഴലിൽ ക്ലോട്ട് ഉണ്ടാകുക, ബ്രയിൻ ട്യൂമർ ഇവയൊക്കെ കാരണം അപസ്മാരം ഉണ്ടാകാം. ഈ കേസുകളിൽ പ്രാഥമിക അസുഖത്തിന്റെ ചികിത്സയും അതോടൊപ്പം തന്നെ അപസ്മാരത്തിനുള്ള മരുന്നും ആവശ്യമായി വരും. പ്രാഥമിക അസുഖത്തിന്റെ ചികിത്സയുടെ പുരോഗതി അനുസരിച്ചായിരിക്കും അപസ്മാരത്തിന്റെ മരുന്നിന്റെ ഡോസും നിർത്തുന്ന സമയവും തീരുമാനിക്കുക.

ആർത്തവചക്രവുമായി ബന്ധപ്പെട്ടും അപസ്മാരം കൂടുതലായും വരാം (Catamenial epilepsy). ഇത് ഹോർമോണുകളുടെ വ്യതിയാനം കൊണ്ട് ഉണ്ടാകുന്നതാണ്.

വളരെയധികം സാമൂഹിക കളങ്കമുള്ള (Social stigma) ഒരസുഖമാണ് അപസ്മാരം. ദൈവശാപം ആണ് എന്നുവരെ വിശ്വസിക്കപ്പെടുന്ന ഒരു അസുഖമാണിത്. അതിനാൽ തന്നെ ഇന്നത്തെ കാലത്തു പോലും കൃത്യ സമയത്തു പലരും ചികിത്സ തേടുന്നില്ല എന്നത് ദൗർഭാഗ്യകരമായ ഒരവസ്ഥയാണ്. ഇതിൽ നിന്നും ഒരു വ്യത്യാസം വരുത്തേണ്ടതുണ്ട്. അതിനാൽ തന്നെ പൊതുജനങ്ങളിൽ ഒരു അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാമത്തെ തിങ്കളാഴ്ച ലോക അപസ്മാര ദിനമായി ആചരിക്കുന്നു. അപസ്മാര രോഗികളുടെ അവസ്ഥയെപ്പറ്റി മറ്റുള്ളവരിൽ ഒരവബോധം സൃഷ്ടിക്കുകയും അവർക്ക് പിന്തുണ കൊടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലാണ് ഇത് ആചരിക്കുന്നത്. ഓരോ വർഷവും ഓരോ ചിന്താവിഷയം (theme) ഉണ്ടാകും. ഈ വർഷത്തെ theme ആണ് 'Milestones on my epilepsy journey!' എന്റെ അപസ്മാര യാത്രയിലെ നാഴികക്കല്ലുകൾ. അപസ്മാര രോഗികൾ അനുഭവിക്കുന്ന വെല്ലുവിളികളും അവരുടെ വിജയകഥകളുമാണ് ഈ ചിന്താവിഷയം പ്രതിപാദിക്കുന്നത്. എനിക്ക് ഷുഗർ ഉണ്ട് എന്ന് പറയുന്ന അതേ രീതിയിൽ എനിക്ക് അപസ്മാരമുണ്ട്. ഞാൻ മരുന്ന് കൃത്യമായി കഴിക്കുന്നു എന്ന് പറയാനുള്ള ധൈര്യം നാം അവർക്ക് പകർന്നു നൽകണം.



www.malankaralibrary.com





സി.സി. മത്തായി മാറാട്ടുകളം, മുക്കൂർ

# ഒന്നിച്ചു വാസം, ദാരുണമരണം

വള്ളിമുറ്റത്തു നിൽക്കുമ്പോൾ അന്നമ്മ ആലീസിനോടു പറഞ്ഞു : ഷീലയും ഹസ്ബൻഡും കുറേനാളായി പള്ളിയിൽ വരുന്നില്ലല്ലോ, പല തവണ ഞാൻ വിളിച്ചിട്ടും ഫോൺ എടുക്കുന്നുമില്ല, വിവരം വല്ലതുമുണ്ടോ? ആലീസ് : ഒരു കാര്യം ചെയ്യാം, അവരുടെ അയൽവീട് എന്റെ കൂട്ടുകാരിയുടേതാ, ഇപ്പോൾതന്നെ ഞാൻവിളിക്കാം, മൈക്ക് ഓൺ ആക്കുകാ, കേട്ടോണം. ഇതാണ് ആ വിവരം. 'ഷീലയ്ക്ക് ഒറ്റ മകൻ, സുന്ദരനും സൽസ്വഭാവിയുമായ ഷിന്റോ, വീട്ടിൽ സമ്പത്തുമുണ്ട്. പത്തു മാസം മുൻപ് അവന്റെ കല്യാണം നടന്നു, പെണ്ണും കാണാൻ സുന്ദരി, ഫാഷണബിൾ, പുറത്തു പഠിച്ചതാണ്. നല്ല പണക്കാരായതുകൊണ്ട് 'പോക്കറ്റ് മണിയായി' കൊടുത്തത് ഒന്നും ഏഴു പൂജ്യവുമുള്ള തുക. പക്ഷേ ആഴ്ചകൾ കഴിഞ്ഞതേയുള്ളൂ, പെണ്ണിന് ആകെയൊരു പന്തികേട്, അസ്വസ്ഥതയും മൗനവും. ഷീലയും ഹസ്ബൻഡും കാര്യമറിയാതെ കുഴങ്ങി. 'എന്താ, ഇറച്ചികൂട്ടിയാൽ സ്വർഗത്തിൽ പോകില്ലേ' എന്നു കളിയാക്കി നോമ്പുകാലത്തുപോലും കുശാലായി ഊണു കഴിച്ചിരുന്നവർ കഞ്ഞി പോലും കുടിക്കാതായി. പെൺവീട്ടുകാരെക്കൂടി വിളിച്ചിരുത്തി കാര്യം തിരക്കി, പെണ്ണ് മനസ്സു തുറന്നു, പരമ്പരാഗതവിവാഹ ജീവിതം ആഗ്രഹിക്കുന്നില്ല, ലിവിംഗ് ടുഗദർ ആണത്രേ ഇഷ്ടം. പെണ്ണിന്റെ പിതാവ് കേണു പറഞ്ഞു , 'മരുന്നുകൊണ്ടു മാറുന്ന സൈക്യാട്രിക്ക് ഇഷ്യൂവാ, നമുക്ക് സോൾവ് ചെയ്യാം. ബോദർ ചെയ്യിക്കരുതല്ലോ, ആദ്യം തന്ന തുകയുടെ പകുതികൂടിത്തരാം'. പക്ഷേ... ആദ്യംകിട്ടിയതുകൂടി തിരികെക്കൊടുത്ത് ആ ബന്ധം പിരിഞ്ഞു, ഷിന്റോ മറ്റൊരു വിവാഹവും കഴിച്ചു. ഒതുക്കത്തിൽ നടത്തിയ രണ്ടാം കല്യാണത്തിന് ഒരു മന്ത്രിസഭായോഗത്തിന്റെ ആളു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ ദുരന്തസംഭവം രണ്ടു കുടുംബങ്ങൾക്കു മേൽപ്പിച്ച ആഘാതമെത്രമാത്രമാണെന്നത് അളക്കാനാകുമോ? ഇതു കേരളത്തിൽ നടന്ന സംഭവമോ...സംശയിക്കേണ്ട (പേരുകൾ മാത്രം സാങ്കൽപ്പികം)



മുൻകാലങ്ങളിൽ, വിവാഹിതരാകാതെ ഒന്നിച്ചു താമസിച്ചിരുന്ന സ്ത്രീയും പുരുഷനും അതു പുറത്തുപറയാൻ മടിച്ചിരുന്നു. എന്നാൽ ഇപ്പോഴത് ഒരു ഫാഷനും അവകാശവും പോലെ കാണുന്ന പ്രവണതയാണുള്ളത്. ഒന്നിച്ചു താമസിച്ച്, അധികകാലം കഴിയുന്നതിനു മുൻപ് കൂടെയുള്ള സ്ത്രീയെ ഒഴിവാക്കാനായി ഇല്ലായ്മ ചെയ്ത സമീപകാലസംഭവങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. കൂട്ടാളിയെ കൊന്ന് ഫ്രിഡ്ജിൽ ദിവസങ്ങളോളം സൂക്ഷിച്ചിട്ട് ശരീരഭാഗങ്ങൾ വിവിധസ്ഥലങ്ങളിൽ ഉപേക്ഷിച്ച രണ്ടു കേസുകൾ ഡെൽഹിയിൽ ഉണ്ടായി. മുംബൈയിൽ ഒരാൾ ഒരു പടികൂടി കടന്ന് സഹവാസിയെ നുറുക്കി പ്രഷർകുക്കറിലാക്കി. കേരളത്തിൽ മർദിച്ചും തലയ്ക്കടിച്ചു കൊലപ്പെടുത്തിയതുമായ ര

www.malankaralibrary.com





ണ്ടു സംഭവങ്ങളും, ഉപദ്രവം സഹിക്കാനാകാതെ യുവതി കൈത്തണ്ട മുറിച്ചു മരിച്ചതും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബംഗളുരുവിൽ ഫ്ളാറ്റിൽ ലിവിംഗ് ടുഗദറിലായിരുന്ന ബംഗാളിയുവതിയും മലയാളിയുവാവും തീകൊളുത്തി ആത്മഹത്യ ചെയ്തത് അടുത്തിടെയാണ്. പ്രേമക്കെണിയിൽ വീഴുന്ന യുവതികളെ ദുരുപയോഗം ചെയ്യുകയും ലഹരിവസ്തുക്കളുടെ വിൽപ്പനക്കാരായി മാറ്റുകയും ചെയ്യുന്ന സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നു.

വീട്ടുകാരുടെ അറിവില്ലാതെയും ശരിക്ക് ആലോചിക്കാതെയും മൊബൈൽ ഫോണുകളിലൂടെയും അല്ലാതെയും നൈമിഷികമായ വികാരാവേശത്തിൽ തുടങ്ങുന്ന പ്രേമബന്ധങ്ങൾക്ക് അധികം ആയുസ്സുണ്ടാകില്ല. നീയില്ലാതെ ജീവിതമില്ല എന്നു തുടക്കത്തിൽ പറയുന്നവർ പുതുമോടി കഴിയുമ്പോൾ താത്പര്യക്കുറവ് കാണിക്കുന്നു. വിവാഹം കഴിക്കാൻ നിർബന്ധിക്കുമ്പോൾ വഴങ്ങാതെ, ഇഷ്ടമല്ലെങ്കിൽ നിനക്കു പോകാം എന്ന് ആൺസുഹൃത്ത് നിലപാടെടുക്കുമ്പോൾ മാത്രമാണ്, തങ്ങൾ വായിച്ചു കഴിഞ്ഞ പത്രം പോലെയേയുള്ളു എന്ന ബോധോദയം പങ്കാളികളായ യുവതികൾക്കുണ്ടാകുക, ഇത്തരം 'റിലേഷൻഷിപ്പ്' ലക്ഷ്യത്തിലെത്തുന്നതിനു മുൻപുതന്നെ മുങ്ങുന്ന ഷിപ്പ് ആണെന്നും അപ്പോഴാണ് മനസ്സിലാക്കുക. ലിവിംഗ് ടുഗദറിലെ പ്രശ്നങ്ങൾമൂലം ജീവൻ നഷ്ടമായത് ഏതാണ്ടെല്ലാംതന്നെ സ്ത്രീകൾക്കാണ് എന്നതോർക്കുമ്പോൾ, മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും കേടുപറ്റുക ഇലയ്ക്കാണ് എന്ന ചൊല്ലാണ് ഓർമ വരിക. ലിവിംഗ് ടുഗദർ ഉപേക്ഷിച്ചു പിന്നീട് വിവാഹിതരായാൽതന്നെയും വിജയിക്കുമോയെന്നത് സംശയമാണ്, പഴയ അവിഹിതബന്ധം മനസ്സിലേൽപ്പിച്ച മുറിവുകൾ അവരെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. ആ ഹാങ്ങോവർ ഇല്ലാതാക്കുകയെന്നത് എളുപ്പമല്ലല്ലോ. മാത്രമല്ല, പഴയ പങ്കാളി സ്വകാര്യവിവരങ്ങൾ പുറത്താക്കി ബ്ലാക്ക്മെയിൽ ചെയ്യാനുള്ള സാധ്യതയെയും ഭയക്കണമല്ലോ.

കലാരംഗത്തും അല്ലാതെയുമുള്ള പ്രശസ്തരായ ചില വ്യക്തികൾ, തങ്ങൾ ലിവിംഗ് ടുഗദറിലാണ് എന്ന് ഉളുപ്പില്ലാതെ പറയുന്നതും യുവജനങ്ങൾക്ക് മാർഗഭ്രംശമുണ്ടാക്കുന്നു. ഇവരിൽ പലരും ഒന്നിലധികം ലിവിംഗ് ടുഗദർ കഴിഞ്ഞവരുമായിരിക്കും. സമ്പത്തും സൗന്ദര്യവും തിരഞ്ഞു വർഷങ്ങൾ പാഴാക്കാതെ യുവജനങ്ങൾ വിവാഹജീവിതത്തിലേക്കെത്തുന്നതാണ് ഉചിതമായ മാർഗം. മാതാപിതാക്കളുടെ നിരീക്ഷണം അവരുടെമേൽ ആവുന്നത്ര ഉണ്ടായിരിക്കണം. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നൻമയുണ്ടാകും. സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ 30:2). ഇക്കാലത്ത് മകനെ മാത്രമല്ല... മകളെയും. അനേകം യുവതികളെ കണ്ടിട്ടും ഇഷ്ടപ്പെടാതിരുന്ന യുവാവിനോട് കർഷകനായ അമ്മാവന്റെ ഉപദേശം ഇതായിരുന്നു 'എടാ മോനേ ഇതിലൊന്നും വലിയ കാര്യോല്യ, സിഗരറ്റു വലിച്ചാലും പൊക, ബീഡി വലിച്ചാലും പൊക'. അതിശയോക്തി കലർന്ന സൗന്ദര്യവർണനകളെ അമിതമായി വിശ്വസിക്കരുത്. പ്രശസ്തയായ ഒരു ഹിന്ദി സിനിമാനടിയുടെ മൂക്ക്

www.malankaralibrary.com



അതിസുന്ദരമാണ് അതുപോലെയൊന്ന് മറ്റാർക്കുമില്ല എന്നു പുകഴ്ത്തിയുള്ള വിവരണം കുറേ വർഷം മുമ്പ് വായിച്ചതോർക്കുന്നു. എന്റെ ദൈവമേ, അത് എന്തൊരു മൂക്ക് എന്ന് ആലോചിട്ടുണ്ട്.

പ്രകൃതിവിരുദ്ധവൈകൃതമായ സ്വവർഗാനുരാഗവും സ്വവർഗവിവാഹവും നിയമവിധേയമാക്കണമെന്ന അധമമായ ആവശ്യംപോലും ചിലർ ഉന്നയിച്ചിരിക്കയാണല്ലോ. ചില രാജ്യങ്ങളിൽ ഇതൊക്കെ അനുവദിച്ചിട്ടുണ്ട് എന്ന ന്യായമാണ് അവർ പറയുക. ഇതു മാത്രമല്ല, തോക്കും കഞ്ചാവുമൊക്കെ യഥേഷ്ടം കൈകാര്യം ചെയ്യാനുമാകുന്ന ഇടങ്ങളുമുണ്ടല്ലോ. പക്ഷേ അതിന്റെ ഫലമായുണ്ടാകുന്ന അക്രമങ്ങളും കൊലപാതകങ്ങളും നാം കാണുന്നുമുണ്ട്. ധാർമിക സദാചാര മൂല്യങ്ങളെ ഹനിച്ച്, ലൈംഗികഅരാജകത്വം സൃഷ്ടിക്കുന്ന ചെയ്തികൾക്കുവേണ്ടി മുറവിളി കൂട്ടുന്നവർ എത്ര പ്രമുഖരായാൽതന്നെയും അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയാണ് വേണ്ടത്. സമൂഹനന്മയ്ക്ക് ഉതകുന്നതുമാത്രമേ മറ്റിടങ്ങളിൽനിന്നും സ്വീകരിക്കാവൂ. “അത്യുന്നതന്റെ സൃഷ്ടികളെ നിരീക്ഷിക്കുക, അവയെല്ലാം ജോടികളായി പരസ്പര പൂരകങ്ങളായി നിലകൊള്ളുന്നു” (പ്രഭാ 33:15). സമ്പത്തും സാമാന്യവിദ്യാഭ്യാസവുമുള്ളവർ ചീട്ടുകളിക്ക് ഒത്തുകൂടി, തുടർന്ന് പങ്കാളിയെ വച്ചുമാറുന്ന വഷളത്തംവരെ കേരളത്തിൽ അരങ്ങേറിയിരിക്കുന്നു, ഒറ്റപ്പെട്ട സംഭവമാണെങ്കിൽപോലും.

**കലാരംഗത്തും അല്ലാതെയുമുള്ള പ്രശസ്തരായ ചില വ്യക്തികൾ, തങ്ങൾ ലിവിങ് ടുഗദറിലാണ് എന്ന് ഉളുപ്പില്ലാതെ പറയുന്നതും യുവജനങ്ങൾക്ക് മാർഗഭ്രംശമുണ്ടാക്കുന്നു.**

സദാചാരമൂല്യങ്ങളെ അവഗണിക്കുന്ന സമൂഹം അന്തർമുഖത്തം, ദാമ്പത്യപരാജയങ്ങൾ, കുടുംബശൈഥില്യങ്ങൾ, ആത്മഹത്യാപ്രവണതകൾ, കൊലപാതകങ്ങൾ, മറ്റു കുറ്റകൃത്യങ്ങൾ എന്നിവയാൽ കലുഷിതമാകും. ഫലമോ, സൈക്യാട്രിക് കൗൺസിലിംഗ് സെന്ററുകൾ, മാനസികരോഗാശുപത്രികൾ, ലഹരിമുക്തകേന്ദ്രങ്ങൾ, അനാഥ വൃദ്ധസംരക്ഷണസ്ഥാപനങ്ങൾ തുടങ്ങിയവയുടെ എണ്ണം അടിക്കടി കൂട്ടേണ്ടി വരും. അസന്മാർഗികവും അനാശാസ്യവുമായ പ്രവണതകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങാൻ അനുവദിച്ചുകൂടാ. അതിനെതിരെ മത, സാമൂഹിക, സാംസ്കാരികരംഗത്തുള്ള സംഘടനകളും പ്രമുഖരും ഒന്നിച്ചണിനിരക്കണം. ●


കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം

വിവാഹ ഒരുക്ക സെമിനാർ
2024
ഏപ്രിൽ 9, 10
മെയ് 7, 8




സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com

ܩܪܝܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 20
## ദൈവാലയ ഭാഗങ്ങൾ

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ദൈവാലയങ്ങളുടെ വിവിധ ഭാഗങ്ങളുടെ സുറിയാനി പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈത്തൊ, സഭ, പള്ളി (church) | ܥܺܕ̱ܬܳܐ |
| എസ്ത്വൊ, മോണ്ടളം (portico) | ܐܶܣܛܘܳܐ |
| അസ്ഗൊ, മോണ്ടളം (portico) | ܐܰܣܓܳܐ |
| ഹയ്ക്ക്ലൊ, ഹൈക്കല (nave) ദൈവാലയത്തിൽ ജനങ്ങൾ നില്ക്കുന്ന ഭാഗമാണിത്. ഹൈക്കല എന്നത് പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ്. | ܗܰܝܟܠܳܐ |
| കെസ്ത്രൂമ, അഴിക്കകം (raised floor) ഉയർന്നു നില്ക്കുന്ന തറ എന്നാണ് ഈ വാക്കിന്റെ അർത്ഥം. പുരോഹിതരും ശുശ്രൂഷകരും നില്ക്കുന്ന സ്ഥലം | ܩܶܣܛܪܽܘܡܳܐ |
| ആപായ് തർഒ, തിരശ്ശീല (curtain) | ܐܳܦܰܝ ܬܰܪܥܳܐ |
| വീലൊ, തിരശ്ശീല (curtain) തിരശ്ശീല എന്നതിന് ഗ്രീക്കു ഭാഷയിൽ നിന്നു സ്വീകരിച്ചിരിക്കുന്ന പദമാണിത്. | ܘܺܝܠܳܐ |
| മദ്ബ്ഹൊ, മദ്ബഹാ (sanctuary) ബലി എന്നർത്ഥമുള്ള ദെബ്ഹൊ എന്ന വാക്കിൽനിന്ന് ഉത്ഭവം. ബലിപീഠം സ്ഥിതി ചെയ്യുന്ന സ്ഥലമാണ് മദ്ബഹാ. | ܡܰܕܒܚܳܐ |

| | |
|---|---|
| ബേസ് കുദ്ശൊ, വിശുദ്ധസ്ഥലം (sanctuary) മദ്ബ്ഹായെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുന്ന മറ്റൊരു പേരാണിത്. | ܒܶܝܬ ܩܽܘܕܫܳܐ |
| ക്ദൂശ് കുദ്ശീൻ, അതിവിശുദ്ധസ്ഥലം (holy of holies) മദ്ബഹായ്ക്ക് അകത്ത് കാർമ്മികനു മാത്രം നില്ക്കാനായി പ്രത്യകം വേർതിരിച്ച് നിർമ്മിച്ച സ്ഥലം | ܩܕܽܘܫ ܩܽܘܕܫܺܝ̈ܢ |
| ത്രോനോസ്, ബലിപീഠം, സിംഹാസനം (Altar, throne) | ܬܪܳܘ̈ܢܳܘܣ |
| ദർഗ്ഗൊ, (പടി) (step) ദർഗ്ഗ എന്നത് പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ് | ܕܰܪܓܳܐ |
| ബേസ് മാമൂദിസൊ, മാമോദിസാ മുറി (baptistery) ബേസ് മാമോദീസ എന്നത് പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ് | ܒܶܝܬ ܡܰܥܡܽܘܕܺܝܬܳܐ |
| ഉസ്നൊ ദ് മാമൂദിസൊ, മാമോദിസാ തൊട്ടി (Baptismal font) | ܐܽܘܣܢܳܐ ܕܡܰܥܡܽܘܕܺܝܬܳܐ |
| വസ്നൊ ദ് മാമൂദിസൊ, മാമോദിസാ തൊട്ടി (Baptismal font) | ܘܰܣܢܳܐ ܕܡܰܥܡܽܘܕܺܝܬܳܐ |
| ബേസ് മ്ശാമോശെ, ശുശ്രൂഷകർക്കുള്ള മുറി (sacristy) | ܒܶܝܬ ܡܫܰܡܫܳܢܶ̈ܐ |
| ബീമാ, സിംഹാസനം (throne) ഹൈക്കലായുടെ നടുവിലാണ് ഇതിന്റെ സ്ഥാനം. പ്രധാന പെരുന്നാളുകളിൽ സ്ളീബാ ആഘോഷം നടത്തുന്നതിനുള്ള സ്ഥലമാണിത്. മൂറോൻ കൂദാശയുടെ സമയത്ത് വൈദികരുടെയും ശെമ്മാശന്മാരുടെ ഒരു സംഘം ബീമായിൽ നില്ക്കുന്നു. | ܒܺܝܡܰܐ |

www.malankaralibrary.com








ഡോ. സി. ഐറിൻ എസ്. ഐ. സി.

# ഗുഡ് പാരന്റിംഗ്

ഒരു കുട്ടി ജീവിതത്തിൽ മികച്ചത് ആകുന്നതിനും മോശം ആകുന്നതിനും പ്രധാന ഉത്തരവാദി അവരുടെ മാതാപിതാക്കൾ ആണെന്നുള്ള കാര്യത്തിൽ യാതൊരു അത്ഭുതവുമില്ല. അങ്ങനെ ഒരു മികച്ച പൗരനെ സൃഷ്ടിക്കാൻ പാരന്റിംഗ് എങ്ങനെ സഹായിക്കും. ഈ 13 കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ ഒരു കുട്ടിയെ നമുക്ക് നല്ല വ്യക്തിയാക്കി മാറ്റുവാൻ സാധിക്കും.

**1. ഉപദേശിക്കുന്നതിനു മുമ്പ് അവരെ ശ്രദ്ധിക്കുക**

കുട്ടികൾക്ക് ഒട്ടും ഇഷ്ടമില്ലാത്ത ഒരു കാര്യമാണ് ഉപദേശം. മാതാപിതാക്കൾ സ്ഥിരമായി കുട്ടികളെ ഉപദേശിക്കുന്ന കൂട്ടത്തിൽ ആണ്. ഉപദേശങ്ങൾ പറയുന്നതിനു മുമ്പ് അവർ പറയുന്നത്, അവരുടെ ആഗ്രഹങ്ങൾ, അവരുടെ ചിന്തകൾ, അവരുടെ ചിന്താരീതികൾ എന്നിവ നമ്മൾ ശ്രദ്ധിച്ചു മനസ്സിലാക്കാൻ ശ്രമിച്ചാൽ കുട്ടികളിൽ വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും. ഇവിടെ സംഭവിക്കുന്നത്, നമുക്ക് പറയാനുള്ള കാര്യം പറയലാണല്ലോ ഉപദേശം (Advising). നമ്മുടെ ജീവിതാനുഭവങ്ങളിൽ നിന്ന് നമ്മുടെ കാഴ്ചപ്പാടുകളിൽ നിന്ന് പറയുമ്പോൾ അവർക്ക് പറയാനുള്ളതും കൂടി മാതാപിതാക്കൾ കേൾക്കണം. അതിന് സമയം കണ്ടെത്തണം.

**2. കുട്ടികളെ സംസാരിക്കാൻ അനുവദിക്കുക**

കുട്ടികളോട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് മാതാപിതാക്കൾ ചാടികയറി ഉത്തരം പറയാതെ കുട്ടികൾക്ക് ഉത്തരം പറയുവാൻ അവസരം കൊടുക്കുക. അവരുടെ അഭിപ്രായങ്ങൾ പുറത്തു പറയുമ്പോൾ ആണ് അവർ മികച്ച വ്യക്തിത്വത്തിന്റെ ഉടമകൾ ആയി മാറുന്നത്.

**3. കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുക**

മാതാപിതാക്കൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ സ്വാഭാവികമായും ചിന്തകൾ ഉണ്ടാകും. അങ്ങനെ അവർ ചിന്തിക്കുമ്പോൾ അവരിൽ വളർച്ചയുണ്ടാകുവാൻ ഇത് സഹായിക്കും. "ഉത്തരങ്ങളെക്കാൾ മനുഷ്യനെ വളർത്തുന്നത് ചോദ്യങ്ങൾ ആണ്". മാതാപിതാക്കൾ ഉപദേശങ്ങൾ കൊടുക്കുന്നതിലും ഉപരിയായി ചോദ്യങ്ങൾ ചോദിക്കാൻ പരിശ്രമിക്കുക.

**4. കുട്ടികളുടെ വികാരങ്ങളെ വിലയിരുത്തുക**

കുഞ്ഞുങ്ങൾക്ക് അവരുടെതായ വികാരങ്ങൾ ഉണ്ട്. ആ വികാരങ്ങളെ പരിഗണിക്കുക. അത് ശരിയോ തെറ്റോ എന്ന് നോക്കാതെ, മാതാപിതാക്കൾ ഈ വികാരങ്ങളെ കണക്കിലെടുക്കുവാൻ പരിശ്രമിക്കണം. മാതാപിതാക്കൾ ഈ വികാരങ്ങളെ പരിഗണിക്കാതെയിരുന്നാൽ ഇത് കുഞ്ഞുങ്ങളിൽ "Suppression" ഉണ്ടാക്കും. അത് സംഭവിച്ചാൽ ഒരു സമയത്ത് വലിയ ദുരന്തത്തിലേക്ക് അവരുടെ ജീവിതം പോകും. അതിനുള്ള തെളിവാണ് നമ്മുടെ ചുറ്റും നടക്കുന്ന കുറ്റകൃത്യങ്ങൾ.



**5. ആവശ്യങ്ങളും, അത്യാവശ്യങ്ങളും മനസ്സിലാക്കി കൊടുക്കുക**

ജീവിതത്തിൽ ഏറ്റവും അത്യാവശ്യമുള്ളത് എന്താണ്. അത് ഇല്ലാ

www.malankaralibrary.com





യെങ്കിലും ജീവിക്കാൻ സാധിക്കും എന്നുള്ള ബോധ്യം അവരിൽ ജനിപ്പിക്കുക. ജീവിതത്തിൽ കാണുന്നത് എന്താണ് പ്രാധാന്യം അർഹിക്കുന്നത്. അതിനുള്ള തീരുമാനം എടുക്കാനുള്ള ശേഷി അവരിൽ ഉണ്ടാക്കിയെടുക്കുക.

**6. കുട്ടികളിൽ ദൈനംദിന ഷെഡ്യൂൾ ചെയ്യുവാൻ സഹായിക്കുക.**

സമയത്തിൽ ഒരു അച്ചടക്കം ഉണ്ടാക്കുവാൻ അവരെ സഹായിക്കുക. അവർ തന്നെ ഉണ്ടാക്കുവാൻ പറയുക.

**7. നിർബന്ധിക്കുന്നതിനെക്കാൾ അവരെ സൗകര്യപ്രദമായി ചെയ്യിപ്പിക്കുക**

മാതാപിതാക്കൾ നിർബന്ധിച്ചാൽ കുട്ടികൾ ഏതൊരു കാര്യവും ചെയ്യും. പക്ഷെ എത്രനാൾ നിങ്ങളെ കുഞ്ഞുങ്ങളെ നിർബന്ധിക്കും. ഓർക്കുക നിർബന്ധിക്കുന്നതിനെക്കാൾ നല്ലത് നിങ്ങൾ കുഞ്ഞുങ്ങളെ സൗകര്യപ്രദമായി ചെയ്യിപ്പിക്കലാണ്. എന്തുകൊണ്ട് ചെയ്യണം? എന്തിന് ഈ സമയം മുതൽ ഈ സമയം വരെ പഠിക്കണം? എന്നുള്ള ചോദ്യങ്ങൾക്ക് നിങ്ങൾ തന്നെ അവരിൽ ബോധ്യങ്ങൾ ജനിപ്പിക്കണം. പലപ്പോഴും കുഞ്ഞുങ്ങൾക്ക് ഒന്നിനെക്കുറിച്ചും ബോധ്യങ്ങൾ ഇല്ല. അതിനാൽ അവരിൽ മടിയും, വാശിയും കൂടുതൽ സംഭവിക്കുന്നു.

**8. നിങ്ങളുടെ സ്വപ്നങ്ങൾ അവരിലൂടെ നടപ്പിലാക്കാതിരിക്കുക**

കുഞ്ഞുങ്ങൾക്ക് അവരുടേതായ അഭിരുചികളും താൽപ്പര്യങ്ങളും ഇഷ്ടങ്ങളും കാണും . അത് പരിഹരിക്കുക. അവരുടെ ഇഷ്ടത്തിന് കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുക. പക്ഷെ ഒരു ചരടിന്റെ അറ്റം നിങ്ങളുടെ കയ്യിൽ ഉണ്ടായിരിക്കണം.

**9. നല്ല മനുഷ്യരുമായി ഇടപെടാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക**

നല്ല വ്യക്തിത്വം ഉണ്ടാകുന്നത് നല്ല ആളുകളിലൂടെയാണ് നല്ല ബന്ധങ്ങളെ പരിചയപ്പെടുത്തി കൊടുക്കൂ. ജീവിതത്തിൽ നല്ല ശീലങ്ങൾ ഉള്ള ആളുകളുമായി ബന്ധപ്പെടുത്തുവാൻ പരിശ്രമിക്കൂ. ഇത്തരം മനുഷ്യരുവഴിയുള്ള സംസർഗ്ഗം, വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ സ്വഭാവത്തെ രൂപപ്പെടുത്തുവാൻ സഹായിക്കും.

**10. കുട്ടികളെ 'No' എന്ന് പറയുവാൻ പഠിപ്പിക്കുക**

പലപ്പോഴും മാതാപിതാക്കൾക്ക് ഇഷ്ടമില്ലാത്തതുകൊണ്ട് No പറയുവാൻ പഠിപ്പിക്കില്ല. എല്ലാത്തിനോടും Yes പറയുന്നതാണ് നല്ല കുട്ടി എന്ന് നിങ്ങൾ ധരിക്കരുത്. ഇങ്ങനെ എല്ലാത്തിനോടും Yes പറയുന്ന കുട്ടി വലിയ അപകടത്തിലാണ് എത്തുന്നത്. കാരണം ഈ കുട്ടി പുറത്ത് പോകുമ്പോൾ ഇഷ്ടമില്ലാത്ത ഒരു കാര്യം ചെയ്യാൻ ആരെങ്കിലും പറഞ്ഞാൽ അവൻ/അവൾ അവിടെ Yes പറയും. എന്തുകൊണ്ടാണ് ചൂഷണങ്ങൾ ഉണ്ടാകുന്നത്. എന്തുകൊണ്ട് ഇതു കൂടുതൽ കുട്ടികളിൽ കൂടുതൽ കാണുന്നത്. കാരണം No പറയാൻ പേടിയാണ്. അതിന് അവരെ വീട്ടിൽ രൂപപ്പെടുത്തിയിട്ടില്ല. "No" എന്ന വാക്ക് പറയേണ്ട സമയത്ത് പറയുവാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക.

**11. അഭിപ്രായങ്ങൾ ചോദിക്കുക**

അഭിപ്രായങ്ങൾ കുട്ടികൾ പറയുവാൻ അവസരം കൊടുക്കുക. അങ്ങനെ അവരിൽ ആത്മാഭിമാനം (self esteem) വളർത്തിയെടുക്കുക. ഇതുവഴി സ്വയം ആദരവ് (self respect) കൂടും.

www.malankaralibrary.com

**12. കുട്ടികളെ ബഹുമാനിക്കുക**

മറ്റുള്ളവരുടെ മുമ്പിൽ വച്ച് അവരുടെ കുറവുകളെ എടുത്ത് കാണിച്ച്, ഒന്നിനും കൊള്ളില്ല എന്നു പറയുകയും, മറ്റു കുട്ടികളുമായി താരതമ്യപ്പെടുത്തുകയും ചെയ്താൽ അവരിൽ വലിയ കുറവ് ഉള്ളതായി അവർക്ക് തോന്നും, ഇതുവഴി കുട്ടികളിൽ ദേഷ്യവും വെറുപ്പും കൂടുതൽ ഉണ്ടാകുവാൻ ഇടയാകും. അതിനാൽ മറ്റുള്ളവരുടെ മുമ്പിൽ അവരുടെ നന്മകൾ കണ്ട് അവരെ പ്രശംസിക്കുകയും തെറ്റുകളെ നല്ല ബോധ്യങ്ങൾ കൊടുത്ത് തിരുത്തുകയും ചെയ്യുക.

**13. പണം നല്ല രീതിയിൽ സമ്പാദിക്കുവാൻ പഠിപ്പിക്കുക**

സമ്പാദിക്കാൻ പഠിപ്പിക്കുക. അതും നല്ല രീതിയിൽ കള്ളത്തരത്തിലോ, അനീതിയിലോ വഴി സമ്പാദിക്കുന്ന പണം തെറ്റാണ് എന്ന് അവരെ ബോധ്യപ്പെടുത്തുക.

ഒരു കുട്ടി മോശമാകുന്നതും, നല്ലതാകുന്നതും അവന്റെ കുടുംബത്തിലെ അന്തരീക്ഷം ആശ്രയിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞ 13 കാര്യങ്ങൾ മാതാപിതാക്കൾ ശ്രദ്ധിക്കുവാണെങ്കിൽ കുട്ടികളിൽ നല്ല വ്യക്തിത്വം രൂപപ്പെടുത്തുവാൻ സഹായിക്കും.

●

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**റോസമ്മ ബാബു ഇടിഞ്ഞിമല**

## അനുതാപ ഗാനം



**അനിയൻ ഞാഴിശ്ശേരിൽ**
**പായിപ്പാട്**

കാണുന്നു ഞാൻ എൻ ജീവനെ
കാണുന്നു ഞാൻ എൻ നാഥനെ
കാൽവരി മലയിലെ ക്രൂശിന്മേൽ
കാണുന്നു ഞാൻ എൻ രക്ഷകനെ
(കാണുന്നു...)

മാലാഖമാർ പാടിയുറക്കിയ
ബേത്ലഹേമിലെ കുഞ്ഞുപൈതലെ
കാൽവരി മലയിൽ മൂന്നാണികളിൽ
പീഢനമേറ്റതെൻ പേർക്കായിരുന്നു
യേശുവേ.... യേശുവേ.... യേശുവേ...
എന്റെ പാപങ്ങൾ പൊറുക്കേണമേ
(കാണുന്നു...)

കാനായിലെ കല്ല്യാണവിരുന്നിൽ
വെള്ളത്തെ വീഞ്ഞാക്കിയ യേശുനാഥൻ
ദാഹജലത്തിനായ് കേഴുന്നതെൻ
ആത്മാവിൽ നൊമ്പരമായിടുന്നു
യേശുവേ... യേശുവേ... യേശുവേ...
എന്റെ പാപങ്ങൾ പൊറുക്കേണമേ.
(കാണുന്നു...)

www.malankaralibrary.com



ജാലകം



മെർലിൻ റ്റി. മാത്യു

# രാജാവും സന്ന്യാസിയും

ഒരിക്കൽ കൊട്ടാരത്തിൽ എത്തിയ സന്ന്യാസിയെ രാജാവ് ഹൃദ്യമായി സ്വീകരിച്ച് ആദരിച്ചു. ചില ദിവസങ്ങൾ സന്ന്യാസി അവിടെ താമസിക്കുകയും രാജാവ് ഭക്തിബഹുമാനപുരസ്സരം എല്ലാ ശുശ്രൂഷകളും നിർവഹിക്കുകയും ചെയ്തു. രാജാവിന്റെ ശുശ്രൂഷയിൽ സംപ്രീതനായ സന്ന്യാസി മടങ്ങിപ്പോകുമ്പോൾ സന്തോഷസൂചകമായി ഒരു മാല അദ്ദേഹത്തിന് സമ്മാനം നൽകി. അതിന്റെ ലോക്കറ്റിൽ ഒരു പ്രത്യേക സന്ദേശം ഉണ്ടെന്നും, ജീവിതത്തിൽ ഏറ്റവും വലിയ പ്രതിസന്ധികളിലോ സന്തോഷാവസരങ്ങളിലോ മാത്രമേ അതു തുറന്നു സന്ദേശം വായിക്കാവൂ എന്നും പറഞ്ഞു. ഒരിക്കൽ ഭടന്മാരോടൊപ്പം നായാട്ടിന് പോയ രാജാവ്, ഭടന്മാരിൽനിന്നകന്ന് ശത്രുരാജ്യത്തിന്റെ അതിർത്തിയിലെത്തി. ആ രാജ്യത്തെ ഭടന്മാർ അദ്ദേഹത്തെ പിടിക്കുവാൻ ശ്രമിച്ചു. അദ്ദേഹം വളരെ വേഗത്തിൽ ഓടിയിട്ടും ഭടന്മാർ തന്നെ പിന്തുടരുന്നുണ്ടെന്ന് മനസ്സിലാക്കി അദ്ദേഹം കാട്ടിലുള്ള ഒരു ഗുഹയിൽ ഒളിച്ചു. പ്രാണഭയത്തോടെ അവിടെ ഇരിക്കുമ്പോൾ, അദ്ദേഹം തന്റെ മാലയിലെ ലോക്കറ്റ് തുറന്നുനോക്കി. അതിൽ ഇപ്രകാരം എഴുതിയിരുന്നു: 'ഈ സമയവും കടന്നു പോകും, ക്ഷമയോടെ കാത്തിരിക്കുക'. അങ്ങനെ രാജാവ് ഗുഹയ്ക്കുള്ളിൽ ക്ഷമയോടെ കാത്തിരിക്കുകയും ശത്രുഭടന്മാർ അദ്ദേഹത്തെ കാണാതെ മടങ്ങിപ്പോകുകയും ചെയ്തു. ഒരിക്കൽ കൊട്ടാരത്തിൽ വലിയ ആഘോഷം നടക്കുമ്പോൾ എല്ലാവരും രാജാവിനെ പുകഴ്ത്തി പാട്ടുകൾ പാടുകയും ഉല്ലസിക്കുകയും ചെയ്തു. അപ്പോഴും രാജാവ് ലോക്കറ്റ് തുറന്നു വായിച്ചു: 'ഈ സമയവും കടന്നുപോകും, ക്ഷമയോടെ കാത്തിരിക്കുക.' ജീവിതത്തിലെ ഒരു അവസ്ഥാവിശേഷവും സ്ഥായിയായി നിലനിൽക്കുന്നതല്ല. നിരന്തരം മാറിക്കൊണ്ടിരിക്കുന്നവയാണ്. ഓരോ 12 മണിക്കൂർ കഴിയുമ്പോഴും രാവും പകലും മാറിമാറി വരുന്നു. കാലാവസ്ഥയും മാറിക്കൊണ്ടിരിക്കുന്നു. 'ഒരു മഴയും തോരാതിരുന്നിട്ടില്ല' എന്ന സാജൻ അച്ചന്റെ ഗാനം നമുക്ക് പരിചിതമാണല്ലോ. ഒരു ശിശു ജനിക്കുമ്പോൾ മുതൽ മരണം വരെയും മാറ്റങ്ങൾക്ക് വിധേയമായാണ് ജീവിക്കുന്നത്. ഏതു മനുഷ്യന്റെയും ജീവിത സാഹചര്യങ്ങൾ നിരന്തരം മാറിക്കൊണ്ടേയിരിക്കുകയല്ലേ? ഒരിക്കലും മാറിപ്പോകരുതേ എന്ന് നാം ആഗ്രഹിച്ചുപോകുന്ന ചില സന്തോഷനിമിഷങ്ങൾ ജീവിതത്തിൽ ഉണ്ടാകാം. പക്ഷേ, അവയും മാറിപ്പോകും. ആകയാൽ ജീവിതത്തിന്റെ പ്രതിസന്ധികളിൽ നിരാശപ്പെടാതെയും സുഖാവസരങ്ങളിൽ അതിയായി ആനന്ദിക്കാതെയും എല്ലാ സാഹചര്യങ്ങളും അനുഗ്രഹത്തിന് മുഖാന്തരങ്ങൾ എന്ന് മനസ്സിലാക്കി സന്തോഷപൂർവ്വം ജീവിക്കുകയും ചെയ്യാൻ കഴിയണം.



പ്രതിസന്ധികളെ അനുഗ്രഹമുഖാന്തരങ്ങളായി കാണുവാൻ നമുക്ക് ദൃഷ്ടികൾ ഉണ്ടാവണം. മധുരമുള്ള പഞ്ചസാരയെക്കാൾ കയ്ക്കുന്ന കഷായം വളരെ ഗുണകരമാണല്ലോ. അങ്ങനെയാണ് പ്രതിസന്ധികളും. എന്നാൽ ഈ സമയങ്ങളെല്ലാം മാറിപ്പോകും എന്ന് മനസ്സിലാക്കി, മാറ്റമില്ലാത്ത ദൈവത്തിൽ ആശ്രയിച്ച് ജീവിപ്പാൻ നമുക്ക് സമർപ്പിതരാവാം. 'അതു തന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.'

●

www.malankaralibrary.com

ബാലദീപം



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

# കരടിയെ കുടുക്കിയ കെണി

ഭൂമിയുടെ വടക്കേ ധ്രുവത്തിനടുത്ത് മഞ്ഞു കട്ടികൊണ്ട് മൂടപ്പെട്ട ആർട്ടിക് (ARCTIC) മേഖലയിൽ ജീവിക്കുന്ന വലിയ ഇനം കരടികളാണ് ധ്രുവക്കരടികൾ (POLAR BEARS). ഇവയെ ഹിമക്കരടികൾ എന്നും വെള്ളക്കരടികൾ എന്നും വിളിക്കാറുണ്ട്. വെളുത്ത രോമം കൊണ്ട് പൊതിയപ്പെട്ട ഇവ കരടി വർഗ്ഗത്തിലെ ഏറ്റവും വലിയ ഇനവും കരയിലെ ഏറ്റവും വലിയ മാംസഭുക്കുകളും ആണ്. വംശനാശം നേരിടാൻ ഇടയുള്ളതിനാൽ ഇവയെ വേട്ടയാടുന്നതിന് നിയമപരമായ നിയന്ത്രണങ്ങൾ ഇന്നുണ്ട്.

വളരെ വർഷങ്ങൾക്ക് മുമ്പ് ഹിമക്കരടികളെ കൊല്ലുവാനായി ആർട്ടിക് മേഖലയിലുള്ള ഒരു വംശത്തിലെ ആളുകൾ ഒരു എളുപ്പവഴി കണ്ടെത്തി. അതിനായി അവർ അവിടെ സുലഭമായ സീൽ (SEAL) എന്ന മൃഗത്തിന്റെ രക്തം ഒരു പരന്ന പാത്രത്തിൽ ശേഖരിച്ചു വയ്ക്കും. ആ പാത്രത്തിന്റെ നടുക്ക് നല്ല മൂർച്ചയുള്ള ഒരു കത്തി, വായ്ത്തല മുകളിലേക്ക് വരുന്ന വിധത്തിൽ, രക്തത്തിന്റെ ഉള്ളിൽ ഉറപ്പിച്ചു വയ്ക്കും. ആ പാത്രത്തെ ഒരു തുറന്ന സ്ഥലത്തെ നിലത്തുള്ള ഐസ് കട്ടകൾക്ക് മുകളിൽ സ്ഥാപിക്കും. പാത്രത്തിലെ രക്തം ഐസിന്റെ തണുപ്പിൽ വേഗത്തിൽ കട്ടിയാകും. വളരെ അകലെ നിന്നുപോലും രക്തത്തിന്റെ മണം മനസ്സിലാക്കുവാൻ കഴിവുള്ള ധ്രുവക്കരടി, രക്തം ആസ്വദിക്കാനായി അവിടേക്ക് പാഞ്ഞുവരും. പാത്രത്തിലെ തണുത്ത രക്തം ആർത്തിയോടെ നക്കിക്കുടിക്കുന്ന ആ കരടി രക്തത്തിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന കത്തി ശ്രദ്ധിക്കുകയില്ല. കത്തിയിൽ കൊള്ളുമ്പോൾ കരടിയുടെ നാക്കിൽ മുറിവ് ഉണ്ടാകുന്നു. മുറിവിൽ നിന്നും കരടിയുടെ സ്വന്തം രക്തം പാത്രത്തിലേക്ക് ഒഴുകുന്നു. സ്വാദിഷ്ടമായ രക്തം കുടിക്കുവാനുള്ള ആർത്തി കൊണ്ടും, തണുപ്പ് കൊണ്ട് അതിന്റെ നാവ് മരവിക്കുന്നതു കൊണ്ടും, നക്കുമ്പോൾ ഉണ്ടാകുന്ന മുറിവിന്റെ വേദന അത് അറിയുകയില്ല. ആർത്തിയോടെ അത് സ്വന്തം രക്തം നക്കി നക്കി കുടിച്ചുകൊണ്ടിരിക്കും. അതിന്റെ നാക്ക് വീണ്ടും വീണ്ടും മുറിയുകയും ധാരാളമായി രക്തം പാത്രത്തിലേക്ക് ഒഴുകിയെത്തുകയും ചെയ്യും. ഈ രക്തം മുഴുവനും ആവേശത്തോടെ കുടിക്കുന്ന കരടിയുടെ ശരീരത്തിൽ നിന്നും

**പാപത്തിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങളും മോശമായ കൂട്ടുകെട്ടുകളും അലസമായ ജീവിതരീതിയും നമുക്ക് ഉപേക്ഷിക്കാം.**

www.malankaralibrary.com



വളരെയധികം രക്തം വാർന്നുപോകും. അങ്ങനെ ആ കരടി, ശക്തിക്ഷയിച്ച്, അവശനായി, ബോധം മറഞ്ഞ്, മറിഞ്ഞുവീഴുന്നു.

ഈ രംഗം ഒളിഞ്ഞിരുന്നു നിരീക്ഷിക്കുന്ന നാട്ടുകാർ ആയുധങ്ങളുമായി ഓടിവന്ന്, കരടിയെ കൊന്ന്, അതിന്റെ മാംസം ഭക്ഷണത്തിനായും അതിന്റെ തൊലിയും വെളുത്ത രോമവും വിലയേറിയ വാണിജ്യ വസ്തുക്കൾ നിർമ്മിക്കുവാനുമായി ശേഖരിക്കുന്നു.

രക്തത്തിന്റെ കെണിയിൽ കുടുങ്ങിയ കരടിയുടെ അവസ്ഥ, ദുശ്ശീലങ്ങൾക്ക് അടിമപ്പെടുന്ന മനുഷ്യർക്കും ഉണ്ടാകാറുണ്ട്. നമ്മുടെ ശത്രുവായ സാത്താൻ തിന്മയിലേക്കും നാശത്തിലേക്കും നയിക്കുന്ന പലതരം പ്രലോഭനങ്ങൾ നമ്മുടെ മുമ്പിൽ ആകർഷകമായി അവതരിപ്പിക്കും. അവയിലേക്ക് ആർത്തിയോടെ അടുക്കുകയും അവയെ ആവേശത്തോടെ ആസ്വദിക്കുകയും ചെയ്യുന്നവർ അവരറിയാതെ തന്നെ പാപത്തിലേക്കും നാശത്തിലേക്കും നീങ്ങുന്നു.

മദ്യപാനം, പുകവലി, മയക്കുമരുന്നുകൾ, അശ്ലീല ചിത്രങ്ങൾ, അശുദ്ധമായ വീഡിയോകൾ, സഭ്യമല്ലാത്ത കഥകൾ, പാപകരമായ വിനോദങ്ങൾ തുടങ്ങിയ നിരവധി പ്രലോഭനങ്ങൾ സാത്താൻ നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കുന്ന അപകടകരങ്ങളായ കെണികളാണ്. അവ നമ്മുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നാശത്തിലേക്ക് നയിക്കുന്നു. പാപത്തിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങളും മോശമായ കൂട്ടുകെട്ടുകളും അലസമായ ജീവിതരീതിയും നമുക്ക് ഉപേക്ഷിക്കാം.

വിശുദ്ധിയും വിശ്വാസവും വിവേകവും വിനയവും ഉള്ള വിദ്യാർഥികളായി നമുക്ക് വളർന്നുവരാം. പരിശുദ്ധിയുടെ പരിമളം പരത്തുന്ന സുകൃത ജീവിതത്തിലൂടെയും ക്രൈസ്തവ ചൈതന്യം നിറഞ്ഞു കവിയുന്ന പ്രവർത്തനങ്ങളിലൂടെയും നമ്മുടെ സഹോദരങ്ങളെ നന്മയിലേക്ക് നയിക്കുവാൻ സർവ്വശക്തൻ നമ്മെ ശക്തരാക്കട്ടെ. ●

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ എം.ബി., പൂഴിക്കുന്ന്**

www.malankaralibrary.com

## സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ്
# മാർ റാഫേൽ തട്ടിൽ പിതാവിന്
## തിരുവല്ല അതിഭദ്രാസനത്തിൽ സ്വീകരണം നല്കിയപ്പോൾ (10.03.2024)



## ആദരാഞ്ജലികൾ



**ഫാ. ലാസറസ്**

**പാലനിൽക്കുന്നതിൽ ഒ.ഐ.സി.**

"ഭാഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം"

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

www.malankaralibrary.com



ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായെ പരിശുദ്ധ സിംഹാസനം ധന്യനായി പ്രഖ്യാപിച്ചു.
മാർച്ച് 14, 2024

www.malankaralibrary.com

# ഡിജിറ്റൽ ഐക്യദീപം
## വരിക്കാരാകാം




ഇനി ഐക്യദീപം ഡിജിറ്റലായി വായിക്കാം. ഡിജിറ്റൽ വായനയുടെ ഏറ്റവും നൂതന അനുഭവം ലഭിക്കുന്ന രീതിയിൽ തയ്യാറാക്കപ്പെടുന്ന ഐക്യദീപം ഡിജിറ്റൽ മാസിക ഇനി മൊബൈലിൽ ലഭ്യമാകും. ഡിജിറ്റൽ കോപ്പി ലഭ്യമാകുന്നതിന് ₹ 150/- രൂപ വരിസംഖ്യ അടച്ച് ഡിജിറ്റൽ വരിക്കാരാകുക. അടയ്ക്കുന്ന തുകയുടെ സ്ക്രീൻഷോട്ട് 9048341462/ 9495734018 ഈ നമ്പറുകളിലോ ഇമെയിലിലോ aikyadeepamtvla@gmail.com അയയ്ക്കാവുന്നതാണ്.

**Account Details**
**Union Bank Tiruvalla**
**Chief Editor, Aikyadeepam**
**Account number - 110110100023901**
**IFSC CODE - UBIN0811017**




## MATRIMONIAL - 168

തിരുവല്ലാ അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 31 വയസ്സ്, Height : 175 c.m., MBA. ദുബായിൽ ബാങ്കിൽ (Emirates enbd) ജോലി ചെയ്യുന്നു. നഴ്സുമാർക്ക് മുൻഗണന. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 9847590565, 8891192704

## MATRIMONIAL - 169

തിരുവല്ലാ അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ്, Height : 180 c.m., Weight : 80kg, BSc with TTC. എയ്ഡഡ് സ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. ഗവൺമെന്റ് ജോലി ഉള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 8157809956

## MATRIMONIAL - 170

തിരുവല്ലാ അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 27 വയസ്സ്, (BHM), ഇപ്പോൾ Cochin Marriot 5 star Hotel ൽ front office executive ആയി ജോലി ചെയ്യുന്നു. അനുയോജ്യരായ ജോലിയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 8891959226, 9461457074

www.malankaralibrary.com

# ആചാര്യ സ്മരണ

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യനേകുക പുണ്യം നാഥാ സ്തോത്രം


**MARCH**




Fr. George Manapurath
11 March 2017



Fr. Jacob Thykattil
13 March 1978




Fr. Thomas Varikanikuzhy
13 March 1990



Fr. Mathew Perumpallil
14 March 2000



Fr. Varghese Kilichimala
17 March 2002



Fr. George Thykadavil
20 March 1975



Fr. Geevarghese Thombra
27 March 1986

## അഞ്ചാം ചരമവാർഷികം

09 മാർച്ച് 2024

"ശരണത്താലെ
നിൻ കൃപയിൽ
മരണമടഞ്ഞോരു
ദാസരെ നിൻ
ജീവസ്വരമതു
–ണർത്തണമേ
കബറീന്നും
പറുദീസായ്ക്കായ്"



**മറിയാമ്മ മാത്യു (മേഴ്സി)**
**പഴൂർ– കാരുണ്യദീപം**
(1953 – 2019)

പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ

## മൂന്നാം ചരമവാർഷികം

20.03.2024



"ശരണത്താലെ
നിൻ കൃപയിൽ
മരണമടഞ്ഞോരു
ദാസരെ നിൻ
ജീവസ്വരമതു
–ണർത്തണമേ
കബറീന്നും
പറുദീസായ്ക്കായ്"

**സി. എ. ജോർജുകുട്ടി**
**ചക്കാലക്കുഴിയിൽ**
**ഒന്നാം മൈൽ, കുമളി**

പ്രാർത്ഥനയോടെ
ഭാര്യ, മക്കൾ, കൊച്ചുമക്കൾ

www.malankaralibrary.com

മല്പാനോട് ചോദിക്കാം 20

"നാഥാ നിൻ മുൻ, ഏറ്റിയൊരീ ധൂപം,
സ്വീകൃതമാകണമെ,
അഹറോൻ മശ്കൻ സബിനായിൽ,
കാട്ടിയ ധൂപസുഗന്ധത്താൽ......"
(സ്ളീബാക്കാലം, പ്രഭാതപ്രാർത്ഥന,
കോലോ, ഒന്നാം ഖണ്ഡിക)

ഫാ. ഡോ. രാജു പറക്കോട്ട്

# അഹറോൻ മശ്കൻ സബിനായിൽ

എന്താണ് മശ്കൻ സബിന (മശ്കൻ സബ്നൊ)? മശ്കൻ (മശ്ക്നൊ) എന്ന സുറിയാനി പദത്തിന്റെ അർത്ഥം കൂടാരം (tent, tabernacle) എന്നും സബ്നൊ എന്ന സുറിയാനി പദത്തിന്റെ അർത്ഥം സമയം (time) എന്നുമാണ്. ഈ രണ്ടു പദങ്ങൾ ഒന്നിച്ചു ചേർന്ന സംയുക്ത പദമായ മശ്കൻ സബ്നൊയുടെ അർത്ഥം നിഘണ്ടുവിൽ നല്കിയിരിക്കുന്നത് tabernacle, temporary stay, sojourn എന്നെല്ലാമാണ്.

എന്നാൽ പ്ശീത്ത ബൈബിളിന്റെ ഇംഗ്ളീഷ് വിവർത്തനത്തിലും (Edward M. Cook), മലയാളം വിവർത്തനത്തിലും (കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ), പി. ഒ. സി. ബൈബിളിലും മശ്കൻ സബിനാ എന്ന പദം (tent of meeting) സമാഗമകൂടാരം എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ പ്രാർത്ഥനാപുസ്തകത്തിൽ മശ്കൻ സബിനാ എന്ന പദത്തിന് അടിക്കുറിപ്പായി താൽക്കാലിക കൂടാരം എന്നാണ് നല്കിയിരിക്കുന്നത്.

മശ്കൻ സബ്നൊ എന്താണെന്ന് പുറപ്പാട് നാല്പതാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. "കർത്താവു മോശയോട് അരുളിച്ചെയ്തു. ഒന്നാം മാസത്തിന്റെ ഒന്നാം ദിവസം നീ സമാഗമ കൂടാരം (മശ്കൻ സബ്നൊ) നിർമ്മിക്കണം. സാക്ഷ്യപേടകം അതിനുള്ളിൽ പ്രതിഷ്ഠിച്ച് തിരശ്ശീല കൊണ്ട് മറയ്ക്കണം. മേശ കൊണ്ടു വന്ന് അതിന്മേൽ ക്രമപ്പെടുത്തി വയ്ക്കണം......ധൂപാർച്ചനയ്ക്കുള്ള സ്വർണ്ണപീഠം സാക്ഷ്യപേടകത്തിന്റെ മുൻപിൽ സ്ഥാപിക്കുകയും....."

അഹറോൻ സമാഗമകൂടാരത്തിൽ നിന്ന് ധൂപകലശം എടുത്ത് ജനത്തിന്റെ നടുവിലേക്കു ഓടിപ്പോയി ധൂപാർച്ചന നടത്തുന്നു. അതിനെ തുടർന്ന് മഹാമാരി നിലയ്ക്കുന്നു. സംഖ്യ പുസ്തകം പതിനാറാം അദ്ധ്യായത്തിലെ ഈ സംഭവമാണ് മേലുദ്ധരിച്ച പ്രാർത്ഥനയിൽ വിവരിച്ചിരിക്കുന്നത്.

"മോശ പറഞ്ഞതു പോലെ അഹറോൻ ധൂപകലശമെടുത്ത് ജനത്തിന്റെ നടുവിലേക്ക് ഓടി. ജനത്തെ മഹാമാരി ബാധിച്ചു കഴിഞ്ഞിരുന്നു. അവൻ ധൂപാർച്ചന നടത്തി, ജനത്തിനു വേണ്ടി പാപപരിഹാരം ചെയ്തു. അവൻ മരിച്ചു വീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ നിന്നു. മഹാമാരി നിലച്ചു." (സംഖ്യ. 16: 47-49)

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com

# എം.സി.വൈ.എം തിരുവല്ല അതിഭദ്രാസന സാരഥികൾ


ഫാ. ചെറിയാൻ
കുരിശുംമൂട്ടിൽ
ഡയറക്ടർ


സിറിയക് വി.
ജോൺ
തിരുമൂലപുരം
പ്രസിഡന്റ്


ഷെറിൻ
കാരിക്കോട്ട്
തലവടി സൗത്ത്
ജനറൽ സെക്രട്ടറി


മാത്യു ജോസഫ്
കട്ടപ്പന
ട്രഷറാർ


അഡ്വ. ജിബിൻ
കെ. ജോൺ
മുക്കട
വൈസ് പ്രസിഡന്റ്


അലീന മരിയ ജോർജ്
പാമ്പാടി
വൈസ് പ്രസിഡന്റ്


സനൽ സാം
മുണ്ടുകുഴി
സെക്രട്ടറി



നീതു മാത്യു
മുരിക്കടി
സെക്രട്ടറി


റീബ ജോൺ
പുളിക്കീഴ്
ഗ്ലോബൽ
സിൻഡിക്കേറ്റ്



ജോബിൻ ജോസ്
പുല്ലാട്
കെ.സി.വൈ.എം.
സിൻഡിക്കേറ്റ്



സി. അലീന എസ്.
ഐ.സി.
തിരുമൂലപുരം
യൂത്ത്
കോർഡിനേറ്റർ


ഷിബിമോൻ കോശി
മണ്ണിൽ
ചുങ്കപ്പാറ
ആനിമേറ്റർ


ജിജിമോൾ ജോസഫ്
പൂഴിക്കുന്ന്
ആനിമേറ്റർ

# എം.സി.സി.എൽ അതിഭദ്രാസന സാരഥികൾ


**അബിഗെയ്ൽ
അന്ന ബിജു**
പ്രസിഡന്റ്
മുക്കൂട്ടുതറ


**കെബിൻ
എം. ബിനൽ**
വൈസ് പ്രസിഡന്റ്
മണ്ണടിശ്ശാല


**അന്ന
ട്രീസ മാത്യു**
ജനറൽ സെക്രട്ടറി
ആനിക്കാട്


**എബിൻ
സജി**
ജോയിന്റ് സെക്രട്ടറി
പുല്ലാട്


**അലീന
ബോബി**
ട്രഷറാർ
കത്തീഡ്രൽ


**ഷോണാ
റോഷൻ**
എക്സിക്യൂട്ടീവ് മെമ്പർ
തെള്ളിയൂർ


**ഐനു
അന്നാ റെജി**
എക്സിക്യൂട്ടീവ് മെമ്പർ
കട്ടപ്പന


**ഫാബിയോ
ബിനു ചെറിയാൻ**
എക്സിക്യൂട്ടീവ് മെമ്പർ
ഓതറ


**ബിജിൻ
തോമസ്**
എക്സിക്യൂട്ടീവ് മെമ്പർ
മുക്കൂർ


**ലൈജു കോശി**
അതിരൂപത
ആനിമേറ്റർ
കത്തീഡ്രൽ


**സീന ഡിന്നി**
അതിരൂപത
ആനിമേറ്റർ
മാന്നാർ ഈസ്റ്റ്

www.malankaralibrary.com




മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായും
സഭയിലെ മറ്റ് മെത്രാന്മാരും 20.02.2024 ൽ കാതോലിക്കേറ്റിൽ വച്ച് നടത്തപ്പെട്ട
പരിശുദ്ധ സുന്നഹദോസിൽ പങ്കെടുത്തപ്പോൾ


www.malankaralibrary.com




ആലടി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയിൽ കുളമക്കാട്ട് വീട്ടിൽ സാംകുട്ടി മാത്യുവിന്റെയും ജെസി സാമിന്റെയും മകൾ **അനു മരിയ സാമും** റാന്നി, പൂഴിക്കുന്ന് സേക്രട് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയിൽ വാരിയത്ത് വീട്ടിൽ സൈമൺ തോമസിന്റെയും വത്സമ്മ സൈമണിന്റെയും മകൻ **ആൽവിൻ സൈമൺ തോമസും** തമ്മിലുള്ള വിവാഹം 2023 നവംബർ 20-ാം തീയതി പൂഴിക്കുന്ന് ഇടവക വികാരി ബഹു. ചാക്കോ മേലേടത്ത് അച്ചന്റെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

## പാവനസ്മരണയ്ക്ക്

4-ാം ചരമവാർഷികം
2024 മാർച്ച് 19



ദേവസ്യ മത്തായി



6-ാം ചരമവാർഷികം
2024 മാർച്ച് 6



ത്രേസ്യാമ്മ ദേവസ്യ

**വാളംപറമ്പിൽ**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

Date of Publication : 01-03--2024
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
March 2024

www.malankaralibrary.com




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil